VI. പ്രത്യേക പരാമർശം

ബില്ലുകൾക്ക് ഭേദഗതി നൽകുന്നതിന് മതിയായ സമയം അനുവദിക്കണമെന്ന ആവശ്യം

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഭേദഗതി കൊടുക്കാനുള്ള സമയം, ഇന്നലെ ഒരു ബില്ലിന്റെ കാര്യമാണ് പറഞ്ഞത്. പ്രധാനപ്പെട്ട മൂന്ന് ബില്ലുകൾ സഭയുടെ പരിഗണനയ്ക്ക് വരുന്നുണ്ട്. തിങ്കളാഴ്ച അവതരിപ്പിക്കുന്ന ഇറിഗേഷൻ ബിൽ കാര്യോപദേശക സമിതി റിപ്പോർട്ടിൽ ഉണ്ട്. സമയം കിട്ടിയില്ലെങ്കിൽ ഞങ്ങൾക്ക് ക്ലാസ് ബൈ ക്ലാസ് ഡിസ്കഷന് ഭേദഗതി കൊടുക്കാൻ അൽപ്പം പ്രയാസമാണ്. കുറച്ച് സാവകാശം കിട്ടണം. മൂന്ന് പ്രധാനപ്പെട്ട ബില്ലുകൾക്കും, പൂർണ്ണമായ തോതിലുള്ള ബില്ലുകളാണ്, ഒന്നിച്ച് ഒരേ സമയത്ത് ഭേദഗതി നൽകണമെന്നു പറഞ്ഞാൽ ഞങ്ങൾക്ക് പ്രായോഗികമായിട്ട് ബുദ്ധിമുട്ടുണ്ട്. അതിന് സാവകാശം നൽകണം.

മി. സ്പീക്കർ: ഞാൻ ചേമ്പറിൽ വരുമ്പോൾ ആരെങ്കിലും ഡിസ്കസ് ചെയ്താൽ മതി. We will adjust, we will give you time..... പക്ഷേ പറഞ്ഞ ഷെഡ്യൂൾ അനുസരിച്ച് തരണമെന്നേയുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബി. എ. സി. റിപ്പോർട്ട് ഇങ്ങനെയാക്കുന്നതിൽ ഞങ്ങൾ സഹകരിച്ചിട്ടുണ്ട്. അന്നു നമ്മൾ പരിഗണിക്കാത്ത ഒരു പ്രശ്നമാണ് ഇപ്പോൾ വന്നിരിക്കുന്നത്. 11, 12, 13 എന്നീ തീയതികളിൽ 3 ബിൽ ഒന്നിച്ചുവച്ചപ്പോൾ ബുദ്ധിമുട്ടുണ്ട്. റൂൾ 51 അനുസരിച്ച് ഒരു ദിവസം മുമ്പേ ഭേദഗതി കൊടുക്കണം. 10-ാം തീയതി തന്നെ മൂന്നു ബില്ലിനും ഒന്നിച്ചു ഭേദഗതി കൊടുക്കേണ്ടി വരും. അതു സംബന്ധിച്ച് എന്തെങ്കിലും ക്രമീകരണം ബഹുമാനപ്പെട്ട സ്പീക്കർ ചെയ്തു തരണം.

മി. സ്പീക്കർ: അതു പറഞ്ഞാൽ മതി. ബിൽ എടുക്കുന്ന ഡേറ്റിൽ മാറ്റം വരുത്താതെ അമെന്റുമെന്റിനുള്ള എന്തു കാര്യങ്ങളും നിങ്ങൾ നിർദ്ദേശിച്ചാൽ മതി. I will accept and then I will..... അതു ഡിക്ലയർ ചെയ്യാം.

VII. നിയമനിർമ്മാണകാര്യം

2003-ലെ കേരള സർവ്വകലാശാലകൾ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം (ചർച്ച തുടർച്ച)

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, സർവ്വകലാശാലകൾ വെറും പഠനകേന്ദ്രങ്ങളല്ല. സംസ്കാരത്തിന്റെ വസതികളാണ്. മാനവസൃഷ്ടി കേന്ദ്രങ്ങളാണ് അവ. മാനവനെ സൃഷ്ടിക്കുക എന്നതാണ് സർവ്വകലാശാലകൾ.....

മി. സ്പീക്കർ: ദയവു ചെയ്ത് എല്ലാ അംഗങ്ങളും 10 മിനിറ്റിനകത്ത് നിന്ന് സംസാരിക്കണം. കൂടുതൽ ആളുകൾക്ക് സംസാരിക്കണമെന്നുള്ള ഉദ്ദേശത്തോടു

LIBRARY ARCHIVES Kerala Legislative Assembly

കൂടിയാണ് ഇത് 3 ദിവസം നമ്മൾ ചർച്ചയ്ക്ക് വച്ചത്. നാളെ ഒരു മണിക്കൂർ മാത്രമാണ് അവശേഷിക്കുന്നത്. അതിൽ മന്ത്രിക്ക് മറുപടി പറയണം. അതു കഴിഞ്ഞാൽ രണ്ട് മണിക്കൂർ മറ്റ് ഡിസ്കഷനാണ്. അതുകൊണ്ട് ഇന്ന് ഇത് തീർക്കണം. ദയവു ചെയ്ത് 10 മിനിറ്റിൽ ഒതുങ്ങി നിന്ന് സബ്ജക്ടിനെപ്പറ്റി മാത്രം പറയണം. കൂടുതൽ ആളുകൾക്ക് സംസാരിക്കണം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സബ്ജക്ട് തന്നെയാണ് പറയുന്നത്.

മി. സ്പീക്കർ: സബ്ജക്ട് ആയാലും 10 മിനിറ്റിൽ പറയണം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, 2 മിനിറ്റ് അങ്ങ് എടുത്തു അത് ഒഴിവാക്കിത്തരണം.

മി. സ്പീക്കർ: അതു ഞാൻ ഒഴിവാക്കിത്തരാം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഇന്നലെ 15-ഉം 20-ഉം മിനിറ്റെടുത്തു.

മി. സ്പീക്കർ: എടുത്തു. അതുകൊണ്ടല്ലേ ഇതു പറയുന്നത്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 15 മിനിറ്റ് തരാമെന്ന് പറഞ്ഞശേഷം സംസാരിക്കേണ്ടെങ്കിൽ ഞങ്ങൾ സംസാരിക്കുന്നില്ല.

മി. സ്പീക്കർ: എന്നാണോ പറഞ്ഞതിന്റെ അർത്ഥം. Don't get irritated so easily, you are a responsible Member of the House..... yes..... Yes.....

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഇങ്ങിനെ പറഞ്ഞാൽ ഇറിറ്റേറ്റഡ് ആകുകയില്ലേ.....

മി. സ്പീക്കർ: Kutty Ahammed Kutty, don't get irritated like this, yes.....come on don't waste time.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, മാനവനെ സൃഷ്ടിക്കുക എന്നതാണ് സർവ്വകലാശാലകൾക്ക് നിർവ്വഹിക്കേണ്ട ജോലി. നമ്മൾ മനുഷ്യനെ സൃഷ്ടിക്കുകയാണോ; തത്തമ്മേ പൂച്ച പൂച്ച എന്നു പറയുന്ന ആളുകളെ സൃഷ്ടിക്കുകയാണോ ചെയ്യുന്നത്? അവരുടെ സംവേദനങ്ങൾക്ക് രൂപം നൽകുകയും അവരുടെ ലക്ഷ്യങ്ങൾക്കുവേണ്ടി നാഗരികതയേയും പ്രകൃതിയേയും സമൂഹത്തേയും കുറിച്ചുള്ള അവരുടെ ധാരണകളെ പുഷ്കരമാക്കുകയാണോ ചെയ്യേണ്ടത്. ഒരു സർവ്വകലാശാലയുടെ പ്രവർത്തനത്തിൽ വരുന്ന പരമോന്നതമായ പരീക്ഷണമാണിത്. ഈ പരീക്ഷണത്തിൽ വിജയിക്കുന്നതിനനുസരിച്ചാണ് നമ്മുടെ സർവ്വകലാശാലയുടെ വിജയം. ഡോ. എസ്. രാധാകൃഷ്ണന്റെ വാക്കുകളാണിത്. നമ്മൾ ഒരു പുതിയ യൂണിവേഴ്സിറ്റി ബില്ലിന് രൂപം കൊടുക്കുമ്പോൾ വളരെ പ്രസക്തമായ വാക്കുകളാണ് ഇൻഡ്യയിലെ മുൻ പ്രസിഡന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഡോ. രാധാകൃഷ്ണന്റെ ഈ വാക്കുകൾ. നമ്മുടെ യൂണിവേഴ്സിറ്റി എന്തായിരിക്കണം, എന്തായിക്കൂടാ എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് നമുക്ക് ഉണ്ടായേ തീരൂ. സാമൂഹ്യ പരിവർത്തനത്തിനുള്ള ശക്തമായ ഉപകരണമെന്ന നിലയിൽ നമ്മുടെ ഉന്നത വിദ്യാഭ്യാസം ഇന്ന് പ്രവർത്തിക്കുന്നില്ലായെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. നമ്മുടെ ബിരുദധാരികളുടേയും ബിരുദാനന്തര ബിരുദധാരികളുടേയും ടേണോവർ ഉയർന്നു എന്നത് ശരിയാണ്. പക്ഷെ വ്യവസായ മേഖലയിൽ അവ വേണ്ടത്ര അബ്സോർബ് ചെയ്യപ്പെടുന്നില്ല. നമ്മുടെ സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളും വിപണിയിൽ വിലയില്ലാതാകുകയാണ്. നമ്മുടെ സർവ്വകലാശാലകളിൽ നടക്കുന്ന ഗവേഷണങ്ങളാകട്ടെ ഉൽപ്പാദനക്ഷമതയുള്ളതല്ല. യാതൊരു വിധത്തിലും അത് സമൂഹത്തിന് പ്രയോജനപ്പെടുന്നില്ല. സർവ്വകലാശാലകളുടെ ഇന്നത്തെ പ്രധാനപ്പെട്ട പ്രവർത്തനം പരീക്ഷകൾ നടത്തുക എന്നുള്ളതാണ്. പരീക്ഷകൾ നന്നായി നടത്താൻ കഴിയാത്ത സ്ഥിതിയാണ് ഇന്നുള്ളതെന്ന് നമുക്കെല്ലാവർക്കും അറിയാം. അക്കാഡമിക് ജീർണ്ണതയുടേയും ജഡത്വത്തിന്റെയും പ്രതീകമായി ഇന്ന് സർവ്വകലാശാലകൾ മാറിയിരിക്കുകയാണ്. സർവ്വകലാശാലകൾ ഇന്ന് സർവ്വ വൈകല്യ ശാലകളായി മാറിയിരിക്കുകയാണ്. അമിതമായ രാഷ്ട്രീയവൽക്കരണം, ഘടനാപരമായ വൈകല്യം, അനർഹമായ അധികാര കേന്ദ്രങ്ങളുടെ വളർച്ച ഇതൊക്കെയാണ് സർവ്വകലാശാലകളെ തകർക്കുന്നത്. അദ്ധ്യാപകരുടെ താൽപ്പര്യമില്ലായ്മയും വിദ്യാർത്ഥികളുടെ അച്ചടക്കരാഹിത്യവും കാര്യശേഷിയില്ലായ്മയും പൊതുവായ ലക്ഷ്യ ബോധത്തിന്റെ അഭാവവും നമ്മുടെ സർവ്വകലാശാലകളുടെ പ്രവർത്തനത്തിന് വിഘാതമായി തീരുകയാണ്. ഏറ്റവും പ്രധാനപ്പെട്ട കാരണം, ഇന്നത്തെ സ്ഥിതി പരിതാപകരമാണെന്നും അതിൽ നിന്ന് കരകയറേണ്ടത് അത്യാവശ്യമാണെന്നുമുള്ള അവബോധത്തിന്റെ അഭാവമാണ്. സർവ്വകലാശാലകൾ ഇന്ന് സമൂഹത്തിന്റെ ഭാഗമാണ്. പക്ഷെ ഇന്ന് സമൂഹം ഒരു ആൾക്കൂട്ടമായി മാറിയിരിക്കുകയാണ്. ആ ആൾക്കൂട്ടത്തിന്റെ പ്രതിനിധികളാണ് ഇന്ന് സർവ്വകലാശാലകളെ നയിക്കുന്നത്. അനാവശ്യ രാഷ്ട്രീയ വൽക്കരണം സർവ്വകലാശാലകളെ അധഃപതനത്തിലേക്ക് നയിക്കുകയാണ്. രാഷ്ട്രീയത്തിന്റെ അതിപ്രസരവും വിദ്യാഭ്യാസ സമ്പ്രദായങ്ങളുമെല്ലാം കൂഴപ്പമുണ്ടാക്കുകയാണ്. വിദ്യാഭ്യാസ സമ്പ്രദായത്തിനുതന്നെയും അപകടം വരുത്തിവയ്ക്കുകയാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ മാത്രം അത് ഒഴിവാക്കാൻ കഴിയുമോ എന്ന ചോദ്യം ഉദിക്കുന്നുണ്ട്. പക്ഷെ കക്ഷി രാഷ്ട്രീയത്തിന്റെ അതിപ്രസരം വിദ്യാഭ്യാസ മേഖലയിൽ നിന്നും നമ്മൾ ഒഴിവാക്കിയേ തീരൂ. ഇവിടെ സിൻഡിക്കേറ്റിൽ രാഷ്ട്രീയത്തിന്റെ പേരിലുള്ള മത്സരമാണ്, സിൻഡിക്കേറ്റാണ് പല സർവ്വകലാശാലാ ബോഡികളേയും നിയമിക്കുന്നത്. അപ്പോൾ തീർച്ചയായും രാഷ്ട്രീയത്തിന്റെ പേരിൽ മാത്രം തെരഞ്ഞെടുക്കപ്പെടുന്ന ബോഡികളാണ് സർവ്വകലാശാലകൾ ഭരിക്കുന്നത്. അതുപോലെ അക്കാഡമിക് മികവുള്ള ആളുകൾ സർവ്വകലാശാലകളുടെ ഭരണതലത്തിൽ വരുന്നില്ല എന്നത് ഈ സർവ്വകലാശാലകളുടെ പ്രവർത്തനത്തിന് വിഘാതമായി ഭവിക്കുകയാണ്. കേരളത്തിലെ രാഷ്ട്രീയ സംഘട്ടനങ്ങൾ പ്രത്യേകിച്ചും സർവ്വകലാശാലകൾ ഇന്ന് നടക്കുന്നത് ആശയപരമായല്ല. തെരഞ്ഞെടുക്കപ്പെട്ട സമിതികളിൽ കയറിക്കൂടാനുള്ള വ്യഗ്രതയാണ് ഈ രാഷ്ട്രീയ സംഘട്ടനങ്ങൾക്കും സംഘർഷങ്ങൾക്കും

LIBRARY ARCHIVES Kerala Legislative Assembly

കാരണം. അതുകൊണ്ടു തന്നെ അക്കാഡമിക് രംഗത്ത് പ്രാവീണ്യമുള്ള ആളുകൾ സർവ്വകലാശാലകളുടെ ഭരണസമിതികളിൽ വരുന്നില്ല. അങ്ങനെ മികവുള്ള ആളുകൾ, പ്രതിഭാശാലികളായ ആളുകൾ ഈ ഇലക്ഷനിൽ മത്സരിക്കുകയില്ല. അതുകൊണ്ടു തന്നെയാണ് ഇത്തരത്തിലുള്ള സമീപനങ്ങളൊക്കെ ഒഴിവാക്കി സർവ്വകലാശാലകൾ ഭരിക്കാൻ അക്കാഡമിക് മികവുള്ളവരേയും ഭരണരംഗത്ത് മികവ് പുലർത്തിയവരേയും നമ്മൾ ഏൽപ്പിക്കുന്നത്. അതിനുള്ള ഒരു ശ്രമമാണ് ഇവിടെ നടക്കുന്നത്. ഇവിടെ അത്തരത്തിലുള്ള ഒരു ബിൽ കൊണ്ടുവന്ന് നമ്മുടെ സർവ്വകലാശാലകളെ രക്ഷിക്കാൻ ശ്രമിക്കുകയാണ്. 1986-ൽ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ചർച്ചയ്ക്ക് പുറത്തിറക്കിയ ഒരു രേഖയുടെ ആമുഖം ഞാനിവിടെ വായിക്കുകയാണ്. "വിദ്യാഭ്യാസം ഒരു നൈരന്തര്യമാണ്, മനുഷ്യചരിത്രത്തിന്റെ പ്രഭാവംതൊട്ട് വിദ്യാഭ്യാസം വികസ്വര മാകുകയും വൈവിധ്യമാർജ്ജിക്കുകയും ജീവിതത്തിന്റെ പരമാവധി തലങ്ങളിലേക്ക് വിപുലമാക്കുകയും ചെയ്തിട്ടുണ്ട്. ഓരോ രാജ്യവും തനതായ സാമൂഹ്യവും സാംസ്കാരികവുമായ തനിമ പ്രകടിപ്പിക്കുന്നതും വിദ്യാഭ്യാസത്തെ വളർത്തിയെടുത്തിട്ടാണ്. വെല്ലുവിളികൾ നേരിടുന്നതിനും ഇതുതന്നെയാണ് മാർഗ്ഗം. കാലപ്പഴക്കം ചെന്ന പ്രക്രിയക്ക് പുതിയ ദിശാബോധം നൽകുന്ന നിമിഷം ചരിത്രത്തിൽ ഒട്ടേറെയുണ്ട്. ആ മുഹൂർത്തം ഇന്നാണ്" എന്നാണ് ആ രേഖ തുടങ്ങുന്നത്. പക്ഷെ നമ്മേ സംബന്ധിച്ചിടത്തോളം കാലപ്പഴക്കം ചെന്ന ഒരു പ്രക്രിയക്ക്, ജീർണ്ണിച്ച ഒരു പ്രക്രിയക്ക് പുതിയ ദിശാബോധം നൽകുന്ന അല്ലെങ്കിൽ ആ പ്രക്രിയയെ മാറ്റി പുതിയൊരു പാതയിലേക്ക് വിദ്യാഭ്യാസ രംഗത്തെ നയിക്കുന്ന ഒരു അസുലഭ മുഹൂർത്തമാണ് ഈ ബിൽ അവതരിപ്പിച്ച ഇന്ന്. ഈ ബില്ലിന് എതിരായി ഇവർ പാടിനടക്കുന്നുണ്ട്. എന്തൊക്കെയാണ് ഇവർ പറയുന്നത്? സർവ്വകലാശാലകളുടെ വൈവിധ്യം ഇല്ലാതാക്കുന്നു. എന്തു വൈവിധ്യമാണ് നഷ്ടപ്പെടുത്തുന്നതെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ എല്ലാ സർവ്വകലാശാലകളിലുമുള്ള നിയമങ്ങൾ, പ്രവർത്തനരീതി ഈ ബില്ലിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. മറ്റൊരു രീതിയിൽ നിന്നും വ്യത്യസ്തമായി ഏതെങ്കിലും വൈവിധ്യം ഇല്ലാതാക്കുന്ന ഒരു സമീപനവും ഈ ബില്ലിൽ ഉണ്ടായിട്ടില്ല. പിന്നെ പറയുന്ന കാര്യം ഓട്ടോണമിയാണ്. എന്താണ് ഓട്ടോണമിയുടെ അർത്ഥം? ഓട്ടോണമി എന്നാൽ ഇവിടെ കുറേക്കാലമായി തോന്ന്യാസം എന്നൊരു അർത്ഥം വന്നിട്ടുണ്ട്, പ്രത്യേകിച്ചും നമ്മുടെ യൂണിവേഴ്സിറ്റികളിൽ. യൂണിവേഴ്സിറ്റി എന്നത് സമൂഹത്തോട് പ്രതിബദ്ധതയുണ്ടാകേണ്ട ഒരു ബോഡിയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ദിശാബോധമുണ്ടാകേണ്ട ഒരു ബോഡിയാണ്. ലോകത്തുണ്ടാകുന്ന വൈജ്ഞാനിക വളർച്ചയ്ക്കൊപ്പം ഇവിടെ വളർന്നു വരുന്ന തലമുറയെ മുന്നോട്ട് കൊണ്ടുപോകേണ്ട ഒരു സ്ഥാപനമാണ്. ഇവിടെ എന്താണ് ഓട്ടോണമിയുടെ പേരിൽ ചെയ്യുന്നത്? സമൂഹത്തോടുള്ള പ്രതിബദ്ധത നഷ്ടപ്പെട്ട് ലക്കും ലഗാനുമില്ലാതെ നിരാശയുമായി ആരോടും ചോദിക്കേണ്ടതില്ലെന്നുള്ള നിലയിൽ നമ്മുടെ യൂണിവേഴ്സിറ്റിയിൽ കയറിപ്പെടുന്ന ഭരണ സമിതികൾ യൂണിവേഴ്സിറ്റിയെ മുന്നോട്ട് നയിക്കുകയാണ്. ഇവിടെ രാഷ്ട്രീയത്തിന്റെ പേരിൽ അർഹതയില്ലാത്ത ആളുകൾ കയറിക്കൂടി യൂണിവേഴ്സിറ്റികൾ തങ്ങളുടേതാക്കുകയാണ്. ഇവിടെ പ്രധാനപ്പെട്ട എതിർപ്പ് എന്താണെന്ന് ഞങ്ങൾക്ക് അറിയാം. ഇവരുടെയൊക്കെ വിചാരം തങ്ങളുടെ പിടിയിൽ നിന്നും യൂണിവേഴ്സിറ്റികൾ പോകും എന്നുള്ളതാണ്. ഈ ബില്ലിനോടുള്ള ഏക എതിർപ്പ്

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെയെങ്കിലും രാഷ്ട്രീയത്തിന്റെ പേരിൽ ഇവിടെ കയറിക്കൂടി ഈ യൂണിവേഴ്സിറ്റികൾ പാർട്ടി ലോക്കൽ ഓഫീസുകളാക്കുന്ന പ്രവണതയ്ക്ക് ഇത് അവസാനം കുറിക്കും എന്നുള്ളതാണ്. ഇവർ ഉദ്ദേശിക്കുന്ന അല്ലെങ്കിൽ ഇവർ പറയുന്ന വലിയ എതിർപ്പ് ഇത് ഗവൺമെന്റിന്റെ ഒരു ഡിപ്പാർട്ട്മെന്റാകുമെന്നാണ്. പക്ഷെ അതല്ല ഉണ്ടാകാൻ പോകുന്നത്. ഇവരുടെ പാർട്ടി ലോക്കൽ ആഫീസാക്കിക്കൊണ്ട് പല യൂണിവേഴ്സിറ്റികളും ഇവിടെ നടന്നു, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സ്ഥിതി യെക്കുറിച്ച് നമുക്കറിയാം. അതുകൊണ്ടുതന്നെയാണ് ഇവർക്ക് എതിർപ്പ്. ഇവിടെ ഉന്നത വിദ്യാഭ്യാസകേന്ദ്രത്തിന് ദിശാബോധം നൽകുന്ന ഒരു സ്ഥാപനമായി യൂണി വേഴ്സിറ്റികളെ മാറ്റാൻ പോകുകയാണ്. ഇവിടെ രാഷ്ട്രീയത്തിന്റെ പേരിൽ ആളുകൾ കയറിക്കൂടാൻ പാടില്ല. അക്കാഡമിഷ്യൻസ് യൂണിവേഴ്സിറ്റി ഭരിക്കട്ടേ, ഭരണതന്ത്രജ്ഞൻമാർ യൂണിവേഴ്സിറ്റികളിലെ ഭരണരംഗങ്ങളിൽ ഇരിക്കട്ടെ, അതാണ് ഈ ഗവൺമെന്റിന്റെ നയം. ഇവർ വിചാരിക്കുന്നതുപോലെ നോമിനേഷൻ ഉണ്ടാകുമ്പോൾ സി. എച്ച്. മുഹമ്മദ്കോയ സാഹിബിന്റെ പിൻഗാമിയായ മന്ത്രി അക്കാഡമിക് പാരമ്പര്യമുള്ളവരെ മാത്രമേ തെരഞ്ഞെടുക്കൂ. പാർട്ടിയിലെ ആശ്രിതൻമാരെ തെരഞ്ഞെടുക്കുകയില്ല, അത് ഐക്യജനാധിപത്യമുന്നണിയുടെ നയമാണ്. അത് ഇവരാണ് ചെയ്തിരുന്നത്. ഇവർ പറയുന്ന ഒരു കാര്യമുണ്ട്, നമ്മുടെ നോമിനേഷനെ പ്പറ്റിയാണ് ഇവർ പറയുന്നത്. ബംഗാളിൽ സെൽഫ് ഫിനാൻസിംഗ് കോളേജുകൾ തുടങ്ങിയതായി ഇന്ന് പത്രത്തിൽ കണ്ടു. അതുപോലെ ബംഗാളിലുള്ള ഒരു ഹെൽത്ത് യൂണിവേഴ്സിറ്റിയുടെ ബിൽ ഉണ്ട്, അതിൽ എക്സിക്യൂട്ടീവ് കൗൺസിലും ജനറൽ കൗൺസിലുമൊക്കെ നോമിനേഷനാണ്. ഇവിടെ മാത്രം നോമിനേഷൻ പാടി ല്ലെന്നാണ്. പക്ഷെ ഒരു കാര്യം ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനോട് എനിക്ക് പറയാനുള്ളത്, നമ്മൾ നോമിനേറ്റു ചെയ്യുകയാണെങ്കിൽ പ്രാപ്തരായ ആളുകൾ, അർഹരായ ആളുകളെ മാത്രമേ നോമിനേറ്റ് ചെയ്യാവൂ. കേരളത്തിന്റെ നിർഭാഗ്യത്തിന് എന്നെങ്കിലും ഇവർ അധികാരത്തിൽ കയറി വന്നാൽ ഒരിക്കലും നമ്മുടെ സമീപനം സ്വീകരിക്കുകയില്ല. അതുകൊണ്ട് അതിനും ഒരു clause ഇതിൽ ചേർക്കേണ്ടതുണ്ട്. വളരെ വ്യക്തമായ രീതിയിൽ അർഹരായ ആളുകളെ മാത്രം യൂണിവേഴ്സിറ്റികളിൽ കയറ്റിയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. വിജ്ഞാന വിസ്ഫോടനം നടന്ന ഒരു കാലഘട്ടമാണ് ഇത്. മനുഷ്യൻ വിജ്ഞാനത്തിന്റെ പുതിയ ചക്രവാളങ്ങൾ ഒന്നൊന്നായി കീഴടക്കുകയാണ്. ലോകത്ത് വൈജ്ഞാനിക രംഗത്ത് കുതിച്ചുചാട്ടം നടക്കുകയാണ്. അപ്പോൾ ഇവിടെ രാഷ്ട്രീയത്തിന്റെ അതിപ്രസരം ഇല്ലാതെ നമ്മുടെ വിദ്യാഭ്യാസ മേഖല പുതിയ കാലഘട്ടത്തിൽ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാനും വളരുന്ന തലമുറയെ ആധുനിക ലോകത്ത് പുതിയ വിജ്ഞാന ചക്രവാളങ്ങൾ തേടി മുന്നോട്ട് കൊണ്ടുപോകുന്നതിനുമുള്ള സ്ഥാപനങ്ങളാക്കി നമ്മുടെ യൂണിവേഴ്സിറ്റികളെ മാറ്റേണ്ടതുണ്ട്. അതുകൊണ്ട് അപ്പുറത്തിരിക്കുന്ന എന്റെ സുഹൃത്തുക്കളോട് വളരെ വ്യക്തമായി, വിനയത്തോടുകൂടി എനിക്ക് പറയാനുള്ളത് ഇതുമായി സഹകരിക്കുക, നമുക്ക് ഒരുമിച്ച് നിന്ന് യൂണിവേഴ്സിറ്റിയെ നന്നാക്കാം, നാളെയുടെ തലമുറയോട് നീതി പുലർത്താം. ഭാവി തലമുറയോട് നീതി പുലർത്താ നുള്ള ബാദ്ധ്യത നമുക്കൊക്കെയുണ്ടെന്നുള്ള ബോധം നിങ്ങൾക്കുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. അങ്ങ് നിർബ്ബന്ധിക്കുന്നതുകൊണ്ട് ഞാൻ എന്റെ സംസാരം അവസാനിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ യൂണിവേഴ്സിറ്റി ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് പറഞ്ഞുകൊണ്ട് ശ്രീ. പി. പി. ജോർജ്ജ് അവതരിപ്പിച്ച ഭേദഗതികളെ ഞാൻ പിൻതാങ്ങുകയാണ്. ഈ ബില്ലിന് മൂന്നു തലങ്ങളുണ്ട്. രാഷ്ട്രീയം, അക്കാഡമിക് തലം, നിയമപരം എന്നീ മൂന്നു മേഖലകളിൽ കൂടി ഈ ബില്ലിനെ സമഗ്രമായി പരിശോധിക്കേണ്ടതായിട്ടുണ്ട്. ഇവിടെ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്ന കാലത്തൊക്കെ ഇത്തരത്തിലുള്ള ഒരു നിയമം കൊണ്ടുവരാൻ വേണ്ടി പരിശ്രമിച്ചിരുന്നു. ശ്രീ. ടി. എം. ജേക്കബ് വിദ്യാഭ്യാസ വകുപ്പു മന്ത്രിയായിരുന്ന കാലത്താണ് ഇതിന് ആദ്യമായി തുടക്കം കുറിച്ചത്. അന്ന് ഒരു ഏകീകൃത സർവ്വകലാശാലാ ബിൽ സർക്കുലേറ്റ് ചെയ്തിരുന്നു. പക്ഷെ അത് പിന്നീട് വെളിച്ചം കണ്ടില്ല. ആ ഏകീകൃത സർവ്വകലാശാലാ ബിൽ കൊണ്ടുവരുവാൻ ശ്രമിച്ച ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് പിന്നീട് അധികാരത്തിൽ വരികയും ചെയ്തില്ല. പിന്നെ ഇതിനുവേണ്ടി ഒരു ശ്രമം നടത്തിയത് എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറാണ്. അദ്ദേഹം 1993-ൽ ഈ ബിൽ അവതരിപ്പിച്ച് സെലക്ട് കമ്മിറ്റിക്ക് വിട്ടു. ആ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് പിന്നീട് അധികാരത്തിൽ വരാൻ കഴിഞ്ഞില്ല.

മി. സ്പീക്കർ: 1993-ൽ സെലക്ട് കമ്മിറ്റിക്കു വിട്ടിട്ട് 1996 വരെയായിട്ടും അത് തിരിച്ച് വന്നില്ല, അതുകൊണ്ടാണ് ഇപ്പോൾ സെലക്ട് കമ്മിറ്റിക്ക് വിടുന്നതിനെ അവർ എതിർക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അതേ സമയത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആറുമാസത്തിന് മുമ്പ് സെലക്ട് കമ്മിറ്റിക്കു വിട്ട ബില്ല് ശ്രീ. ജി. സുധാകരൻ ചെയർമാനായിട്ടുള്ള കമ്മിറ്റിയുടെ സെലക്ട് കമ്മിറ്റി റിപ്പോർട്ട് ഇന്നലെ വന്നു. അന്ന് യു. ഡി. എഫ്. വിചാരിച്ചിരുന്നുവെങ്കിൽ അവരുടെ ഭരണ കാലത്തു തന്നെ ഈ ബിൽ ചർച്ച ചെയ്തു പാസ്സാക്കാൻ കഴിയുമായിരുന്നു. ഇപ്പോൾ ഈ ബിൽ വന്നതിനെ സംബന്ധിച്ചു പരിശോധിച്ചാൽ ഈ സമിതിക്ക് ഒരു പ്രത്യേകതയുണ്ട്. ഇപ്പോൾ മുഖ്യമന്ത്രി നടത്തിയിട്ടുള്ള പരസ്യ പ്രസ്താവനയെ തുടർന്നുണ്ടായ വിവാദം, ആ പ്രസ്താവനയ്ക്കുശേഷമുണ്ടായിട്ടുള്ള വിവാദം, ആ വിവാദത്തെ തുടർന്നു മുസ്ലീംലീഗുമായുണ്ടായ അഭിപ്രായ വ്യത്യാസം, അതിനെ തുടർന്ന് ലീഗ് നേതൃത്വവും മുഖ്യമന്ത്രിയും തമ്മിൽ ഉണ്ടാക്കിയ രഹസ്യധാരണ പ്രകാരമാണ് ഈ ബിൽ ഇപ്പോൾ അവതരിപ്പിക്കുന്നത്. അതാണ് എന്റെ പോയിന്റ്. ഈ ബിൽ പാസ്സാക്കപ്പെട്ടാൽ സർവ്വകലാശാലയുടെ സ്വയംഭരണാവകാശം കവർന്നെടുക്കപ്പെടും. അധികാരങ്ങൾ സർക്കാരിൽ കേന്ദ്രീകരിക്കപ്പെടും. അതിന്റെ ഭാഗമായി ഈ ബിൽ പാസ്സാകുന്നതോടുകൂടി സർവ്വകലാശാലകൾക്കു മുകളിൽ ഒരു അപ്പെക്സ് കൗൺസിൽ രൂപീകരിക്കപ്പെടും. ഈ ബിൽ പാസ്സാക്കപ്പെട്ടാൽ കോളേജുകൾക്ക് സ്വയംഭരണവും സാമ്പത്തികമായ സ്വയംഭരണവും കിട്ടുമെന്നാണ് ഒരു മേൻമയായി വിശദീകരിക്കുന്നത്. മറ്റൊരു കാര്യം അഫിലിയേറ്റിംഗ് സംവിധാനം ഈ ബിൽ പാസ്സാകുന്നതോടുകൂടി ഇല്ലാതാക്കപ്പെടും. ഇനി സംഭവിക്കാൻ പോകുന്നത് വിദ്യാഭ്യാസ മേഖലയിൽ നിന്നും സർക്കാർ പൂർണ്ണമായും പിൻവാങ്ങും. സാമൂഹ്യനീതിക്കും നിയന്ത്രണം വരാൻ

പോകുകയാണ്. അതുപോലെ ഉന്നത വിദ്യാഭ്യാസം സമ്പൂർണ്ണമായി വാണിജ്യവൽക്കരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമാണ് ഈ ബിൽ. 2003-ലെ ഗാട്ട് ഉടമ്പടി പ്രകാരം 2005 ആകുമ്പോൾ വിദ്യാഭ്യാസത്തെ വാണിജ്യപരമായി പരിഗണിക്കപ്പെടണമെന്ന് പറഞ്ഞിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ കേരളത്തിലും വിദ്യാഭ്യാസത്തെ വാണിജ്യമാക്കി മാറ്റുക എന്ന ലക്ഷ്യമാണ് ഈ ബില്ലിനകത്ത് പതിയിരിക്കുന്നത്. ഇതാണ് ഞങ്ങൾ ഇതിനെ ശക്തമായി എതിർക്കുന്നതിനുള്ള കാരണം. മറ്റൊന്ന്, ഈ നിയമം പാസ്സാക്കുന്നതോടു കൂടി സർവ്വകലാശാലകൾ ഗവൺമെന്റിന്റെ ബ്രാഞ്ച് ഓഫീസുകളായി മാറും. നമ്മുടെ സർവ്വകലാശാലകളും കോളേജുകളും രാജ്യാന്തര സർവ്വകലാശാലകളുടെ ഓഫ് ക്യാമ്പസ്സുകളുടെ കേന്ദ്രമായിട്ടു ഇതിന്റെ ഫലമായി മാറാൻ പോകുകയാണ്. വികസിത രാജ്യങ്ങളിലെല്ലാം ഉന്നത വിദ്യാഭ്യാസം കൂടുതൽ വൈവിദ്ധ്യവൽക്കരിക്കാൻ പോകുകയാണ്. വിദേശ രാജ്യങ്ങൾ, പാശ്ചാത്യ രാജ്യങ്ങൾ, വികസിത രാജ്യങ്ങൾ എന്നു വിളിക്കപ്പെടുന്ന രാജ്യങ്ങൾ അവിടെ എല്ലാം ഉന്നത വിദ്യാഭ്യാസം വൈവിദ്ധ്യവൽക്കരിക്കപ്പെടുമ്പോൾ നമ്മൾ ഉന്നത വിദ്യാഭ്യാസത്തെ ഏകീകരിച്ചു നിർജ്ജീവമാക്കാനാണ് ശ്രമിക്കുന്നത്. ഇതുകൊണ്ടാണ് ഞങ്ങൾ ഇതിനെ എതിർക്കുന്നത്. യഥാർത്ഥത്തിൽ കേരളത്തിൽ വിദേശ സർവ്വകലാശാലകൾക്കു കടന്നു വരാനുള്ള ഒരു അവസരമാണ് ഈ ബിൽ പാസ്സാകുന്നതോടുകൂടി സംഭവിക്കാൻ പോകുന്നത്. അറിവിന്റെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള ചുവപ്പു പരവതാനി വിരിച്ചു കൊടുക്കുകയാണ് ഈ ബിൽ ചെയ്യുന്നത്. സർവ്വകലാശാലകൾക്ക് വലിയൊരു സ്ഥാനമുണ്ട്. നമ്മുടെ ആധുനിക സമൂഹത്തിൽ ഏറ്റവും ഈടുറ്റ സ്ഥാപനങ്ങളുടെ മുൻപന്തിയിലാണ് സർവ്വകലാശാലകൾ. ജീവത്തായ നാഗരികതയുടേയും പൈതൃകത്തിന്റേയും ഉൽപ്പന്നമായിട്ടാണ് സർവ്വകലാശാലകൾ രൂപം കൊണ്ടത്. ഇവയെ പരിപോഷിപ്പിക്കുകയും വികസിപ്പിക്കുകയുമാണ് സമൂഹത്തിന്റെ ഉത്തരവാദിത്വം. സർവ്വകലാശാലകൾക്ക് സമൂഹത്തിൽ സവിശേഷമായ ഒരു ഇടമായിട്ടാണ്, ഒരു പ്രത്യേക സ്ഥാനമാണ് ഇതുവരെ കൊടുത്തത്. അതിന്റെ ഫലമായിട്ടാണ് ഭരണസംവിധാനം കഴിയുന്നത്ര സർവ്വകലാശാലാ ഭരണത്തിൽ നിന്നും മാറി നിൽക്കാൻ ശ്രമിച്ചിട്ടുള്ളത്. ഈ ബിൽ പാസ്സാകുന്നതോടുകൂടി ഈയൊരു സംവിധാനമാണ് അട്ടിമറിക്കപ്പെടുന്നത്. യൂണിവേഴ്സിറ്റിയുടെ ഭരണ സംവിധാനത്തിൽ നിന്നും ഗവൺമെന്റ് മാറി നിൽക്കുകയാണ് ഇത്രയും കാലം ചെയ്തത് എങ്കിൽ ഈ ബിൽ പാസ്സാകുന്നതോടുകൂടി യൂണിവേഴ്സിറ്റി ഭരണ സംവിധാനത്തിൽ പൂർണ്ണമായിട്ട് ഇടപെടാനാണ് പോകുന്നത്. ഇതാണ് ഇതിനകത്ത് പതിയിരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. ഈ ബിൽ പാസ്സാകുന്നതോടുകൂടി വരുന്ന മറ്റൊരു ആപത്ത് എന്താണ്? ഇവിടെ ഇത്രയും കാലം ഗവൺമെന്റ് കോളേജ്, അൺ എയ്ഡഡ് കോളേജ്, എയ്ഡഡ് കോളേജ്, സ്വാശ്രയ കോളേജ് ഇവയൊക്കെ വന്നു. ഈ പുതിയ ബിൽ വരുന്നതോടുകൂടി ഒരു പുതിയ സംവിധാനം വരാൻ പോകുന്നു. കമ്മ്യൂണിറ്റി കോളേജ്. ഇങ്ങനെ വിവിധ തരത്തിലുള്ള സ്വകാര്യവൽക്കരണത്തിനു വേണ്ടി വാതിലുകൾ തുറന്നു കൊടുക്കുന്ന ഒരു ബില്ലാണ് ഇത്. ഈ ബിൽ യു. ഡി. എഫ്. ചർച്ച ചെയ്തിട്ടുവന്ന ബില്ലാണോ? ആണെന്നുള്ള അഭിപ്രായം എനിക്കില്ല. ലീഗുമായിട്ടു ചർച്ച ചെയ്തിട്ടുണ്ടോ? ലീഗുമായി ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുണ്ടെന്ന് എനിക്കു തോന്നുന്നില്ല. അങ്ങനെ ചർച്ച ചെയ്തിരുന്നുവെങ്കിൽ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഇന്നലെ ചെയ്തതുപോലെ ഒരു പ്രസംഗം ഇവിടെ ചെയ്യില്ലായിരുന്നു. 1993-ലെ ശ്രീ. മുഹമ്മദ് ബഷീറിന്റെ ബില്ലിൽ നിന്നും വളരെ അകന്ന ഒരു ബില്ലാണ് ഇത്. ഇന്നു നിലനിൽക്കുന്ന യൂണിവേഴ്സിറ്റി ആക്ട്, ഈ നിയമ സഭയിൽ അതിന്റെ ബിൽ പൈലറ്റു ചെയ്തത് അങ്ങയുടെ ബഹുമാന്യനായ നേതാവ് സി. എച്ച്. മുഹമ്മദ്കോയ സാഹിബാണ്. കോഴിക്കോട് യൂണിവേഴ്സിറ്റി ആക്ടിന്റെ ഒറിജിനൽ ബിൽ ഇവിടെ പൈലറ്റു ചെയ്തത് സി. എച്ച്. മുഹമ്മദ്കോയ സാഹിബാണ്. ഇവിടെ ഇപ്പോൾ സി. എച്ച്. മുഹമ്മദ്കോയയിൽ നിന്നും ശ്രീ. മുഹമ്മദ് ബഷീറിൽ എത്തിയപ്പോൾ വന്ന മാറ്റം 1993-ൽ നമ്മൾ കണ്ടു. 1993-ൽ നിന്നും 2003-ലേക്കു ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ കൈകളിലേക്കു ഈ ബിൽ വന്നപ്പോൾ, എന്താണ് സംഭവിച്ചിരിക്കുന്നത്? ഇതു തയ്യാറാക്കിയത് ശ്രീ. നാലകത്തു സൂപ്പിയാണെങ്കിലും ഇതിവിടെ അവതരിപ്പിക്കാനുള്ള അധികാരം ലഭിച്ചിരിക്കുന്നത് ഇദ്ദേഹത്തിനാണല്ലോ. നമ്മുടെ വിദ്യാഭ്യാസ മന്ത്രിക്കുവേണ്ടി ഇവിടെ ഈ ബിൽ ആരാണ് തയ്യാറാക്കിയത്? ഈ ബിൽ തയ്യാറാക്കിയത് കേരളത്തിലെ സ്വകാര്യ കച്ചവടക്കാർക്കു വേണ്ടിയാണ്. ഇവിടെ വിദ്യാഭ്യാസ മന്ത്രിക്കു പുഷ്പഗിരി കോളേജ് മാനേജ്മെന്റ് ശ്രേഷ്ഠാചാര്യ അവാർഡു കൊടുത്തു. ഈ ബിൽ പാസ്സാകുന്നതോടു കൂടി ശ്രീ. ഉമ്മൻചാണ്ടിക്കു ദ്രോണാചാര്യാ അവാർഡു ലഭിക്കും. മുഖ്യമന്ത്രിക്കു ഭീഷ്മാചാര്യ അവാർഡും ലഭിക്കും.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ഞാൻ ജീവിതത്തിൽ ഒരിക്കലും അവാർഡുകൾ സ്വീകരിക്കില്ല എന്നു തീരുമാനിച്ചയാളാണ്. ഒരുപാടു അവാർഡുകൾ എന്നെത്തേടി വന്നിട്ടുണ്ട്. ഒന്നും വാങ്ങിയിട്ടില്ല. അതുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ അവാർഡും ഞാൻ സ്നേഹപൂർവ്വം തിരിച്ചുതരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കേരളത്തിലെ വിദ്യാഭ്യാസ കച്ചവടക്കാർ അങ്ങേക്കു ഒരു ഭീഷ്മാചാര്യ അവാർഡ് തന്ന് അങ്ങയെ ശരശയ്യയിൽ കിടത്താൻ ഉദ്ദേശിക്കുകയാണ്. അങ്ങ് ആ വലയിൽ വീഴരുതെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് കിട്ടിയ അവാർഡൊക്കെ തിരിച്ചു കൊടുക്കാൻ അങ്ങ് ഉപദേശിക്കുന്നത് നല്ലതാണ്. ഇവിടെ ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി അഭിപ്രായ സമന്വയം ഉണ്ടാക്കുന്നതിനെക്കുറിച്ചു ഇന്നലെ പറയുകയുണ്ടായി. ഞങ്ങൾക്ക് ഈ ബില്ലിനോട് അടിസ്ഥാന പരമായ സമീപനമാണുള്ളത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് അടിസ്ഥാനപരമായ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ സർവ്വകലാശാലാ നിയമത്തിൽ കാലോചിതമായ മാറ്റം വരുത്തുന്നതിൽ ഞങ്ങൾ എതിരല്ല. ഓരോ സർവ്വകലാശാലയിലും കാലോചിതമായ പരിഷ്ക്കരണം ആവശ്യമാണ്. എന്നാൽ ഏകീകൃതമായ നിയമം എന്ന ആശയത്തെ ഞങ്ങൾ ശക്തമായി എതിർക്കുകയാണ്. ഇവിടെ ഏകീകൃതമായ ഒരു നിയമത്തിന്റെ ആവശ്യമില്ല. ഓരോ യൂണിവേഴ്സിറ്റിയുടേയും നിയമം കാലോചിതമായി പരിഷ്ക്കരിക്കുകയാണ് വേണ്ടത്. ഇങ്ങനെ പരിഷ്ക്കരിക്കുന്നതിനുവേണ്ടി ഒരു അക്കാഡമിക് വിദഗ്ദ്ധ സമിതിയെ നിയമിച്ച്, ആ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണമായിരുന്നു ഇതു ചെയ്യേണ്ടത്. കേരള യൂണിവേഴ്സിറ്റി ആക്റ്റും

LIBRARY ARCHIVES Kerala Legislative Assembly

കാലിക്കറ്റ് യൂണിവേഴ്സിറ്റി ആക്റ്റും യഥാർത്ഥത്തിൽ പഴയ ആശയങ്ങളാണ്. യഥാർത്ഥത്തിൽ കേരള യൂണിവേഴ്സിറ്റി ആക്ടിന്റെ ആമുഖം വായിച്ചു നോക്കിയാൽ ട്രാവൻകൂർ യൂണിവേഴ്സിറ്റി ആക്റ്റിന്റേതു അതേപടി പകർത്തുകയാണ് ചെയ്തത്. അതുതന്നെയാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി ആക്ടിന്റെ കാര്യത്തിലും ഉണ്ടായത്. അതും അതേപടി പകർത്തുകയാണ് ചെയ്തത്. ഈ ഏകീകൃത മാതൃക എന്ന ആശയം യു. ഡി. എഫ്.-നു എവിടെ നിന്നാണു കിട്ടിയത്. എവിടെയെങ്കിലും ഇങ്ങനെയൊരു മാതൃകയുണ്ടോ? നിങ്ങൾ അതു പഠിച്ചിട്ടുണ്ടോ? ഇങ്ങനെയൊരു മാതൃകയുള്ളതു ശ്രീലങ്കയിലാണ്. 1966-ലാണ്. അവിടെ അതൊരു ആഭ്യന്തര പ്രശ്നമാവുകയും അവസാനം ആ ഗവൺമെന്റ് അത് വേണ്ടെന്നു വയ്ക്കുകയും ചെയ്തു. ഒ. ഇ. ഡി. സി. രാജ്യങ്ങൾ, നിങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട രാജ്യങ്ങളാണല്ലോ. എവിടെയെങ്കിലും ഇങ്ങനെയൊരു നിയമമുണ്ടോ? നിങ്ങൾ പഠിച്ചിട്ടുണ്ടോ? മുൻ സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ എവിടെയെങ്കിലുമുണ്ടോ; ഒരിടത്തുമില്ല. ഇപ്പോഴത്തെ സോഷ്യലിസ്റ്റ് രാജ്യങ്ങളിലും ഈ നിയമമില്ല. ഈ ആശയം നിങ്ങൾക്ക് എവിടെനിന്നു കിട്ടി എന്നുള്ളതാണ് ഇവിടെ പ്രശ്നം. സർവ്വകലാശാലാ ഭരണസമിതികൾ തെരഞ്ഞെടുപ്പിലൂടെ രൂപം കൊള്ളുന്നതിനുപകരം നിയമത്തിന്റെ അടിസ്ഥാനത്തിലാണ് രൂപം കൊള്ളാൻ പോകുന്നത്. ഇത് ഏതെങ്കിലും കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ? 1982-ലെ മാദുരിഷാ കമ്മീഷൻ റിപ്പോർട്ടിലാണ് നോമിനേഷൻ സമ്പ്രദായം മാറ്റി റൊട്ടേഷൻ അടിസ്ഥാനത്തിലുള്ള നിർദ്ദേശം വന്നത്. അതിനുശേഷം 1990-ൽ ജ്ഞാനം കമ്മിറ്റി റിപ്പോർട്ടുണ്ട്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ പുതിയ സർവ്വകലാശാലകൾ സ്ഥാപിക്കുമ്പോൾ ചില നിബന്ധനകൾ വയ്ക്കാൻ തുടങ്ങി. അതാണ് ഇവിടെ ഒരു പുതിയ പ്രസ്ഥാനമുണ്ടായത്. അങ്ങനെ യു. ജി. സി. ഈ നിബന്ധന വച്ചതിന്റെ അടിസ്ഥാനത്തിൽ കർശനമായി ഇത് നടപ്പിലാക്കുവാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായ ഘട്ടത്തിലാണ് ഇവിടെ യു. ഡി. എഫ്. ഭരിക്കുന്ന കാലത്ത് എം. ജി. യൂണിവേഴ്സിറ്റി വന്നത്. ഈ പറയുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് എം. ജി. യൂണിവേഴ്സിറ്റി ആക്ട് വന്നത്. ജ്ഞാനം കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു മോഡൽ ആക്ട് പാർലമെന്റിൽ പാസ്സാക്കണമെന്ന് പറഞ്ഞെങ്കിലും പിന്നീടത് വേണ്ടെന്ന് വച്ചു. ഒരു ഏകീകൃത യൂണിവേഴ്സിറ്റി നിയമത്തിനു വേണ്ടി ഒരു മോഡൽ ആക്ട് പാർലമെന്റിൽ ഇതുവരെ പാസ്സാക്കിയിട്ടില്ല. ഇലക്ട്രിസിറ്റി ബിൽ 2003, പാർലമെന്റിൽ പാസ്സാക്കിയിട്ടുണ്ട്. പക്ഷെ ഒരു ഏകീകൃത മോഡൽ ആക്ട് പാർലമെന്റിൽ പാസ്സാക്കിയിട്ടുണ്ടോ? ഇല്ല. മാത്രവുമല്ല ഇല്ലാത്ത ഒരു നിയമത്തിന്റെ പേരു പറഞ്ഞുകൊണ്ട് ഇങ്ങനെ ഒരു നിയമം കൊണ്ടുവരേണ്ട കാര്യമുണ്ടോ? വെസ്റ്റ് ബംഗാളിൽ വിദ്യാസാഗർ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറെ തെരഞ്ഞെടുക്കുന്നത് ചാൻസലറെന്ന് പറഞ്ഞിട്ടില്ല, അവിടത്തെ സെനറ്റിനുതന്നെ പൂർണ്ണമായ അധികാരം കൊടുത്തിരിക്കുകയാണ്. പാർലമെന്റിൽ ഇതു സംബന്ധിച്ചുള്ള ഒരു ചോദ്യം— ഏകീകൃത നിയമത്തിന്റെ ആവശ്യമുണ്ടോയെന്ന് കേരളത്തിൽ നിന്നുള്ള എം. പി. ശ്രീ. വി. വി. രാഘവൻ ചോദിച്ചു, അപ്പോൾ അവിടത്തെ പാർലമെന്റ് മന്ത്രി പറഞ്ഞത് അങ്ങനെയുള്ള ഒരു നിയമം ആവശ്യമില്ല എന്നാണ്. ഓരോ യൂണിവേഴ്സിറ്റികളും പ്രത്യേകമാണ്, ഓരോ യൂണിവേഴ്സിറ്റികളും ഓട്ടോണമസ് പദവിയോട് കൂടി നിലനിൽക്കണമെന്നാണ് പാർലമെന്റിൽ ഉത്തരം പറഞ്ഞത്. അപ്പോൾ ഈ ഏകീകൃതം

LIBRARY ARCHIVES Kerala Legislative Assembly

എന്ന ആശയം എവിടെനിന്നും വന്നുവെന്നുള്ളതാണ് അറിയേണ്ടത്. കേരളത്തിൽ നിയമിച്ചിട്ടുള്ള ഏതെങ്കിലും ഒരു കമ്മീഷൻ ഏകീകൃതത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ടോ? കേരള യൂണിവേഴ്സിറ്റി സംബന്ധിച്ചുള്ള പത്മാ രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടു വച്ചു. അതിനകത്ത് പറഞ്ഞിരിക്കുന്നത് ഇലക്ഷൻ സമ്പ്രദായം പരിമിതപ്പെടുത്തണമെന്നാണ്. എം. ജി. യൂണിവേഴ്സിറ്റി പെരുമാൾ കമ്മീഷനെ വച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി അബ്ദുൾ റഹ്മാൻ കമ്മീഷനെ വച്ചു. ആ കമ്മീഷനുകൾ എല്ലാം പറഞ്ഞത് ഇലക്ഷൻ സംവിധാനം നിലനിർത്തണമെന്നാണ്. ഈ കമ്മീഷൻ റിപ്പോർട്ടുകൾക്കെല്ലാം വിരുദ്ധമായി ഇങ്ങനെയൊരു തീരുമാനമെടുക്കാൻ സർക്കാരിനെ പ്രേരിപ്പിച്ചതെന്താണ്? ഇന്നലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കു വേണ്ടി ബിൽ അവതരിപ്പിച്ച ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ഇത് പറഞ്ഞില്ല, ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറും സമഗ്രമായ ഒരു വിശകലനത്തിന് തയ്യാറായില്ല. ജനാധിപത്യ ഭരണക്രമം പാടില്ലെന്നുള്ള വാദം എവിടെനിന്നും നിങ്ങൾക്ക് കിട്ടി. വിദ്യാഭ്യാസ വിചക്ഷണൻമാർ കമ്മീഷനായിട്ടുള്ള ഒരുപാട് കമ്മീഷൻ റിപ്പോർട്ടുകൾ ഇവിടെ വന്നിട്ടുണ്ട്. കോത്താരി കമ്മീഷൻ മുതൽ ഏറ്റവും ഒടുവിലിറങ്ങിയ ജ്ഞാനം കമ്മീഷൻ റിപ്പോർട്ടുകൾ വരെ എല്ലാ സർവ്വകലാശാലകളുടേയും സ്വയംഭരണം നിലനിർത്തണമെന്നാണ് പറഞ്ഞിരിക്കുന്നത്. അക്കാഡമിക് താത്പര്യങ്ങൾ സംരക്ഷിക്കാൻ ഇതാവശ്യമാണെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് കേരളാ യൂണിവേഴ്സിറ്റി ആക്റ്റ് സി. എച്ച്. മുഹമ്മദ് കോയ സാഹിബ് ഇവിടെ പൈലറ്റ് ചെയ്തത്. ഇതിന്റെ അടിസ്ഥാനത്തിലാണ് കാലിക്കട്ട് യൂണിവേഴ്സിറ്റി ബിൽ അദ്ദേഹം തന്നെ ഇവിടെ പൈലറ്റ് ചെയ്തത്. ഇവിടെ ജസ്റ്റീസ് എം. പി. മേനോൻ കമ്മീഷൻ റിപ്പോർട്ടുണ്ട്, ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടുണ്ട്. ഈ കമ്മീഷനുകളിലൊന്നും ഇല്ലാത്ത ഒരാശയം നിങ്ങൾ എവിടെ നിന്നും കൊണ്ടുവന്നുവെന്നാണ് ഈ സഭയ്ക്ക് അറിയുവാനുള്ളത്. ഇവിടെ ഓരോ യൂണിവേഴ്സിറ്റിക്കും ഓരോ പ്രത്യേകതയുണ്ട്. ഇവിടെ ഏഴ് വർഷം പ്രായമുള്ള കണ്ണൂർ യൂണിവേഴ്സിറ്റിയുണ്ട്. അതുപോലെ 65 വർഷം പ്രായമുള്ള കേരള യൂണിവേഴ്സിറ്റിയുണ്ട്. ഇതു രണ്ടിനേയും നിങ്ങൾ എങ്ങിനെയാണ് ഏകീകരിപ്പിക്കാൻ പോകുന്നത്. കണ്ണൂർ യൂണിവേഴ്സിറ്റിയെന്നു പറയുന്നത് മറ്റുള്ള യൂണിവേഴ്സിറ്റികളിൽ നിന്നും വ്യത്യസ്തമാണ്. ഒരു മൾട്ടി ക്യാമ്പസ് യൂണിവേഴ്സിറ്റിയാണ് . വ്യത്യസ്തമായ നിയമങ്ങളാണ് ഓരോ സ്ഥലത്തുമുള്ളത്. കാലിക്കറ്റ് യൂണിവേഴ്സിറ്റി gestation studies തന്നെയാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റി വന്നപ്പോൾ ശക്തമായ പ്രകടനം നടത്തിയവരാണ് അപ്പുറത്തിരിക്കുന്നവർ. കാലിക്കറ്റ് യൂണിവേഴ്സിറ്റി രൂപീകരിക്കുന്നതിനെതിരെ കെ. എസ്. യു. പ്രകടനം നടത്തി, യൂത്ത് കോൺഗ്രസ് പ്രകടനം നടത്തി. സി. എച്ച്. മുഹമ്മദ് കോയ സാഹിബ് അതിനെയെല്ലാം ശക്തമായി defend ചെയ്തു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പേര് മലബാർ യൂണിവേഴ്സിറ്റി എന്നാക്കണമെന്ന് പറഞ്ഞു. അപ്പോൾ അത് ആവശ്യമില്ല. വാസ്കോഡഗാമ കാലുകുത്തിയ സ്ഥലമാണ് കോഴിക്കോട്, അതുകൊണ്ട് കോഴിക്കോടിന്റെ പേരിൽ ഒരു യൂണിവേഴ്സിറ്റി വേണമെന്നാണ് അദ്ദേഹം പറഞ്ഞത്. ഈ ബില്ലിൽ എല്ലാ അധികാരങ്ങളും വിദ്യാഭ്യാസ മന്ത്രിക്ക് കൊടുക്കുന്നു. സർവ്വകലാശാലയുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ചോദിക്കുമ്പോൾ വി. സി. റിക്കാർഡുമായി വരണം. അത് പാടില്ല. ഇവിടെ ഇ. എം. എസ്. മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഒരു സംഭവമുണ്ടായി. അന്ന് സാമുവൽ മത്തായി വി. സി. ആയിരുന്ന കാലത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഇ. എം. എസിനോട് ഒരു അപ്പോയ്മെന്റ് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് നിങ്ങൾ ഇങ്ങോട്ട് വരണ്ട, ഞാൻ അങ്ങോട്ട് വരാമെന്നായിരുന്നു. അതായിരുന്നു അന്ന് സർവ്വകലാശാലകളിലെ വി. സി. മാരോട് എടുത്തിരുന്ന നിലപാട്. എന്നാൽ അതിൽ നിന്നൊക്കെ വ്യത്യസ്ഥമായി സർവ്വകലാശാലാ വി. സി. മാർ അരയിൽ മുണ്ടും കെട്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മുമ്പിൽ ഓച്ചാനിച്ചു നിൽക്കണമെന്ന് പറയുന്നതിനെ ഈ നിയമസഭയിൽ പാസ്സാക്കി കൊടുക്കുവാൻ സാധിക്കുമോ? ഇവിടെ സിൻഡിക്കേറ്റിനു പകരം ഒരു പുതിയ സംവിധാനം വരാൻ പോകുകയാണ്. എക്സിക്യൂട്ടീവ്. ഞാൻ ചോദിക്കട്ടെ ഈ എക്സിക്യൂട്ടീവ് കൗൺസിൽ മുഴുവൻ നോമിനേഷനാണ് അല്ലേ? ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ അന്ന് അവതരിപ്പിച്ച ബില്ലിൽ ഇലക്ടഡും നോമിനേഷനുമുണ്ടായിരുന്നു. നാമനിർദ്ദേശം ചെയ്യുന്നവർ ഏഴ് ആണെങ്കിൽ ഇലക്ടഡ് മെമ്പർ ആറു പേരുണ്ടായിരുന്നു. ഇപ്പോൾ ഈ ബില്ലിൽ നോമിനേറ്റഡ് മെമ്പർ ഇല്ല. ഈ നിയമസഭയിലെ മെമ്പർമാരെ ഉൾപ്പെടുത്തിയോ? നിയമസഭയിലെ മെമ്പർമാർക്ക് സിൻഡിക്കേറ്റിൽ പ്രാതിനിധ്യമുണ്ടായിരുന്നു. ആ പ്രാതിനിധ്യം എടുത്തു കളയുന്ന ഒരു ബില്ലാണ് ഇത്. ഞാൻ ചോദിക്കട്ടെ രാഷ്ട്രീയക്കാരനായ വിദ്യാഭ്യാസ വകുപ്പു മന്ത്രി നോമിനേറ്റ് ചെയ്യുന്ന മെമ്പർമാർ രാഷ്ട്രീയവിമുക്തമായിരിക്കുമെന്ന് ആർക്കാണ് വിശ്വസിക്കാൻ കഴിയുന്നത്. ഇത് പരിശോധിക്കുകയാണെങ്കിൽ ഒരു വിദ്യാഭ്യാസമന്ത്രിയായി വരേണ്ട ആൾ രാഷ്ട്രീയമില്ലാത്ത ആൾ ആയിരിക്കണം. അപ്പോൾ അത് അംഗീകരിക്കുന്നുണ്ടോ? വിദ്യാഭ്യാസ വകുപ്പുമന്ത്രി രാഷ്ട്രീയക്കാരൻ ആയിരിക്കും. അത് അംഗീകരിക്കുന്നുണ്ടോ. എല്ലാ കാലത്തും ഇന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരിക്കുകയില്ല ആ കസേരയിൽ ഇരിക്കുന്നത്. ഇന്ന് ഒരാൾ നാളെ മറ്റൊരാൾ. അങ്ങനെ വരുമ്പോൾ രാഷ്ട്രീയക്കാരനായ ഒരാൾ നോമിനേറ്റ് ചെയ്യുന്ന കൗൺസിൽ രാഷ്ട്രീയ വിമുക്തമായിരിക്കുമെന്നാണ് ഇവിടെ യു. ഡി. എഫ്. വാദിക്കുന്നത്. ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഉണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ ചോദിച്ചു. അതുകൊണ്ട് എനിക്ക് നിർദ്ദേശിക്കുവാനുള്ളത് നോമിനേറ്റ് ചെയ്യുവാനുള്ള അധികാരം നോമിനേഷൻ ചെയ്യപ്പെടുന്ന അംഗങ്ങൾക്കു മാത്രം പോരാ ഇലക്റ്റഡ് മെമ്പർമാരോട് കൂടിയുള്ള ഒരു ജനറൽ കൗൺസിലായിരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ബേസിക്കായിട്ടുള്ള ഒരു കാര്യം പ്രതിപക്ഷ ഉപനേതാവിനോട് ചോദിച്ചിരുന്നു. അതായത് നോമിനേഷൻ രാഷ്ടീയ വിമുക്തമാക്കാൻ എന്തെങ്കിലുമൊരു സംവിധാനം, സ്ക്രീനിംഗോ മറ്റ് പല മാനദണ്ഡങ്ങളോ ഉണ്ടല്ലോ, പല ഓപ്ഷൻസുണ്ടല്ലോ അങ്ങനെയുള്ള ഒരു വിഷയം ചർച്ച ചെയ്യാൻ പ്രതിപക്ഷം തയ്യാറാണോയെന്ന് ഇന്നലെ ഞാൻ ചോദിച്ചിരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത് പ്രസക്തമായ ഒരു വിഷയമാണ്. എനിക്കുള്ള ഒരാശയം ഇത്തരത്തിൽ ഗവൺമെന്റ് നോമിനേഷൻ എന്നുള്ള ഒരു സമ്പ്രദായം മാറ്റണം. ഹൈക്കോടതിയിലെ ചീഫ് ജസ്റ്റീസ്, കേരള ഗവർണ്ണർ, മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ് ഇങ്ങനെ നാലുപേരുള്ള ഒരു കമ്മിറ്റി സ്ക്രീൻ ചെയ്ത് ആളെ എടുക്കട്ടെ. അതിനുവേണ്ടി ഗവൺമെന്റിന് ഒരു പാനൽ വേണമെങ്കിൽ സമർപ്പിക്കാം. അത്തരത്തിലുള്ള ഒരു കമ്മിറ്റി സ്ക്രീൻ ചെയ്യാൻ തയ്യാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സംവിധാനങ്ങൾ എന്താണെന്നുള്ളതിനെക്കുറിച്ച് നമുക്ക് ആലോചിക്കാം. പക്ഷെ consensus ഉള്ള ഒരു exercise-ന് opposition തയ്യാറാകുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഒന്നാമതായി നമ്മൾ ഏകീകൃതം എന്നുള്ളതിനെയാണ് എതിർക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി]

ശ്രീ. എ. എൻ. രാജൻ ബാബു: ഇതിൽ High academic qualification ഉള്ളവരെ ഉൾപ്പെടുത്തിക്കൊണ്ട് സ്ഥിരം അക്കാഡമിക് കമ്മീഷനെ നിയമിക്കുന്നതിനും ആ കമ്മീഷനിലേയ്ക്ക് നിയമനം നടത്തുന്നതിനെക്കുറിച്ചും അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത്തരം സജഷനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. ഗവൺമെന്റുതന്നെ നോമിനേറ്റ് ചെയ്യപ്പെടുന്ന ഒരു സിസ്റ്റം വരുമ്പോൾ അത് ഒരിക്കലും നിങ്ങൾ ഉദ്ദേശിക്കുന്ന തരത്തിലുള്ള ഒരു ശ്രമമായി മാറുകയില്ല.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) ഗവർണ്ണറാണ് നമുടെ ചാൻസിലർ, മുഖ്യമന്ത്രി ഗവൺമെന്റിന്റെ തലവൻ. ഗവൺമെന്റു തന്നെ ഇതിന്റെ അക്കാഡമിക് സ്വാതന്ത്ര്യത്തിൽ കൈകടത്തുന്നുവെന്ന് പറഞ്ഞുവരുന്ന അങ്ങ് ഇതിൽ രാഷ്ട്രീയത്തിനധീതമായി ഒരാളെ നിയമിക്കുന്നതിന് ഹൈക്കോടതിയിലെ ചീഫ് ജസ്റ്റീസ് വരണമെന്ന് പറയുന്നു. എക്സിക്യൂട്ടീവിനകത്ത് ജുഡീഷ്യറിയെക്കൂടി കൊണ്ടുവന്ന് അക്കാഡമിക് സ്വാതന്ത്ര്യം തകർക്കുന്ന ഒരു നിർദ്ദേശമല്ലേ അങ്ങ് പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇതിലൊരു ജുഡീഷ്യൽ രീതി വേണമെന്ന് ഇന്നലെ ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ പറഞ്ഞു. അങ്ങനെയാണെങ്കിൽ നിങ്ങൾ അത്തരത്തിലൊരു സ്ഥാപനത്തിനല്ലേ ഇത് വിട്ടു കൊടുക്കേണ്ടത്? തെരഞ്ഞടുക്കാനുള്ള അവകാശവും ഗവൺമെന്റിൽ തന്നെ നിക്ഷിപ്തമാകുന്ന സ്ഥിതി വന്നാൽ ഒരു തരത്തിലും നിങ്ങളുടെ ഉദ്ദേശം നടക്കാൻ പോകുന്നില്ല. മാത്രമല്ല ഞങ്ങൾക്കുള്ള അഭിപ്രായം, നോമിനേറ്റഡ് മെമ്പർമാർ മാത്രം പോരാ. 1993-ൽ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ ബില്ലിൽ നിർദ്ദേശിക്കുന്നത് പോലെ ഇലക്ടഡ് മെമ്പർമാർ കൂടിയുള്ള ഒരു സമിതി ആയിരിക്കണം. മറ്റൊരു കാര്യം, വ്യവസായികളെ ഉൾപ്പെടുത്താനുള്ള ഒരു വകുപ്പ് ഈ ബില്ലിനകത്ത് ചേർത്തിട്ടുണ്ട്. വ്യവസായികളായിട്ട് ആരാണ് വരികയെന്നുള്ള കാര്യം നമുക്ക് അറിയാമല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ഇന്ന് എല്ലാപേർക്കും നിശ്ചിത സമയം അനുവദിക്കപ്പെട്ടിട്ടുണ്ട്. അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം. ഇനി അടുത്ത അവസരത്തിൽ അങ്ങേക്ക് സംസാരിക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇതിനകത്തുള്ള പ്രധാന പ്രശ്നം ഇലക്ടഡ് എന്നുള്ള സിസ്റ്റം, ഒരു സെറ്റ് ഇലക്റ്റഡ് മെമ്പർമാരെ ഇല്ലാതാക്കുന്നതു മാറ്റി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ കൊണ്ടുവന്ന ബില്ലിനകത്ത് ഉള്ളതുപോലെ ഇലക്റ്റഡ് മെമ്പേഴ്സ് എന്നുള്ളതു വേണം. അത് ഓരോ സർവ്വകലാശാലകൾക്കും പ്രത്യേകം പ്രത്യേകം രീതിയിലുള്ളതുവേണം. അതാണ് നിർദ്ദേശം. മറ്റൊന്ന്, എക്സിക്യൂട്ടീവ് ജനറൽ കൗൺസിലിൽ എം. എൽ. എ. മാരുടെ പ്രാതിനിധ്യം ഇല്ലാതാക്കി, അധ്യാപക പ്രാതിനിധ്യം കുറച്ചു, വിദ്യാർത്ഥി പ്രാതിനിധ്യം ഇല്ല. അപ്പുറത്ത് കെ. എസ്. യു. പ്രസിഡന്റുമാരായിരുന്ന 12 ആളുകളുണ്ട്. സെനറ്റിൽ വിദ്യാർത്ഥി പ്രതിനിധിയായിട്ട് ആദ്യം വന്ന ശ്രീ. എം. എം. ഹസ്സൻ ഇവിടെ മന്ത്രി ആയിരിക്കുമ്പോഴാണ് സെനറ്റിൽ ഈ പ്രാതിനിധ്യം ഇല്ലാതാക്കിയത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ബില്ലിനകത്തു നിന്നുകൊണ്ട് നോമിനേഷന്റെ കാര്യങ്ങളും മറ്റ് ജനാധിപത്യപരമായ കാര്യങ്ങളുമൊക്കെ പറഞ്ഞല്ലോ. ഗവർണറുടെ അധികാരത്തെക്കുറിച്ച് ബഹുമാനപ്പെട്ട എം. എം. ഹസ്സൻ ഇവിടെ സൂചിപ്പിച്ചു. നിങ്ങൾ ക്യാബിനറ്റ് കൂടി തീരുമാനിച്ച് കാർഷിക സർവ്വകലാശാലയിൽ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയുടെയും ശ്രീ. ജോണി നെല്ലൂരിന്റേയും പേരുകളാണ് നോമിനേറ്റ് ചെയ്യാൻ ഗവർണർക്ക് അയച്ചത്. ഈ രണ്ടു പേരുകളും വെട്ടി രണ്ട് ബി. ജെ. പി. നേതാക്കളുടെ പേര് ഉൾപ്പെടുത്തി കാർഷിക സർവ്വകലാശാലയ്ക്ക് അയച്ചത് ബഹുമാനപ്പെട്ട കോടിയേരിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ചാൻസിലറായി വരുന്ന ഗവർണർമാർ ഇങ്ങനെ പലതും ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. സെനറ്റിനകത്ത് എം. എൽ. എ. മാരുടെ പ്രാതിനിധ്യം ഇല്ലാതാക്കി. എം. എൽ. എ. മാരുടെ പ്രാതിനിധ്യം ഇതിലൊന്നും പാടില്ലായെന്ന വികാരം ഗവൺമെന്റിന് എന്തുകൊണ്ട് ഉണ്ടായി? വിദ്യാർത്ഥി പ്രാതിനിധ്യം ഇല്ലാതാക്കി. സെനറ്റ് വെറും ഉപദേശക സമിതിയാക്കി മാറ്റി. 1993-ലെ ബില്ലിനകത്ത് ഉണ്ടായിരുന്ന 5(2)-ാം വകുപ്പ് ഈ ബില്ലിൽ വേണം. അങ്ങ് സമയം അനുവദിക്കാത്തുകൊണ്ട് ഞാൻ അത് കാട്ട് ചെയ്യുന്നില്ല. 1993-ലെ 5(2)-ാം വകുപ്പ് പ്രകാരം എയ്ഡഡ് കോളേജ് അദ്ധ്യാപക നിയമനത്തിൽ പിന്നോക്ക സമുദായങ്ങളിൽപ്പെട്ട ആളുകൾക്ക് സംവരണം കൊടുക്കുന്നുണ്ട്. യഥാർത്ഥത്തിൽ അന്ന് ആ ബിൽ കൊണ്ടുവന്നപ്പോൾ ആ വകുപ്പിനെ നമ്മൾ അനുകൂലിച്ചിരുന്നു. ആ വകുപ്പ് ഇപ്പോൾ എഴുതിചേർക്കാൻ നിങ്ങൾക്ക് സാധിക്കുമോ? 1993-ൽ നിന്ന് 2003-ലേയ്ക്ക് എത്തുമ്പോൾ, അന്നത്തെ ഇ. ടി. മുഹമ്മദ്ബഷീർ ഇന്നത്തെ നാലകത്ത് സൂപ്പിയിലോട്ട് എത്തുമ്പോൾ ഉണ്ടായ ഈ മാറ്റത്തിന് കാരണമെന്താണ്? അങ്ങ് സംവരണ കമ്മിറ്റിയുടെ ആളാണല്ലോ. പിന്നോക്ക സമുദായ കമ്മീഷന്റെ ആളുമാണ്. അങ്ങനെ വരുമ്പോൾ ഈ പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ് എന്തുകൊണ്ട് എഴുതിച്ചേർക്കുന്നില്ല. നരേന്ദ്രൻ കമ്മീഷനുവേണ്ടി അങ്ങ് ശക്തമായി വാദിക്കുകയാണല്ലോ. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം ഇവിടെ പിന്നോക്ക സമുദായങ്ങൾക്ക് അർഹമായിട്ടുള്ളത് നിയമപ്രകാരം കിട്ടിയിട്ടില്ല. ഇവിടെ ഗവൺമെന്റ് ട്രഷറിയിൽ നിന്നാണ് ശമ്പളം കൊടുക്കുന്നത്. ഗവൺമെന്റ് ട്രഷറിയിൽ നിന്ന് ശമ്പളം വാങ്ങിക്കുമ്പോൾ അദ്ധ്യാപക നിയമനത്തിൽ എന്തുകൊണ്ട് സംവരണ തത്വം പാലിച്ചു കൂടാ? ആ വകുപ്പ് ചേർക്കുകയാണെങ്കിൽ പൂർണ്ണമായ പിന്തുണ തരാം. ഞങ്ങളുടെ എതിർപ്പ് കൊണ്ടല്ലല്ലോ. പിന്നോക്ക സമുദായത്തിന്റെ സംവരണം സംബന്ധിച്ച് അഭിപ്രായ സമന്വയം ഉണ്ടാകേണ്ടത് ആ വകുപ്പിൽ നിന്നാണ്. പ്രൈവറ്റ് കോളേജുകളിൽ ഷെഡ്യൂൾഡ് കാസ്റ്റിൽപ്പെട്ട ഒറ്റ ആളുണ്ടോ? ഷെഡ്യൂൾഡ് ട്രൈബിൽപ്പെട്ട ആളുണ്ടോ? എയിഡഡ് സ്കൂളിൽ ഉണ്ടോ? സംവരണം കൊടുക്കാതെ വന്നാൽ ഉണ്ടാകാൻ പോകുന്ന പ്രയാസമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിൽ സംവരണ തത്വം പാലിക്കണം. അതുപോലെ എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക നിയമനം നടത്തുന്നതിൽ മാറ്റം ഉണ്ടാകണം. മാനേജ്മെന്റ് അവർക്ക് ഇഷ്ടമുള്ളതുപോലെ കോഴ വാങ്ങിയെടുക്കുന്ന സമ്പ്രദായം മാറ്റി പി. എസ്. സി. മോഡലിലുള്ള ഒരു റിക്രൂട്ട്മെന്റ് ഏജൻസിയെ നിയമിച്ച് സംവരണ തത്വം പാലിച്ചുകൊണ്ട് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നടത്തണം. അതുപോലെ അൺ എയ്ഡഡ് കോളേജിനെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. മാനേജ്മെന്റിനെ വിറപ്പിക്കുമെന്നൊക്കെയാണ് പറയുന്നത്. ആരും വിറപ്പിക്കാൻ പോകുന്നില്ല. ഇതു പ്രകാരം സുപ്രീം കോടതി വിധിയെ മറികടന്ന് അൺ എയ്ഡഡ് കോളേജുകൾക്ക് ഡൊണേഷൻ വാങ്ങാമെന്ന് എഴുതി വച്ചിരിക്കുകയാണ്. മറ്റൊരു തരത്തിൽ ക്യാപ്പിറ്റേഷൻ ഫീസ് കൊണ്ടു വരാൻ നിയമപരമായി അനുവാദം കൊടുക്കലാണ് ഡൊണേഷൻ വാങ്ങുന്നതു സംബന്ധിച്ച് ഉണ്ടാകാൻ പോകുന്നത്. അതു കൊടുക്കാൻ പാടില്ല. അതാണ് നിയമത്തിലെ പ്രധാനപ്പെട്ട പ്രശ്നം. അതു പോലെ സ്വകാര്യ സ്ഥാപനങ്ങൾക്ക് സ്വയംഭരണ കോളേജുകൾ കൊടുത്താൽ വലിയ അപകടമുണ്ടാകും. അതുകൊണ്ട് ആ ആശയം സ്വകാര്യ മേഖലയിലേക്ക് വ്യാപിപ്പിക്കാൻ പാടില്ല. കേരളത്തിലെ സാമൂഹിക പാശ്ചാത്തലം കണക്കിലെടുത്താൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകും. ഡിഗ്രിയും മറ്റുമൊക്കെ അവർതന്നെ കൊടുക്കാൻ തുടങ്ങിയാൽ ഉണ്ടാകാൻ പോകുന്ന അപകടത്തെ സംബന്ധിച്ച് പരിശോധിക്കേണ്ടതാണ്. ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ സംബന്ധിച്ച് രണ്ടു വാക്ക് പറയാൻ ആഗ്രഹിക്കുകയാണ്. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന വിദ്യാഭ്യാസ വിചക്ഷണരെയാണ് ഇന്ന് വൈസ് ചെയർമാനായി വച്ചിരിക്കുന്നത്. ഈ കമ്മിറ്റിയിൽ ചാൻസിലർ നിയമപ്രകാരം നിയമിക്കുന്ന വൈസ് ചാൻസിലർമാരെല്ലാം ഇതിൽ അംഗങ്ങളാണ്. അങ്ങനെയുള്ള ചാൻസിലർ നിയമിക്കുന്ന വൈസ് ചാൻസിലർമാർ അംഗങ്ങളായിട്ടുള്ള ഈ കമ്മിറ്റിയുടെ വി. സി. മാർ ഗവൺമെന്റ് നിശ്ചയിക്കുന്ന ആളാണ്. അതിന്റെ രൂപം എങ്ങനെ വരും. സെക്രട്ടറിയായിട്ട് വച്ചിരിക്കുന്നത് ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയെയാണ്. അങ്ങനെ വരുമ്പോൾ ഇത് ഗവൺമെന്റിന്റെ മറ്റൊരു ഡിപ്പാർട്ടുമെന്റാകും. അപ്പോൾ സെക്രട്ടറി സ്ഥാനത്തേയ്ക്ക് സെക്രട്ടറിയല്ലാതെ വിദ്യാഭ്യാസ വിദഗ്ദ്ധരായിട്ടുള്ള ഒരു അക്കാഡമിക് ആന്റ് അഡ്മിനിസ്ട്രേറ്റീവ് യോഗ്യതയുള്ള ആളെയായിരിക്കണം നിയമിക്കേണ്ടത്. അൺ എയിഡഡ് കോളേജിൽ വാങ്ങിക്കുന്ന ഫീസിന് യാതൊരു മാനദണ്ഡവുമില്ലല്ലോ.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

LIBRARY ARCHIVES Kerala Legislative Assembly

ഇതിനകത്ത് ദുരുദ്ദേശ്യമില്ലായെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. അത് ഞാൻ അംഗീകരിക്കുന്നു. ദുരുദ്ദേശ്യത്തോടുകൂടിയല്ലാ ഇത് കൊണ്ടുവന്നതെങ്കിൽ ഈ ബിൽ പാസ്സാക്കുന്നതോടുകൂടി നിലവിലുള്ള എല്ലാ വൈസ്ചാൻസിലർമാരും പ്രോ വൈസ് ചാൻസിലർമാരും ആ സ്ഥാനത്തു നിന്ന് പോകും. യഥാർത്ഥത്തിൽ ഇപ്പോഴുള്ള ചാൻസിലർമാരുടേയും വൈസ് ചാൻസിലർമാരുടേയും കാലാവധി വളരെ കുറച്ചേയുള്ളൂ. അടുത്ത വർഷം, മേയ്, നവംബർ മാസങ്ങളിൽ കാലാവധി തീരുകയാണ്. സദുദ്ദേശ്യത്തോടുകൂടി കൊണ്ടു വന്നതാണെങ്കിൽ ഈ ബില്ലിന്റെ വകുപ്പിൽ ചേർക്കണ്ട. നിലവിൽ വരുന്ന കാലാവധി വരെ അവർ തുടരട്ടെ എന്നുള്ള വ്യവസ്ഥ കൂടി വച്ചുകൂടെ?

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യണം. സഹകരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിയമമായതുകൊണ്ട് പ്രസക്തമയ കാര്യമാണ് ഞാൻ സംസാരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ അഭിപ്രായ സമന്വയത്തെക്കുറിച്ച് പറഞ്ഞു. ഇതിൽ എന്തുകൊണ്ട് നിങ്ങൾക്ക് അഭിപ്രായ സമന്വയം ഉണ്ടാക്കിക്കൂടാ? ഇതിൽ ദുരുദ്ദേശ്യമുണ്ട്. അതുപോലെ അൺഎയ്ഡഡ് കോളേജിനെ സംബന്ധിച്ച് നിയമം കൊണ്ടുവരുമെന്ന് ഗവൺമെന്റ് പറഞ്ഞു. ഇതിനകത്ത് ഒരു വകുപ്പ് ചേർത്തിട്ടുണ്ട്. 80-ാം വകുപ്പ്. അത് ദുർബ്ബലമായ ഒര വകുപ്പാണ്. 80-ാം വകുപ്പുകൊണ്ട് നമുക്ക് ഒരു പ്രശ്ന പരിഹാരം ഉണ്ടാക്കാൻ കഴിയുകയില്ല. അതു കൊണ്ട് മുഖ്യമന്ത്രി ഇവിടെ പ്രഖ്യാപിച്ചതുപോലെ രണ്ട് സ്വാശ്രയകോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്ന് അംഗീകരിക്കത്തക്ക വിധത്തിലുള്ള ഒരു വകുപ്പ് ഇതിൽ വേണം. സർക്കാർ കോളേജിൽ വാങ്ങുന്ന അതേ ഫീസു മാത്രം വാങ്ങിക്കൊണ്ട് 50% വിദ്യാർത്ഥികൾക്ക് പ്രവേശനം കിട്ടത്തക്ക വിധത്തിൽ ഒരു വകുപ്പ് മോഡിഫൈ ചെയ്യണം. അങ്ങനെയല്ലെങ്കിൽ ഈ വകുപ്പു കൊണ്ട് ഒരു കാര്യവും ഉണ്ടാകാൻ പോകുന്നില്ല. ഇത്തരത്തിൽ ഒരു മാറ്റം വരണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊന്ന് ഇവിടെ അൺ എയിഡഡ് കോളേജുകളിൽ വാങ്ങുന്ന ഫീസ് എത്രയെന്ന് അറിയാമോ? ബി. എ. യ്ക്ക് നിശ്ചയിച്ചിരിക്കുന്നത് 4,000 രൂപ, ബി. എസ്സി.-ക്ക് 5,000 രൂപ, അപ്ലൈഡ് സയൻസിന് 7,500 രൂപ ഇതൊക്കെ ആർക്കാണ് കൊടുക്കാൻ സാധിക്കുന്നത്? പണമുള്ളവർക്ക് മാത്രം വിദ്യാഭ്യാസം കൊടുക്കത്തക്ക വിധത്തിലുള്ള ഒരു സംവിധാനമാണ് ഇതിനകത്ത് കൊണ്ടുവരാൻ വേണ്ടി ഉദ്ദേശിക്കുന്നത്. അതു കൊണ്ട് ഇതിനുമുമ്പുള്ള എല്ലാ നിയമങ്ങളും ദുർബ്ബലമാക്കിക്കൊണ്ട് ഏകീകൃതമെന്ന പേരിൽ അടിച്ചേൽപ്പിക്കാൻ പോകുന്ന ഈ നിയമം പ്രാവർത്തികമാക്കുന്നതോടുകൂടി നമ്മുടെ വിദ്യാർത്ഥി പ്രസ്ഥാനവും അദ്ധ്യാപക പ്രസ്ഥാനവും ഇതിനുമുമ്പ് നടത്തിയിട്ടുള്ള എല്ലാ പോരാട്ടങ്ങളും ദുർബ്ബലമാക്കുന്ന വിധത്തിലുള്ള ഒരു ബില്ലായിരിക്കും ഇത്. ബഹുമാനപ്പെട്ട എ. കെ ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോൾ ഇങ്ങനെയൊരു ബിൽ അങ്ങ് കൊണ്ടുവരുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല. വിദ്യാർത്ഥി നേതാവായി വളർന്നു വന്ന് രാഷ്ട്രീയത്തിൽ ശോഭിച്ച കേരളത്തിന്റെ മുഖ്യമന്ത്രി ഇന്ന് വിദ്യാർത്ഥി പ്രാതിനിധ്യം തന്നെ എടുത്തു കളയാൻ പോകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിതദാസൻ നാടാർ: മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി കെ. എസ്. യു. വിന്റെ പ്രസിഡന്റായിരുന്നപ്പോൾ ആ സംഘടന ഉയർത്തിയ ഒരു ആവശ്യം കൂടെയായിരുന്നു സിൻഡിക്കേറ്റിലെ വിദ്യാർത്ഥി പ്രാതിനിധ്യം എന്ന് അങ്ങേയ്ക്കറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ട് ഞാൻ പഴയ ആളല്ല എന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ അത് ഒരുപാട് പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. ഈ മാറ്റത്തിന്റെ ഭാഗമായി ഇപ്പോൾ ഇത് നഷ്ടപ്പെടുന്നതിൽ വിദ്യാർത്ഥികൾക്കിടയിൽ ഇതു സംബന്ധിച്ച് കടുത്ത രോഷമാണ്. അതുകൊണ്ട് ഇത് സബ്ജക്ട് കമ്മിറ്റിയിൽ പോകുമ്പോൾ പരിഗണിക്കേണ്ടതാണ്. വിദ്യാർത്ഥി പ്രാതിനിധ്യം ഉണ്ടാകണം. എം. എൽ. എ. മാരുടെ പ്രാതിനിധ്യം ഉണ്ടാകണം. ട്രേഡിന്റെ പ്രാതിനിധ്യം ഉണ്ടാകണം. ഇലക്ടറൽ സമ്പ്രദായം വേണം. ഇലക്ടറൽ സമ്പ്രദായം പൂർണ്ണമായി ഒഴിവാക്കിക്കൊണ്ടുള്ള ഒരു ബില്ലിനെ ഞങ്ങൾക്ക് അംഗീകരിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഓരോ സർവ്വകലാശാലകളിലേയും നിയമം പ്രത്യേകമായി പരിഷ്കരിക്കുന്നതിനു പകരം ഏകീകൃതം എന്ന പേരിൽ കൊണ്ടു വരുന്ന ഈ ബിൽ സർക്കാരിന് പൂർണ്ണമായും സർവ്വകലാശാലകളെ കയ്യടക്കി ഇത് തകർക്കാൻ വേണ്ടിയിട്ടുള്ളതാണ്. കേരളത്തിലെ ജനങ്ങളാകെ ഇതിന് എതിരാണ്. മുമ്പ് ബിൽ പാസ്സാക്കാൻ ശ്രമിച്ചവർക്കുണ്ടായ അവസ്ഥതന്നെ ഈ ബിൽ പാസ്സാക്കാൻ ശ്രമിച്ചാൽ ആന്റണി ഗവൺമെന്റിനും ഉണ്ടാകുമെന്ന് മുന്നറിയിപ്പ് നൽകികൊണ്ട് ഞാൻ ഇതിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. മത്തായി ചാക്കോ: സർ, ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്. യാദൃശ്ചികമായിട്ടാണെങ്കിലും ഈ ബിൽ വിദ്യാഭ്യാസ വകുപ്പു മന്ത്രിക്കു പകരം വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാന്യനായിട്ടുള്ള കുഞ്ഞാലിക്കുട്ടി അവതരിപ്പിച്ചതും ഈ ബില്ലിന്റെ ഉദ്ദേശ്യത്തിന് അനുയോജ്യമാണ് എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. കാരണം, കേരളത്തിലെ വിദ്യാഭ്യാസ മേഖല, പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ മേഖല കച്ചവടവൽക്കരിക്കാൻ വേണ്ടിയുള്ള ഈ ബിൽ വ്യവസായ വാണിജ്യ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി തന്നെ അവതരിപ്പിച്ചു എന്നുള്ളത് ഒരു പ്രത്യേകതയാണ്. കോഴിക്കോട് സർവ്വകലാശാലാ നിയമവും അതുപോലെതന്നെ കേരള സർവ്വകലാശാലാ നിയമവും ഇവിടെ പാസ്സാക്കിയെടുത്തിട്ടുള്ളത് 1964-1966-ലെ കോത്താരി കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ്. വളരെ ജനാധിപത്യപരമായിട്ടുള്ള ഒരു ഘടന, ഏത് നിലപാടിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ മാറ്റി മറിക്കുന്നുവെന്നാണ് ഞങ്ങൾക്ക് അറിയേണ്ടത്? ഇവിടെ ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ സംസാരിച്ചതുകൊണ്ട് ഞാൻ അതിന്റെ വിശദാംശത്തിലേക്ക് പോകുന്നില്ല. പക്ഷെ ഒരു കാര്യം, ഈ ബിൽ പരസ്യപ്പെടുത്തിയതിനുശേഷം കേരളത്തിലും ഇൻഡ്യയിലും വന്നിട്ടുള്ള പൊതുജനാഭിപ്രായത്തെ സംബന്ധിച്ച് ഒരു പൊതു പരിശോധന നടത്തേണ്ടതാണ്. വളരെ പരിമിതമായ സമയത്തിനുള്ളിൽ പ്രൊഫ. ആന്ദ്രേ ബെറ്റലി എന്ന് പറയുന്ന Delhi School of Economics-ന്റെ പ്രൊഫസറും ഇപ്പോൾ നോർത്ത് യൂണിവേഴ്സിറ്റിയിലെ ചാൻസിലറുമായിട്ടുള്ള അദ്ദേഹത്തിന്റെ ഒരു അഭിപ്രായ പ്രകടനം

LIBRARY ARCHIVES Kerala Legislative Assembly

ഈ കഴിഞ്ഞ ജൂൺ 19-ലെ ഹിന്ദു പത്രം പ്രസിദ്ധീകരിക്കുകയുണ്ടായി. ഞാൻ ഒരു ഭാഗം മാത്രം പറയാം. "Variety, flexibility and diversity are the hallmarks of a dynamic university education system. Any attempt to impose uniformity from above will only detract from the capability of the universities to develop themselves and bring all universities to the lowest common level." ശക്തികളുടെ ഉയർച്ചയെ ശക്തിപ്പെടുത്തുവാൻ മാത്രമേ ഇത്തരത്തിൽ ഏകീകൃതമായിട്ടുള്ള നിയമം സഹായിക്കുകയുള്ളൂ എന്നുള്ളതാണ് അദ്ദേഹത്തെപ്പോലെ പ്രശസ്തരായിട്ടുള്ള അക്കാഡമിക് വിദഗ്ദ്ധൻമാർ സൂചിപ്പിക്കുന്നത്. ഞാൻ അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചേദിക്കട്ടെ, ഇത്തരം ഒരു ബിൽ ഇവിടെ അവതരിപ്പിക്കുന്നതിനെക്കുറിച്ച് കോൺഗ്രസ് നേതാവായിട്ടുള്ള അങ്ങ്, ഏറ്റവും ചുരുങ്ങിയത് ജവഹർലാൽ നെഹ്റുവിന്റെ "On Universities" എന്ന് പറയുന്ന അദ്ദേഹത്തിന്റെ പ്രൗഢഗംഭീരമായ ലേഖനം ഒരു ആവർത്തി വായിച്ചിരുന്നുവെങ്കിൽ ഈ ബിൽ ഇവിടെ കൊണ്ടു വരുമായിരുന്നില്ല. സ്വതന്ത്രമായ, ധീരമായ ആശയ നിർമ്മാണത്തിന്റെ ഒരു ലോകമാണ് ഈ സർവ്വകലാശാലകൾ എന്നുള്ള സങ്കൽപ്പമാണ് ജവഹർലാൽ നെഹ്റു മുന്നോട്ട് വെച്ചത്. രണ്ടാംലോകമഹായുദ്ധത്തിന്റെ കാലഘട്ടത്തിൽ ഫ്രാൻസിലെ പ്രധാനമന്ത്രി പറയുകയുണ്ടായി, ഇറ്റലിക്ക് മാർപാപ്പയും ജർമ്മനിക്ക് ഭീകരമായ സൈന്യവും ഉണ്ടെങ്കിൽ ഫ്രാൻസിന് പാരീസ് സർവ്വകലാശാലയുണ്ട് എന്ന്. അപ്പോൾ മാറി മാറി വരുന്ന ഭരണ സംവിധാനത്തിൽ നിന്ന് വ്യത്യസ്തമായിട്ട് ഒരു രാജ്യത്തിന്റെ ധൈഷണീകവും സാംസ്കാരികവുമായിട്ടുള്ള നിലപാടുകളെ ഉയർത്തിപ്പിടിക്കാൻ വേണ്ടി സർവ്വകലാശാലകൾക്ക് കൊടുത്തിരുന്ന പ്രധാന്യം, ജവഹർലാൽ നെഹ്റുവെല്ലാം അംഗീകരിച്ചിരുന്ന ആ പ്രാധാന്യത്തിൽ നിന്ന് നമ്മൾ എത്രയോ പുറകോട്ട് പോയി എന്നുള്ളതാണ്. ഇന്നലെ ഇവിടെ ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ സൂചിപ്പിച്ചു. അതുപോലെ ബിൽ പൈലറ്റു ചെയ്തുകൊണ്ട് വ്യവസായ വകുപ്പുമന്ത്രിയും പറഞ്ഞു. കേരളത്തിലെ സർവ്വകലാശാലയിൽ നിലവിലുള്ള അതിന്റെ നിലവാരമില്ലായ്മയെ സംബന്ധിച്ച് പരിശോധിച്ച് അത് പരിഹരിക്കുന്നതിന് വേണ്ടിയാണ് ഇത്തരം ഒരു ബിൽ കൊണ്ടു വന്നത് എന്ന്. നിലവിലുള്ള സങ്കൽപ്പം എന്നു പറയുന്നത് സർവ്വകലാശാലകളുടെ നിലവാരത്തെ സംബന്ധിച്ച് 3B's പൂർത്തീകരിക്കണം എന്നതാണ്. 3B's എന്ന് പറയുന്നത് സർവ്വകലാശാലയുടെ better faculty, better physical infrastructure, better finance എന്നിവയാണ്. സർവ്വകലാശാലയുടെ standardization-നു വേണ്ടി സാധാരണ ഗതിയിൽ കണക്കിലെടുക്കുന്നത് ഈ ഘടകങ്ങളാണ്. ഞാൻ ഈ ബിൽ പൈലറ്റ് ചെയ്തിട്ടുള്ള മന്ത്രിയോട് പറയുന്നത്, നിങ്ങൾ കൊണ്ടുവന്നിട്ടുള്ള ബില്ലിൽ better faculty, better infrastructure, better finance ഈ മൂന്ന് ഘടകങ്ങളെ ശക്തിപ്പെടുത്തണം. അതുണ്ടെങ്കിലേ ഒരു സർവ്വകലാശാലയ്ക്ക് നിലവാരം ഉണ്ടാകുകയുള്ളൂ. അങ്ങനെ നിലവാരത്തിനു വേണ്ടിയിട്ടുള്ള എന്തെങ്കിലും നിർദ്ദേശം നിങ്ങൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? പിന്നെ എങ്ങനെയാണ് നിലവാരമുണ്ടാകുമെന്ന് നിങ്ങൾ പറയുന്നത്? ഇവിടെ മോഡൽ ആക്ടിനെക്കുറിച്ച് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. 1990-ലെ ജ്ഞാനം കമ്മിറ്റിയുടെ റിപ്പോർട്ട് ഇവിടെയുണ്ട്. അത് വെറും ഒരു മോഡൽ ആക്ടാണ്. ഈ ആക്ടിനെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

25-4-2003-ന് രാജ്യസഭയിൽ നൽകിയിട്ടുള്ള അൺസ്റ്റാർഡ് ക്വസ്റ്റ്യന്റെ ഉത്തരമായിട്ട് അവിടത്തെ Human Resource Development-ന്റെ Deputy Minister തന്നെ പറഞ്ഞത്, ഒരു മോഡലും യു. ജി. സി. യോ കേന്ദ്ര ഗവൺമെന്റോ അംഗീകരിച്ചിട്ടില്ല എന്നാണ്. പിന്നെ എന്തുകൊണ്ട് ഇത്തരം ഒരു ആക്ട് കൊണ്ടു വന്നു എന്നുള്ളതാണ്? ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കട്ടെ, അങ്ങ് കാബിനറ്റിൽ വന്നപ്പോഴെങ്കിലും ഇത് നോക്കിയിട്ടുണ്ടോ? ഇതിന്റെ ലക്ഷ്യങ്ങൾ പ്രഖ്യാപിക്കുന്ന സ്ഥാനത്ത് പല കാര്യങ്ങളും പറയുന്നുണ്ട്. ഇതിൽ നവവിജ്ഞാനം പരിപോഷിപ്പിക്കുക, സത്യാന്വേഷണം ഊർജ്ജിതപ്പെടുത്തുക, സാമൂഹ്യബോധം ഉണ്ടാക്കുക. അതുപോലെതന്നെ സഹിഷ്ണുത വളർത്തുക എന്നെല്ലാം പേജ് 8 സെക്ഷൻ 6-ൽ പറയുന്നുണ്ട്. എന്നാൽ അത്ഭുതകരമെന്ന് പറയട്ടെ, ഈ ഭാഗത്തിൽ നമ്മുടെ മതേതരത്വവും ജനാധിപത്യവും ഉയർത്തിപ്പിടിക്കണം എന്നുള്ള രണ്ടു വാക്കുകൾ ചേർക്കാൻ വേണ്ടി കോൺഗ്രസ് നേതൃത്വം നൽകുന്ന ഗവൺമെന്റും ഈ മുന്നണിയും എന്തുകൊണ്ട് വിട്ടുപോയി? ഭരണഘടനയിൽപോലും അത് ഉണ്ടല്ലോ. നിങ്ങൾ ഒരു ഭാഗം മുഴുവനും യൂണിവേഴ്സിറ്റിയുടെ ലക്ഷ്യം പറയുന്നിടത്ത് ഈ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റേയും secularism-വും അതേപോലെ തന്നെ democracy -യും ഉയർത്തിപ്പിടിക്കണം എന്നുള്ളത് ബോധപൂർവ്വം വിട്ടുപോയോ? അത് ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. രണ്ടാമത്തെ പ്രശ്നം, ഇവിടെ തെരഞ്ഞെടുക്കപ്പെട്ട സമിതികളെ പൂർണ്ണമായിട്ട് ഇല്ലാതാക്കി. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കട്ടെ, ഈ ഭേദഗതിയെപ്പറ്റിയുള്ള ആക്ട് ഇൻഡ്യയിൽ രണ്ടു സംസ്ഥാനത്തിൽ മാത്രമേ വന്നിട്ടുള്ളൂ. ഒന്ന് കർണ്ണാടകയിലും മറ്റൊന്ന് മഹാരാഷ്ട്രയിലും. മഹാരാഷ്ട്രാ സർവ്വകലാശാലയുടെ ബില്ലിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. മഹാരാഷ്ട്രാ യൂണിവേഴ്സിറ്റി ബില്ലിൽ തെരഞ്ഞെടുപ്പിനു വേണ്ടിയുള്ള വകുപ്പുണ്ട്. അക്കാഡമിക് കൗൺസിലിലേയ്ക്ക് പോലും തെരഞ്ഞെടുപ്പാണ്. അവിടെ സെനറ്റിലേക്ക് തെരഞ്ഞെടുപ്പുണ്ട്. സിൻഡിക്കേറ്റിലേയ്ക്ക് തെരഞ്ഞെടുപ്പുണ്ട്. കോൺഗ്രസ്സ് 1994-ൽ പാസ്സാക്കിയിട്ടുള്ള മഹാരാഷ്ട്ര സർവ്വകലാശാല ബില്ലിൽ ഇത് ഉൾപ്പെടുത്തിയപ്പോൾ നിങ്ങൾ എന്തിനാണ് പിൻതിരിഞ്ഞു പോയത്. ഇവിടെ ലീഗുകാരെക്കുറിച്ച് എനിക്ക് പ്രതീക്ഷയില്ല. മുസ്ലിം ലീഗിന്റെ ഭാഗത്തു നിന്ന് സർവ്വകലാശാലയിലെ ജനാധിപത്യത്തെക്കുറിച്ചുള്ള പ്രതീക്ഷ എനിക്കില്ല. സംസ്കൃതത്തിൽ ഒരു ചൊല്ലുണ്ട്. "സംക്രാന്തി കിമു കാനന കുക്കുടസ്യ" എന്നാണ്. കാട്ടു കോഴിക്ക് എന്ത് സംക്രാന്തിയാണുള്ളത്? മുസ്ലീം ലീഗിന് എന്ത് സർവ്വകലാശാലാ ജനാധിപത്യം? അതുകൊണ്ട് ലീഗിന്റെ കാര്യത്തിൽ എനിക്ക് പ്രതീക്ഷയില്ല. വലിയ പ്രതീക്ഷ കോൺഗ്രസ്സുകാരുടെ കാര്യത്തിലാണുള്ളത്. പക്ഷെ കോൺഗ്രസ്സുകാർ ഇവിടെ ചെയ്യുന്നത് എന്താണ്? ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. ശങ്കരൻ കോഴിക്കോട് സർവ്വകലാശാലയിലെ വിദ്യാർത്ഥി പ്രതിനിധിയായിരുന്നു. അന്ന് ശ്രീ. സുജനപാലിന് എതിരായിട്ട് മത്സരിച്ചു വന്നയാളാണ്. ഞാൻ ചോദിക്കട്ടെ ഇവിടെ കോൺഗ്രസ്സിന്റെ യുവതുർക്കികൾ ഇരിക്കുന്നുണ്ടല്ലോ, കോൺഗ്രസ്സിന്റെ യുവതുർക്കികൾ എന്നു പറഞ്ഞ് 1970-കളിൽ സർവ്വകലാശാലാ ജനാധിപത്യത്തിനുവേണ്ടി വാദിക്കുകയും വിദ്യാർത്ഥി ജനാധിപത്യത്തിനുവേണ്ടി വാദിക്കുകയും ചെയ്തിട്ടുള്ള കോൺഗ്രസ്സിലെ യുവതുർക്കികൾ കോഴി വസന്ത വന്ന ടർക്കി കോഴികളെ പോലെ ഇവിടെ ഇപ്പോൾ പതുങ്ങിയിരിക്കുകയല്ലേ,

LIBRARY ARCHIVES Kerala Legislative Assembly

എന്നിട്ട് ഇവർ ഈ ബില്ലിൽ വിദ്യാർത്ഥി പ്രാതിനിധ്യത്തെക്കുറിച്ച് 'കമാ' എന്ന് ഒരക്ഷരം പറയുന്നില്ല. നിങ്ങൾ ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്ന 11.00 A. M.] തിന് മുമ്പ് കെ. എസ്. യു. പിരിച്ചു വിട്ടിട്ട് വരേണ്ടിയിരുന്നു. ഒരക്ഷരം പറഞ്ഞോ, ഞാൻ ചോദിക്കട്ടെ, കെ. എസ്. യു. വിന്റെ പാരമ്പര്യം നിങ്ങൾ പറയുന്നുണ്ടല്ലോ, ഏഴടി നീളമുള്ള നാവുകൊണ്ട് കെ. എസ്. യു.-വിന്റെ പാരമ്പര്യം പറയുന്നവരോട് ഞങ്ങൾ ചോദിക്കട്ടെ, ആ നാവ് നാഭിയിലേക്ക് താണുപോയോ. വിദ്യാർത്ഥി സംഘടനാ പ്രസിഡന്റിന്റെ മുകളിൽ, വിദ്യാർത്ഥി പ്രാതിനിധ്യം ഉറപ്പാക്കാതെ ഒരു സർവ്വകലാശാലാ ബിൽ എന്തിനാണ് ഇവിടെ കൊണ്ടു വന്നതെന്ന് പറയണം. ഇവിടെ നോമിനേഷനെക്കുറിച്ച് പറഞ്ഞു, ഇവിടെ സർവ്വകലാശാലയുടെ വൈസ് ചാൻസലർമാരെ വയ്ക്കുന്നതിനെക്കുറിച്ച് പറഞ്ഞു. ഞങ്ങൾ അഭിമാനപൂർവ്വം പറയട്ടെ, ട്രാവൻകൂർ യൂണിവേഴ്സിറ്റി ആക്ട് 1957-ൽ പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുടെ സമയത്ത് കേരളാ യൂണിവേഴ്സിറ്റി ബില്ലാക്കി മാറ്റി. അത് പാസ്സാക്കിയെടുത്ത് ആദ്യത്തെ വൈസ് ചാൻസലറായിട്ട് വച്ചത് ഡോ. ജോൺ മത്തായിയെയായിരുന്നു. അത് കമ്മ്യൂണിസ്റ്റല്ല. അന്നൊരു പത്രം കമ്മ്യൂണിസ്റ്റുകാരുടെ മന്ത്രിസഭയുടെ കീഴിൽ വൈസ് ചാൻസലർ ആയിട്ട് ഡോ. ജോൺ മത്തായിയെപ്പോലുള്ള ആള് പോകാൻ പാടില്ലാ എന്ന് എഡിറ്റോറിയൽ എഴുതിയതിൽ പ്രകോപിതനായിട്ടു കൂടിയാണ് അദ്ദേഹം ആ ചുമതല ഏറ്റത്. ഞങ്ങൾ വേറെ കമ്മ്യൂണിസ്റ്റുകാരേയാണോ വച്ചത്. ആ നിലപാട് ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. നിങ്ങൾ ചെയ്തത് എന്താ? ഇവിടെ ഇന്നലെ ശ്രീ. ബഷീർ വളരെ വാചാലമായിട്ട് പറഞ്ഞു, കണ്ണൂർ യൂണിവേഴ്സിറ്റിയിൽ സിൻഡിക്കേറ്റിലേക്ക് ഒരു പി. കുഞ്ഞഹമ്മദിനെ വച്ചു. അതു വച്ചതൊക്കെ നല്ലതു തന്നെയാണ്. കാരണം എന്താ പ്രൊഫ. പി. കുഞ്ഞഹമ്മദ് നല്ല മനുഷ്യനാണ്, ഞാൻ അദ്ദേഹത്തെക്കുറിച്ച് വ്യക്തിപരമായിട്ടൊന്നും പറയുന്നില്ല. ഈ പി. കുഞ്ഞഹമ്മദ് സിൻഡിക്കേറ്റിൽ വന്നപ്പോൾ ചില ആളുകൾ വിചാരിച്ചു ഇയാൾ പ്രൊഫസർ ആയിരിക്കുമെന്ന്. പക്ഷെ നിർഭാഗ്യകരമെന്നു പറയട്ടെ, മേശയും കസേരയും വാടകയ്ക്ക് കൊടുക്കുന്ന നല്ലൊരു പീടികയുടെ പ്രൊപ്രൈറ്ററെയാണ് നിങ്ങൾ കണ്ണൂർ സർവ്വകലാശാലയുടെ സിൻഡിക്കേറ്റിലേക്ക് നോമിനേറ്റ് ചെയ്തത്. പ്രൊഫസറെയല്ല, പ്രൊപ്രൈറ്ററെയാണ്.

<u>ശ്രീ. എ. കെ. ബാലൻ:</u> കുഞ്ഞഹമ്മദിന് ഈ ബിസിനസ്സിനോടൊപ്പം ഉണക്കമീൻ വിൽക്കുന്ന ബിസിനസ്സ് കൂടിയുണ്ട് എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

<u>ശ്രീ. മത്തായി ചാക്കോ:</u> ബഹുമാനപ്പെട്ട ബാലൻ തലശ്ശേരിയിലെ കാര്യങ്ങളൊക്കെ പഠിച്ചതുകൊണ്ട് ആ വിവരം ഉണ്ടാകും, എനിക്ക് അതിനെക്കുറിച്ച് വ്യക്തമായി അറിയില്ല. ഈ ബില്ലിൽ അൺ എയ്ഡഡ് കോളേജുകളുടെ കാര്യം പറയുന്നുണ്ട്. വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. അൺ എയ്ഡഡ് കോളേജുകളെ കുറിച്ച് പറയുന്ന ഭാഗത്ത് ഞാൻ ഇന്നലെ ഇവിടെ ഉന്നയിച്ചതാണ്. കാപ്പിറ്റേഷൻ ഫീസ് ഇല്ലാതാക്കാൻ വേണ്ടി ഒരു വകുപ്പുണ്ട്. പക്ഷേ അതിനോടനുബന്ധിച്ച് അതിന്റെ 2(1) ഉപവകുപ്പിൽ മാനേജുമെന്റുകൾക്ക് ഇഷ്ടംപോലെ സംഭാവന വാങ്ങാൻ വേണ്ടിയിട്ടുള്ള വകുപ്പ് ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാനേജുമെന്റുകൾക്ക് സംഭാവന വാങ്ങാൻ വേണ്ടിയിട്ടുള്ള ഒരു വകുപ്പ് ഉൾക്കൊള്ളിച്ചിട്ടുള്ള ഒരു ഭാഗം മാത്രം പറയാം. മാനേജുമെന്റുകൾക്ക് സംഭാവന വാങ്ങാൻ വേണ്ടിയിട്ട് നിയമപരമായിട്ട് വ്യവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന ഒരു ആക്ട് നിങ്ങൾ കോൺഗ്രസ്സിന്റെ ഗവൺമെന്റ് അല്ലാതെ ആരെങ്കിലും കൊണ്ടുവരുമോ? എന്തൊരു മാനക്കേടാണ്, കാപ്പിറ്റേഷൻ ഫീസ് എന്നു പറഞ്ഞ് റസീപ്റ്റ് കൊടുത്ത് ആരെങ്കിലും പൈസ വാങ്ങുമോ? ഇവിടെ സ്വകാര്യ മാനേജ്മെന്റുകൾക്ക് ഇഷ്ടം പോലെ സംഭാവന വാങ്ങാൻ വേണ്ടി ഒരു വകുപ്പ് തന്നെ ഉൾക്കൊള്ളിച്ചിട്ടുള്ള നാണംകെട്ട ഒരു ബില്ലായിട്ട് ഇത് മാറിയിട്ടുണ്ട്. ഇവിടെ ഞാൻ കോൺഗ്രസ്സിന്റെ ആളുകളോട് ഒന്നു രണ്ട് കാര്യം കൂടി പറയട്ടെ, സർവ്വകലാശാലയിലെ സ്റ്റേറ്റ് തലത്തിലുള്ള ഒരു ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കാര്യം ഇവിടെ പറയുന്നുണ്ട്. ഈ ഉന്നത വിദ്യാഭ്യാസ കൗൺസിൽ, സാധാരണ ഗതിയിൽ ഒരു സാധാരണ കോൺഗ്രസ്സുകാരന് ഡെമോക്രാറ്റിക് ബോധമോ, അക്കാഡമിക് ബോധമോ ഉണ്ടെങ്കിൽ നിങ്ങൾ ഇത് ഉൾപ്പെടുത്തുകയില്ല. വിദ്യാഭ്യാസമന്ത്രി ചെയർമാനായിട്ട് രൂപീകരിക്കുന്ന ഈ സ്റ്റേറ്റ് കൗൺസിലിന്റെ അധികാരങ്ങളെക്കുറിച്ച് പറയുന്നുണ്ട്. സർവ്വകലാശാലയുടെ പരീക്ഷകളുടെ നിലവാരവും അതിന്റെ തീയതികളും നടപടികളും അതുപോലെതന്നെ അക്കാദമിക് കലണ്ടർ ഇതെല്ലാം നിശ്ചയിക്കാൻ വേണ്ടിയിട്ടും ഡയറക്ട് ചെയ്യാൻ വേണ്ടിയിട്ടുമുള്ള അവകാശം അവർക്ക് കൊടുത്തിരിക്കുകയാണ്. അങ്ങനെ കൊടുത്താൽ പിന്നെ സർവ്വകലാശാലയുടെ സ്വയംഭരണാവകാശം എവിടെയാണുള്ളത്. അപ്പോൾ അതെല്ലാം തികച്ചും ജനാധിപത്യ വിരുദ്ധമായിട്ടുള്ള നടപടികളാണ്. അൽഭുതകരമായിട്ടുള്ള ഒരു കാര്യം കൂടി ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. അക്കാഡമിക് കൗൺസിലിന്റെ ബോഡിയിലേക്ക് ഇവിടെ ആളുകളെ നോമിനേറ്റ് ചെയ്യുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. അതിൽ പേജ് 25-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ അക്കാഡമിക് കൗൺസിലിലേക്ക് വ്യവസായം, കച്ചവടം, വാണിജ്യം, ബാങ്കിംഗ്, കൃഷി എന്നിവയെ പ്രതിനിധീകരിക്കുന്നതും ചാൻസലർ നാമനിർദ്ദേശം ചെയ്യുന്നതുമായ 5 പ്രശസ്ത വ്യക്തികൾ എന്നാണ് കാണുന്നത്. ലോകത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ കച്ചവടവും വാണിജ്യവും തൊഴിലായി സ്വീകരിച്ച ആളുകളെ നോമിനേറ്റ് ചെയ്യുന്ന ഒരു വകുപ്പ് എഴുതിവച്ചിട്ടുണ്ടോ? നിങ്ങൾ എന്താ ചെയ്യുന്നത്, അക്കാഡമിക് കൗൺസിലിലേക്ക്, ജനറൽ കൗൺസിലിലേക്കല്ല, അക്കാഡമിക് കൗൺസിലിലേക്ക് വ്യവസായം, കച്ചവടം, വാണിജ്യം എന്നീ മേഖലകളെ പ്രതിനിധീകരിക്കുന്നവരെ നോമിനേറ്റ് ചെയ്യാനുള്ള വകുപ്പ് എഴുതിവച്ചിരിക്കുകയാണ്. അവർക്ക് എന്താ അവിടെ കാര്യം. അതാണ് ഞങ്ങൾ പറഞ്ഞത് വിദ്യാഭ്യാസ മേഖലയെ കച്ചവടവൽക്കരിക്കാൻ വേണ്ടിയുള്ള നയത്തിന്റെ ഭാഗമായിട്ട് നിങ്ങൾ ഇത് കൊണ്ടു വന്നു. ഞാൻ സമയത്തിന്റെ പരിമിതി കൊണ്ട് അതിലേക്ക് കടക്കണം എന്ന് ഉദ്ദേശിച്ചതല്ല, രണ്ടായിരത്തിൽ മുകേഷ് അംബാനി കൺവീനറും, കുമരമംഗലം ബിർള അംഗവുമായിട്ടുള്ള ഒരു സമിതി രൂപീകരിക്കുകയുണ്ടായി. ആ അംബാനി-ബിർള റിപ്പോർട്ട് എന്റെ കയ്യിൽ ഉണ്ട്. അംബാനി ബിർള റിപ്പോർട്ട്, ഉന്നത വിദ്യാഭ്യാസത്തെ കുറിച്ച് പഠിക്കാൻ വേണ്ടി നിശ്ചയിച്ച ആ സമിതിയുടെ റിപ്പോർട്ട് കൊടുത്തത് പ്രൈം മിനിസ്റ്റേഴ്സ് കൗൺസിൽ ഓൺ ട്രേഡ് ആന്റ് ഇൻഡസ്ട്രി—കച്ചവടവും വ്യവസായവും സംബന്ധിച്ചുള്ള പ്രധാനമന്ത്രിയുടെ ഉപസമിതിക്കാണ്. ഇൻഡ്യയിലെ ഏറ്റവും വലിയ കുത്തക മുതലാളിമാരായിട്ടുള്ള റിലയൻസിന്റെ മകനായിട്ടുള്ള അംബാനിയും, അതുപോലെ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ബിർളയുടെ പുത്രനായിട്ടുള്ള കുമരമംഗലവും ചേർന്നുകൊണ്ട് തയ്യാറാക്കിയിട്ടുള്ള ഒരു റിപ്പോർട്ട് കൊടുത്തിട്ടുള്ളത് വ്യവസായ വകുപ്പിനാണ്. അപ്പോൾ അത് ആഗോളാടിസ്ഥാനത്തിൽ തന്നെ വിദ്യാഭ്യാസ കച്ചവടമായിട്ട് കണ്ടുകൊണ്ട് സ്വകാര്യ സംരംഭകർക്ക് അവിടെ പ്രവേശിക്കാനും ലാഭം ഉറപ്പാക്കാനുമുള്ള നിലപാടുകൾ സ്വീകരിക്കണമെന്നുള്ള സാമ്രാജ്യത്വ നിലപാടിന്റെ സംയുക്തികമായിട്ടുള്ള തുടർച്ചയാണ്. അതിന് അനുസൃതമായിട്ടാണ് ഇത്തരത്തിൽ ഒരു ആക്ട് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയ്ക്ക് ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. ഒന്ന്, സർവ്വകലാശാലാ റിക്രൂട്ട്മെന്റിനു വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അപ്പെക്സ് സഹകരണ സംഘങ്ങളുടെ നിയമനം പി. എസ്. സി.-ക്ക് വിട്ടിട്ടുള്ള ആളാണ്. സർവ്വകലാശാലാ റിക്രൂട്ട്മെന്റ് ബോർഡിന്റെ നിർദ്ദേശം നിങ്ങൾ ഈ കൊണ്ടുവന്ന ബില്ലിൽ ഉൾപ്പെടുത്താൻ വേണ്ടി കഴിയുമോ എന്നുള്ളതാണ്. അതുപോലെ തന്നെ ബോർഡ് ഓഫ് സ്റ്റഡീസ് ഇൻഡ്യയിലെ 300-ഓളം സർവ്വകലാശാലകളിൽ, എല്ലാ ബോർഡ് ഓഫ് സ്റ്റഡീസിന്റേയും കാലാവധി മൂന്നു വർഷമാണ്. അത് എന്തിനാണ് രണ്ടു വർഷമായിട്ട് ഇവിടെ ചുരുക്കിയത് എന്നെനിക്കറിയില്ല. സർ, ഒരു കാര്യം ഞാൻ പറയുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സംബന്ധിച്ച് ഞാൻ വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ഒരുപാട് കാര്യങ്ങൾ കേട്ടിട്ടുണ്ട്. ചെറിയാൻ ഫിലിപ്പിന്റെ "കാൽ നൂറ്റാണ്ട്" എന്നു പറയുന്ന പുസ്തകത്തിൽ 1974-ൽ നടത്തിയിട്ടുള്ള കോളേജ് സമരത്തെക്കുറിച്ച്, അതിൽ ഒരു പ്രസംഗമുണ്ട്, സർ, തിരുമേനിയുടെ മുഖം ചുമന്നാൽ മുൻപൊക്കെ കോൺഗ്രസ്സുകാർ അവരുടെ കാൽക്കൽ അഭയം തേടുമായിരുന്നു. രണ്ടു മാസമായി മതത്തിന്റെ എല്ലാ സ്വാധീനങ്ങളും സമ്മർദ്ദങ്ങളും പ്രയോഗിച്ചിട്ടും കോൺഗ്രസ്സിന്റെ ശരീരത്തിൽ ഒരു പോറൽ എങ്കിലും ഏൽപ്പിക്കാൻ ഇത്തവണ ഈ കേന്ദ്രങ്ങൾക്ക് കഴിഞ്ഞില്ല. ഇപ്പോഴോ മാറിയില്ലേ, അങ്ങേക്കുറിച്ച് ഞങ്ങൾ എല്ലാം കേട്ടിരുന്നത് പച്ചവെള്ളം ചവച്ചു കുടിക്കുന്ന ആൾ, ആയിരം കോമാങ്ങ ഉപ്പു കൂട്ടാതെ ഒറ്റ ഇരിപ്പിൽ തിന്നുന്ന ആൾ എന്നെല്ലാം ഉള്ള വലിയ സന്ദേശം ഞാൻ കേട്ടിട്ടുണ്ട്. യഥാർത്ഥത്തിൽ അങ്ങ് നേതൃത്വം കൊടുക്കുന്ന ഒരു ഗവൺമെന്റ്, 1970-കളിലെ ഏതെങ്കിലും സ്മരണ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഉണ്ടായിരുന്നുവെങ്കിൽ ജനാധിപത്യത്തെ, വിദ്യാർത്ഥി പ്രാതിനിധ്യത്തിന്റെ ആട്ടോണമിയെ, തകർക്കുന്ന ബിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊണ്ടു വരുമായിരുന്നില്ല. എനിക്ക് തോന്നുന്നത്.....

ശ്രീ. കെ. പി. രാജേന്ദ്രൻ: മുഖ്യമന്ത്രി 72-ൽ നടത്തിയ പ്രസംഗത്തെക്കുറിച്ചാണല്ലോ പറഞ്ഞത്. തൃശ്ശൂർ ആർച്ച് ബിഷപ്പ് ബഹുമാന്യനായ പാത്തുകുഴി പിതാവ് മിനിഞ്ഞാന്ന് ദേശാഭിമാനി പത്രത്തിനു വേണ്ടി നടത്തിയ അഭിമുഖത്തിൽ കമ്മ്യൂണിസ്റ്റുകാരും ആയിട്ടുള്ള സഭയുടെ ബന്ധം ലോകത്ത് ഇൻഡ്യയിലും കേരളത്തിലും വളരെ വളരെ അടുത്തു വരുന്നു എന്ന് അദ്ദേഹം പറയുകയുണ്ടായി. ആർച്ച് ബിഷപ്പ് അഖിലേന്ത്യാടിസ്ഥാനത്തിൽ ഇതിന്റെ വൈസ് പ്രസിഡന്റ് കൂടിയാണ്. അദ്ദേഹം പറഞ്ഞത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ? അങ്ങയുടെ അഭിപ്രായത്തിന്റെ കൂടി സാഹചര്യത്തിൽ ഞാൻ ചോദിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ: ഞാൻ ശ്രദ്ധിച്ചു, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിച്ചോ എന്നെനിക്കറിയില്ല. ഞാൻ അങ്ങയെ വിഷമിപ്പിക്കാൻ വേണ്ടി ഒരു കാര്യം കൂടി പറയാം. അങ്ങ് എടുക്കുന്ന ഈ നിലപാടുകളെല്ലാം കൂടി പരിശോധിക്കുമ്പോൾ, ചങ്ങമ്പുഴയുടെ ഒരു കവിതയുണ്ട്, "അങ്കുശമില്ലാത്ത ചാപല്യമേ മണ്ണിൽ, അംഗനയെന്നു വിളിക്കുന്നു നിന്നെ ഞാൻ" ഇപ്പോൾ ചങ്ങമ്പുഴ ഉണ്ടായിരുന്നുവെങ്കിൽ "അങ്കുശമില്ലാത്ത കാപട്യമേ മണ്ണിൽ, ആന്റണിയെന്നു വിളിക്കുന്നു നിന്നെ ഞാൻ" എന്ന് പറയുമായിരുന്നു. അതുകൊണ്ട് അങ്ങ് മുൻകയ്യെടുത്തുകൊണ്ട് അങ്ങയുടെ തന്നെ ആ പരിവേഷത്തെ തകർക്കുന്ന ഈ ബിൽ പിൻവലിക്കാനോ അല്ലെങ്കിൽ ജനകീയാഭിപ്രായം രൂപപ്പെടുത്തിക്കൊണ്ട് ജനാധിപത്യവൽക്കരിക്കാനോ സന്നദ്ധമാകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഇത് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണം എന്ന അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. വിദ്യാഭ്യാസ കച്ചവടക്കാർക്ക് വേണ്ടിയുള്ള ഹിഡൻ അജണ്ടയാണ് ഈ നിയമത്തിന് പിന്നിലുള്ളത്. സർവ്വകലാശാലാ നിയമങ്ങൾ ഏകീകൃതമോ ക്രമീകൃതമോ അല്ലാത്തതുകൊണ്ടല്ല, നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വികസിക്കാത്തത്. വികസിത രാജ്യങ്ങളിലെല്ലാം ഉന്നത വിദ്യാഭ്യാസം വൈവിദ്ധ്യവൽക്കരിച്ച് മുന്നേറുകയാണ്. നമ്മൾ ഉന്നത വിദ്യാഭ്യാസത്തെ ഏകീകരിച്ച് നിർജ്ജീവമാക്കുകയും അതുവഴി വിദ്യാഭ്യാസത്തെ ബിസിനസ്സ് ആക്കി മാറ്റുകയും ചെയ്യുകയാണ്. സർ, ഈ ബില്ലിലൂടെ സർവ്വകലാശാലകളുടെ ജനാധിപത്യവും സ്വയംഭരണവും സർവ്വകലാശാലകൾ നൽകുന്ന സാമൂഹ്യ നീതിയും കവർന്നെടുക്കുകയാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായി എല്ലാപേരും പറയുന്നത് വേണ്ടത്ര നിലവാരമില്ല, പുതിയ വിഷയങ്ങളിലുള്ള കോഴ്സുകൾ ഇല്ല എന്നുള്ളതാണ്. ഇതിനുള്ള പ്രധാന കാരണം നമ്മുടെ ശ്രദ്ധ മുഴുവൻ പ്രൊഫഷണൽ കോളേജുകളിലും കോഴ്സുകളിലും മാത്രമായി മാറിയതാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് രണ്ടു ലക്ഷത്തോളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. അതിൽ 15 ശതമാനം മാത്രമാണ് പ്രൊഫഷണൽ കോഴ്സുകളിൽ ചേരുന്നവർ. 85 ശതമാനം വിദ്യാർത്ഥികൾ പഠിക്കുന്ന സർവ്വകലാശാലകളേയും കോളേജുകളേയും നാം അവഗണിച്ചു. ഈ ബില്ലും അതു തന്നെയാണ് ചെയ്യുന്നത്. പുതിയ പാഠ്യ പദ്ധതികൾ, പുതിയ വിഷയങ്ങൾ, കോഴ്സുകൾ ഇതൊക്കെയാണ് വേണ്ടത്. അത്തരത്തിൽ സർവ്വകലാശാലകളുടെ അക്കാഡമിക് പ്രവർത്തനം അതിനുള്ള ഫാക്കൽറ്റി, ബോർഡ് ഓഫ് സ്റ്റഡീസ്, അക്കാഡമിക് സംവിധാനങ്ങൾ എന്നിവ ശക്തിപ്പെടുത്തണം, നവീകരിക്കണം. അതിന് പറ്റുന്ന വിധത്തിൽ സർവ്വകലാശാലകളുടേയും കോളേജുകളുടേയും ജനാധിപത്യപരമായ പ്രവർത്തനം, അധികാര വികേന്ദ്രീകരണം, അക്കാഡമിക് സ്വയംഭരണം എന്നിവ ഉറപ്പു വരുത്തണം. കോത്താരി കമ്മീഷൻ മുതലുള്ള വിദ്യാഭ്യാസ മേഖലയിലെ വിവിധ കമ്മീഷനുകളുടെ ശുപാർശകളുടെ സാരാംശമാണ് ഞാൻ ഇവിടെ പ്രതിപാദിച്ചത്. ഈ ബില്ലിൽ അങ്ങനെ ഒരു സമീപനവും ഇല്ല. മുൻ വിദ്യാഭ്യാസ മന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ദിവസം ഒരു കാര്യം ഇവിടെ പറയുകയുണ്ടായി. സർക്കാർ ഗ്രാന്റ് നൽകി പ്രവർത്തിപ്പിക്കുന്ന യൂണിവേഴ്സിറ്റികളെ നിയന്ത്രിക്കാൻ സർക്കാരിന് ബാദ്ധ്യതയില്ലേ? അദ്ദേഹം നമ്മളോട് ചോദിക്കുകയാണ്, സർക്കാരിന് ബാദ്ധ്യതയുണ്ടെന്നാണ് അദ്ദേഹം പറയുന്നത്. സർ, എങ്ങിനെയാണ് ഈ ബാദ്ധ്യത നിർവ്വഹിക്കുന്നതിന് ഈ ബില്ലിലൂടെ ചെയ്യുന്നത്. സദുദ്ദേശപരമായ വിധത്തിൽ സർവ്വകലാശാലകളുടെ ജനാധിപത്യപരമായ, സ്വയംഭരണപരമായ അക്കാഡമിക് സ്വാതന്ത്ര്യം അംഗീകരിച്ചുകൊണ്ടാണോ ഇല്ലയോ? അതിന് ഏറ്റവും നല്ല ഉദാഹരണം ബില്ലിലെ 11-ഉം 94-ഉം വകുപ്പുകളാണ്. മറ്റ് വകുപ്പുകളും ഉണ്ട്. സർവ്വകലാശാലകളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടാൻ വിദ്യാഭ്യാസമന്ത്രിക്ക് അധികാരം നൽകുകയാണ്. താങ്കൾ അതിനെ ന്യായീകരിക്കുന്നു. അദ്ദേഹം ചോദിച്ച ഒരു ചോദ്യം, അങ്ങനെ വിദ്യാഭ്യാസ മന്ത്രിക്ക് അധികാരം കൊടുത്താൽ ആകാശം ഇടിഞ്ഞു വീഴുമോ? എന്നാണ്. പ്രഗൽഭനായ ബർട്രന്റ് റസ്സൽ ഉദ്ധരണി ഞാൻ ഇവിടെ ഉദ്ധരിക്കട്ടെ, Where independent thinking dies out whether from lack of courage or absence of discipline, there the evil weeds of propoganda and authoritarianism proliferate unchecked. യൂണിവേഴ്സിറ്റികളുടെ സ്വയംഭരണം നിങ്ങൾ നശിപ്പിച്ചാൽ അധികാര ദുഷ്പ്രഭുത്വത്തിന്റെ ദുഷിച്ച വശങ്ങൾ വ്യാപകമാകും. ഇത് ഇവിടെയും ബാധകമാണ്. 1967 ആഗസ്റ്റ് 2-ാം തീയതി കേരള നിയമസഭയിൽ കേരള യൂണിവേഴ്സിറ്റി ബില്ലിന്റെ ചർച്ചയ്ക്കുള്ള മറുപടിയുടെ വേളയിൽ ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീറിന്റെ നേതാവ് യശശ്ശരീരനായ സി. എച്ച്. മുഹമ്മദ് കോയയുടെ വാക്കുകൾ ഞാൻ ഉദ്ധരിക്കുകയാണ്. അദ്ദേഹം പറഞ്ഞ നിയമനിർമ്മാണത്തെ സംബന്ധിച്ചിടത്തോളം വളരെ സൂക്ഷ്മത പാലിക്കണം എന്ന അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. ആവശ്യമനുസരിച്ച് നിയമം കൊണ്ടു വരും. നിയമം തെറ്റാണെന്നും അതിന്റെ ആവശ്യമില്ലെന്നും ചൂണ്ടിക്കാണിക്കേണ്ടത് പ്രതിപക്ഷത്തിന്റെ ചുമതലയാണ്. വിശദമായ പഠനം നടത്താനാണ് 21 അംഗ സെലക്ട് കമ്മിറ്റിയെ നിയോഗിക്കുന്നത്. അങ്ങയുടെ നേതാവ് സി. എച്ച്. മുഹമ്മദ് കോയ പറഞ്ഞ കാര്യം പോലും താങ്കൾ ഉൾക്കൊള്ളുന്നില്ല. ഇവിടെ ഞങ്ങൾ, പ്രതിപക്ഷത്തെ 100 പേരുടെ മൃഗീയഭൂരിപക്ഷത്തിന്റെ മറവിൽ, സമവായത്തിന്റെ പേരിൽ ചവിട്ടിമെതിക്കാനാണ് ശ്രമിക്കുന്നത്. ഞങ്ങൾ സി. എച്ച്. പറഞ്ഞിട്ടുള്ള കാര്യം മാത്രമേ പറയുന്നുള്ളൂ. സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടണം, വിശദമായിട്ടുള്ള പഠനങ്ങളും നടത്തണം എന്ന ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട കെ. എം. മാണി നടത്തിയ പ്രസംഗം ഞാൻ ഉദ്ധരിക്കട്ടെ, സ്വതന്ത്രമായ വിദ്യാഭ്യാസ പദ്ധതി, പാഠ്യപദ്ധതി, പ്രവർത്തനത്തിൽ കൊണ്ടു വരുന്നതിന് സ്വതന്ത്രമായ ഒരു യൂണിവേഴ്സിറ്റി ഉണ്ടാകണം. അതിന്റെ വരവ് ചെലവ് കണക്കുകൾ പരിശോധിക്കുന്നതിലോ അതിന് ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിലോ തെറ്റില്ല. എന്നാൽ അതിൽ കവിഞ്ഞ് യൂണിവേഴ്സിറ്റിയെ ഒരു സർക്കാർ ഡിപ്പാർട്ടുമെന്റായി അധഃപതിപ്പിക്കുകയാണെങ്കിൽ സകല വിദ്യാഭ്യാസ മൂല്യങ്ങളോടുമുള്ള ഒരു വെല്ലുവിളിയായിരിക്കും. ഇന്ന് അപ്പുറത്തുനിന്ന് ആദ്യം പ്രസംഗിച്ച എന്റെ ബഹുമാന്യ സുഹൃത്ത് പി. പി. ജോർജ് മാഷ് നടത്തിയ ഉജ്ജ്വലമായ പ്രസംഗം കൂടി ഉദ്ധരിക്കട്ടെ, അങ്ങ് ശ്രദ്ധിക്കുമോ, സ്വയംഭരണാവകാശം കൂടാതെ

LIBRARY ARCHIVES Kerala Legislative Assembly

സർവ്വകലാശാലകൾക്ക് അവയുടെ സുപ്രധാനമായ കർത്തവ്യങ്ങളായ അദ്ധ്യാപനം, ഗവേഷണം, സാമൂഹ്യസേവനം എന്നീ ചുമതലകൾ നിർവ്വഹിക്കാൻ ആവില്ല.

ശ്രീ. എ. എൻ. രാജൻ ബാബു: സർവ്വകലാശാലകളുടെ അധികാരങ്ങൾ വകുപ്പ് 7-ൽ കൊടുത്തിട്ടുണ്ട്. 45 അധികാരങ്ങൾ കൊടുത്തിട്ടുണ്ട്. ഈ 45 അധികാരങ്ങളിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം വേണ്ടത് അദ്ധ്യാപക-അദ്ധ്യാപകേതര തസ്തികകളെ സംബന്ധിച്ചും അവരുടെ യോഗ്യതകളെ സംബന്ധിച്ചും അവരുടെ സർവ്വീസ് കണ്ടീഷനുകൾ ഫിക്സ് ചെയ്യുന്നതിലും, കൂടാതെ വിദേശ യൂണിവേഴ്സിറ്റികളിൽ നിന്നുള്ള സഹായം നേടുന്നതിലും അല്ലാതെ ഈ 45 ഐറ്റത്തിൽ വേറെ എന്തെങ്കിലും കാര്യത്തിൽ സർക്കാരിന്റെ നിയന്ത്രണം 7-ാം വകുപ്പിൽ ഉണ്ടോ?

ശ്രീ. എം. വി. ജയരാജൻ: അങ്ങ് ഒരു അഭിഭാഷകൻ ആയതുകൊണ്ട് ബില്ലിലെ എല്ലാ ക്ളാസുകളും വായിക്കാതെ ഒരു അഭിപ്രായ പ്രകടനം നടത്തിയത് ഖേദകരമാണ്. 11, 94, അതുപോലെ വിവിധ വകുപ്പുകൾ സർക്കാരിന് ഇടപെടാൻ വിദ്യാഭ്യാസ മന്ത്രിയിലൂടെ കഴിയും വിധത്തിലാണ്. അത്തരം ഒരു ബില്ലാണ് ഇവിടെ പൈലറ്റ് ചെയ്തിട്ടുള്ളത്. ഞാൻ ഒരു കാര്യം കൂടി പറയാം, 1993-ൽ അവതരിപ്പിച്ച ബില്ലിലുള്ള വ്യവസ്ഥകൾപോലും ഇതിൽ ഉൾപ്പെടുത്തിയില്ല. ജനാധിപത്യപരമായ ഉള്ളടക്കത്തിന് സഹായകമായ വിധത്തിൽ ഞാൻ ഈ പോയിന്റ് പറഞ്ഞ് അവസാനിപ്പിക്കട്ടെ, യൂണിവേഴ്സിറ്റിയുടെ സമിതികളിൽ രാഷ്ട്രീയക്കാർ വേണ്ടതില്ല എന്ന പുതിയ ഒരു സിദ്ധാന്തം നിങ്ങൾ മുന്നോട്ട് വയ്ക്കുകയാണ്. എന്നാൽ ഈ ബില്ലിലൂടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് സകലതിനേയും രാഷ്ട്രീയവൽക്കരിക്കുകയാണ് നിങ്ങൾ ചെയ്തിട്ടുള്ളത്. ഈ ബിൽ ഗവർണ്ണർ ഒപ്പിട്ടാൽ 118-ാം വകുപ്പു പ്രകാരം ഉടനെ വി. സി.-മാരേയും പ. വി. സി.-മാരേയും പിരിച്ചുവിടും. ഇ. ടി. മുഹമ്മദ് ബഷീർ തന്നെ വിദ്യാഭ്യാസ വിദഗ്ദ്ധനായി വിശേഷിപ്പിച്ച ഡോക്ടർ പി. ഇ. ഇക്ബാൽ ഉൾപ്പെടെയുള്ള മുഴുവൻ വി. സി.-മാരേയും പിരിച്ചുവിടും. വിവിധ സമിതികളേയും പിരിച്ചു വിടും. ഇവരെ പിരിച്ചു വിട്ടാൽ നിങ്ങൾക്ക് ഇതിൽ ഒരു രാഷ്ട്രീയവും ഇല്ലേ, നിങ്ങൾ എന്താണ് സന്യസിക്കാൻ പോകുകയാണോ, ആ സ്ഥാനങ്ങളിൽ ഇരിക്കുന്നവരെ തുടരാൻ അനുവദിക്കണമെന്നല്ല ഞങ്ങൾ പറയുന്നത്. പക്ഷെ മാറി മാറി വരുന്ന ഗവൺമെന്റുകളുടെ ഇംഗിതം അനുസരിച്ച് വി. സി.-മാരെ മാറ്റുന്ന പ്രവണത ആശാസ്യമല്ല. ബോർഡുകളും കോർപ്പറേഷനുകളും അതിലുള്ള അംഗങ്ങളേയും ചെയർമാൻമാരേയും മാറ്റും പോലെ മാറ്റാവുന്ന ഒരു പദവിയല്ല വൈസ് ചാൻസലർ പദവി. ഇനി മുതൽ യൂണിവേഴ്സിറ്റി ഭരണസമിതികൾ ഭരണം മാറുന്നതിന് അനുസരിച്ച് മാറും. ഇതൊരു പുതിയ കീഴ്വഴക്കമാകും. വിദ്യാഭ്യാസ രംഗത്ത് മുൻ സർക്കാർ ചെയ്ത സകല പ്രവർത്തനങ്ങളേയും യാതൊരു ഗുണദോഷ വിചിന്തനവും കൂടാതെ ഈ ഗവൺമെന്റ് റദ്ദാക്കുകയാണ്. പകരം വിദ്യാഭ്യാസ കച്ചവടക്കാരും സാമുഹിക പ്രമാണിമാരും ആഗ്രഹിക്കുന്ന തരത്തിൽ കാര്യങ്ങൾ ചെയ്യുകയാണ്. സർ, ന്യൂനപക്ഷ സമ്മർദ്ദത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, പുഷ്പഗിരി മാനേജ്മെന്റിന് എല്ലാ സൗകര്യവും ചെയ്ത് കൊടുത്തതിന് ശേഷമാണ് അദ്ദേഹ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ വിമർശനം. U.D.F. സർക്കാരിന്റെ അരാഷ്ട്രീയവാദവും ഹൈക്കോടതിയുടെ Campus രാഷ്ട്രീയ നിരോധനവും ഒരേ നാണയത്തിന്റെ ഇരുവശങ്ങൾ മാത്രമാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ഭരണത്തിൽ നിന്നും മാറി പ്രതിപക്ഷത്ത് വരുമ്പോൾ നിങ്ങൾക്ക് വലിയ ധാർമ്മിക ബോധമൊക്കെ ഉണ്ടാകുന്നുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ വൈസ് ചാൻസലർ ഡോക്ടർ എ. എം. മൈക്കിളിനെ ഒരു നിയമം കൊണ്ടുവന്ന് പ്രായപരിധി കുറച്ച് പുറത്താക്കിയ ഗവൺമെന്റായിരുന്നു അങ്ങ് അംഗമായിരുന്ന കഴിഞ്ഞ L. D. F. ഗവൺമെന്റ്. ചാൻസലറെ മാറ്റാൻ പാടില്ലായെന്ന് അങ്ങ് ഇന്ന് പറയുന്നു. ഈ സുബോധം നേരത്തേ ഉണ്ടാകാൻ പാടില്ലായിരുന്നോ?

ശ്രീ. എം. വി. ജയരാജൻ: സർ, ജനാധിപത്യപരമായ ഈ യൂണിവേഴ്സിറ്റികളുടെ നടത്തിപ്പേ നശിപ്പിക്കുകയാണ്. സർവ്വകലാശാലയെ ഒരു ഡിപ്പാർട്ട്മെന്റാക്കി ചുരുക്കുകയാണ്. ഇത് കാണിച്ചിട്ട് ഇത്തരം ഒരു പരാമർശം നടത്തിയാൽ മാത്രം ശരിയാകുമോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, കാർഷിക സർവ്വകലാശാലയിലെ വൈസ് ചാൻസിലർ ഡോക്ടർ മൈക്കിൾ വളരെ പ്രശസ്തനായ ഒരു ശാസ്ത്രജ്ഞനാണെന്നുള്ള കാര്യത്തിൽ അഭിപ്രായ വ്യത്യാസമില്ല. പക്ഷെ അദ്ദേഹത്തിന്റെ കാലാവധി ഇവിടെ ബിൽ അവതരിപ്പിച്ച് പാസ്സാക്കിയ സമയത്ത് പൂർത്തിയായിരുന്നു എന്ന കാര്യം ബഹുമാനപ്പെട്ട എം. വി. ജയരാജന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വി. ജയരാജൻ: സർ, 10 വർഷം മുമ്പ്, 1993 ജൂലൈ 28-ന് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ നടത്തിയ പ്രസംഗം വായിച്ചു നോക്കിയാൽ പഴയ ഇ. ടി. മുഹമ്മദ് ബഷീർ 10 വർഷം കൊണ്ട് എത്ര മാറിയെന്ന് മനസ്സിലാകും. ആ പ്രസംഗം ഉദ്ധരിക്കാനാണ് പ്രസംഗം നോക്കി വായിക്കുന്നതെന്ന് ബഹുമാനപ്പെട്ട എം. പി. ഗംഗാധരനെ ഞാൻ അറിയിക്കട്ടെ. രാഷ്ട്രീയമായ തെരഞ്ഞെടുപ്പ് വേണം. അതിന്റെ പ്രാധാന്യം കുറയ്ക്കണമെന്ന് ഞാൻ പറയുന്നില്ല. അതേ സമയത്ത് സിൻഡിക്കേറ്റിൽ 6 അംഗങ്ങൾ അദ്ധ്യാപകരല്ലാത്തവരായി ഇരിക്കണമെന്നും നിഷ്കർഷിച്ചു കൊണ്ട്, എന്റെ ഇ.ടി. എത്ര മോശമാണ്. മറ്റൊരു ഭാഗത്ത് വീണ്ടും പറയുകയാണ്, യൂണിവേഴ്സിറ്റികളുടെ അക്കാദമിക് ഓട്ടോണമി നിലനിറുത്തിക്കൊണ്ടുതന്നെ ഭരണപരമായ കാര്യങ്ങളിൽ തെറ്റ് തിരുത്താൻ ഗവൺമെന്റിന് സാധിക്കണം. സർവ്വകലാശാലാ മേധാവികൾ തെറ്റ് ചെയ്താൽ, അഴിമതി നടത്തിയാൽ ഓട്ടോണമിയുടെ മറവിൽ അവരെ സംരക്ഷിക്കണമെന്ന് ആരും ഇവിടെ പറയുന്നില്ല. അതിന് നടപടിയെടുക്കാൻ ഇപ്പോൾ നിലവിലുള്ള നിയമത്തിൽത്തന്നെ വ്യവസ്ഥയുണ്ട്. അതിന് ഏകീകൃത നിയമമൊന്നും ആവശ്യമില്ല. 1993-ൽ കൊണ്ടുവന്നപ്പോൾ ഇലക്ഷൻ മേഖലയ്ക്ക് അർഹമായ പ്രാതിനിധ്യമുണ്ട്. അതേ സമയത്ത് അക്കാദമിക് പണ്ഡിതൻമാർ എന്ന വിഭാഗത്തിൽ നിന്ന് നോമിനേറ്റ് ചെയ്യാൻ വ്യവസ്ഥയുണ്ട്. ഈ ബില്ലിലോ എക്സിക്യൂട്ടീവ് കൗൺസിലിലെ ഒരാൾ പോലും തെരഞ്ഞെടുക്കപ്പെടുന്നതല്ല. ജനറൽ കൗൺസിലിലെ 120-ൽ 26 പേർ മാത്രമാണ് ഇലക്ടഡ്. മറ്റെല്ലാ സമിതികളും നോമിനേറ്റഡ് ആണ്. നിലവിൽ

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് സർവ്വകലാശാലാ നിയമത്തിന് സമാനമാണ് കേരള സർവ്വകലാശാലാ നിയമം. അതിന്റെ സെക്ഷൻ 19 ഞാൻ ഉദ്ധരിക്കട്ടെ! The Senate shall be the supreme authority of the University and shall have the power to review the action of Syndicate and Academic Council. ഈ ബില്ലിൽ നമ്മുടെ ജനറൽ കൗൺസിൽ ഒരു ഉപദേശക സമിതി മാത്രമാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, എന്റെ സമയത്ത് കൊണ്ടുവന്ന ബിൽ നല്ല ബില്ലാണ്. മോശമാണെന്നല്ലേ പറഞ്ഞത്. നിങ്ങൾ അന്ന് അതിനെ എതിർത്തത് എന്തിനാണ്. അന്ന് നിങ്ങൾ ഏകീകൃത സർവ്വകലാശാലാ നിയമത്തെ വമ്പിച്ച തോതിൽ എതിർത്തില്ലേ? ഇത്രയും നൻമ ഉണ്ടായിരുന്ന ബില്ലിനെ നിങ്ങൾ അന്ന് എതിർത്തത്, നന്മയും തിൻമയും നോക്കിയിട്ടല്ല എതിർക്കുന്നത് എന്നതല്ലേ?

ശ്രീ. എം. വി. ജയരാജൻ: സർ, അന്ന് കൊണ്ടുവന്ന അഞ്ചാം വകുപ്പും എഴുപതാം വകുപ്പും ഞങ്ങൾ ഇപ്പോഴും സ്വാഗതം ചെയ്യുന്നു. എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക നിയമനത്തിൽ സംവരണം ഏർപ്പെടുത്തണം എന്ന വ്യവസ്ഥ കൊണ്ടുവന്ന ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനെ ഞങ്ങൾ അഭിനന്ദിക്കുന്നു. അങ്ങ് അതിൽ ഉറച്ച് നിൽക്കുമോ? അങ്ങ് 10 വർഷംകൊണ്ട് മാറിയില്ലേ? ഇപ്പോൾ നമ്മുടെ സിൻഡിക്കേറ്റെന്ന് പറയുന്നത്, ഇവിടെ ജനറൽ കൗൺസിൽ പല്ല് കൊഴിഞ്ഞ സിംഹമാണ്. നിലവിലുള്ള നിയമത്തിൽ വി. സി.-യുടെ പാനൽ തയ്യാറാക്കുന്നതിൽ പ്രതിനിധിയായി ഒരാളെ സിൻഡിക്കേറ്റിന് തെരഞ്ഞെടുക്കാം. ഇപ്പോൾ അത് എക്സിക്യൂട്ടീവ് കൗൺസിലാണ്. അധികാരം അവിടെനിന്നും കവർന്നെടുത്തു. ചുരുക്കത്തിൽ എല്ലാം എക്സിക്യൂട്ടീവാണ്. ജനറൽ കൗൺസിൽ ഒരു ഉപദേശി മാത്രമാണ്. 1994-ൽ മഹാരാഷ്ട്രാ ഏകീകൃത യൂണിവേഴ്സിറ്റി ആക്ടിൽ, സിൻഡിക്കേറ്റ് മാനേജ്മെന്റ് കൗൺസിൽ, അവിടെ മാനേജ്മെന്റ് കൗൺസിലെന്ന് പറയുന്നത് സിൻഡിക്കേറ്റാണ്. Academic Council, Board of Studies എന്നിവയിലൊക്കെ തെരഞ്ഞെടുപ്പ് സമ്പ്രദായമാണ്. 1989-ലെ ഒറീസ്സ യൂണിവേഴ്സിറ്റി ആക്ടിൽ സിൻഡിക്കേറ്റിലെ 43 പേർ ഇലക്ടഡാണ്. നമ്മുടെ സംസ്ഥാനത്താകെ 26 പേരും ഒറീസ്സയിൽ സിൻഡിക്കേറ്റിൽ 65 പേരുള്ളതിൽ 43 പേർ ഇലക്ടഡാണ്. നിങ്ങൾക്ക് എവിടെ നിന്നാണ് ഈ മാതൃക കിട്ടിയത്. ആന്ധ്രാപ്രദേശ് യൂണിവേഴ്സിറ്റി ഏകീകൃത ബിൽ, മഹാരാഷ്ട്രാ യൂണിവേഴ്സിറ്റി ഏകീകൃത ബിൽ, ഒറീസ്സാ യൂണിവേഴ്സിറ്റി ഏകീകൃത ബിൽ ഇവയിലെല്ലാം ഇലക്ടഡ് ബോഡീസിന് പ്രാമുഖ്യം കൊടുക്കുന്നതാണ്. ആ വ്യവസ്ഥകളൊന്നും തന്നെ ഈ ബില്ലിൽ കൊണ്ടു വന്നിട്ടില്ല. നമ്മുടെ സിൻഡിക്കേറ്റിൽ ഇപ്പോൾ ഇവർ കൊണ്ടുവന്നത്, എക്സിക്യൂട്ടീവ് കൗൺസിൽ നേരത്തെ ഇലക്ടഡ് ആയിരുന്നു. ഇപ്പോൾ എല്ലാം നോമിനേറ്റഡ് ആണ്. എന്നാൽ ഒറീസ്സാ യൂണിവേഴ്സിറ്റി ഏകീകൃത ബില്ലിൽ 6 മെമ്പർ ഇലക്ടഡാണ്. നമ്മുടെ ബില്ലിൽ ഇലക്ടഡ് വട്ടപൂജ്യം. സർവ്വകലാശാലകൾക്ക് സ്വയംഭരണം വേണമെന്നത്, മുതലാളിത്തത്തിന് കീഴിൽ, ആഗോളവത്കരണത്തിനു കീഴിൽ, സോഷ്യലിസത്തിനു കീഴിൽ അംഗീകരിച്ച പ്രഖ്യാപനമാണ്. എന്നാൽ ഈ ബില്ലിലെ പല വ്യവസ്ഥകളും പരിശോധിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

സർവ്വകലാശാലകളെ സർക്കാരിന്റെ വെറുമൊരു കുടിയാനാക്കുകയാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കേണ്ടുന്ന പ്രവർത്തനങ്ങൾ വിവിധ ബ്യൂറോക്രാറ്റുകളുടെ നിക്ഷിപ്ത താൽപ്പര്യത്തിന് കീഴ്പ്പെടുത്തുന്ന വിധത്തിലാണ് ഈ ബില്ലിലെ വ്യവസ്ഥകൾ. അത്തരം വ്യവസ്ഥകൾ ഈ ബില്ലിലെ ഏതെങ്കിലും ഒരു വകുപ്പിൽ മാത്രമല്ല, ബഹുമാനപ്പെട്ട രാജൻ ബാബു തെറ്റിദ്ധരിക്കരുത്, ഈ ബില്ലിലെ വിവിധ വകുപ്പുകളിൽ പരന്നു കിടക്കുകയാണ്. 120-ൽ 26 പേർ, നേരത്തെ ഭൂരിപക്ഷ ഇല ക്ടഡ് ആയിരുന്നു. അതുപോര എന്തു ചെയ്യാനും സുപ്രീം അതോറിറ്റിയാണ് സിൻഡിക്കേറ്റ്. സുപ്രീം അതോറിറ്റിയല്ല പല്ലുകൊഴിഞ്ഞ സിംഹമാണ്. നിരവധി വകുപ്പുകളിൽ സർവ്വകലാശാലയെ സർക്കാരിന്റെ കീഴിലാക്കുന്ന സമീപനമാണ് സ്വീക രിച്ചിട്ടുള്ളത്. ഇന്നത്തെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സകല സമിതികളുടേയും ചെയർമാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ആകേണ്ടതുണ്ടോ? അദ്ദേഹത്തിനിപ്പോൾത്തന്നെ പിടിപ്പതു ജോലിയാണ്. എല്ലാറ്റിന്റേയും ചെയർമാൻ സ്ഥാനവും ചുമതലയും അദ്ദേഹത്തെ ഏൽപ്പിച്ചാൽ എന്തായിരിക്കും അവസ്ഥ? ചിലതൊക്കെ വിദ്യാഭ്യാ വിദഗ്ദ്ധൻമാരെ ഏൽപ്പിച്ചുകൂടെ? കേരളം വിദ്യാഭ്യാസ രംഗത്ത് ജനാധിപത്യത്തിന് തുല്യതയും പിന്നോക്ക വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനയും ഒരു പരിധിവരെ കൈവരിച്ചിരിക്കുന്നു. കഴിഞ്ഞ കാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ അവയുടെ പോരായ്മകൾ തിരുത്തുന്നതിനു പകരം, ജനാധിപത്യത്തിന് തുല്യതയും പിന്നോക്ക പരിഗണനയും വേണ്ടെന്നുവയ്ക്കുന്ന വ്യവസ്ഥയാണ് ഈ ബില്ലിലുള്ളത്. ഇത് ഉന്നത വിദ്യാഭ്യാസ രംഗത്ത് വേണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. പക്ഷേ ഈ ബില്ലിലെ 94-ാം ക്ലാസ്സ് വേണ്ട, നമുക്ക് പ്രത്യേക സ്റ്റാറ്റ്യൂട്ടാകാം. അഫിലിയേറ്റഡ് കോളേജുകൾ മാത്രം പോരാ. ഈ പറയുന്ന വിധത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ മാർഗ്ഗനിർദ്ദേശം കൊടുക്കാൻ ഒരു കൗൺസിൽ ഈ ബില്ലിന്റെ പരിധി യിൽ വരുന്നത് 4-ാം ക്ലോസ്സിൽ മാത്രമാണ്. ഇതിന് വെളിയിൽ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കുവേണ്ടി കൊച്ചിൻ യൂണിവേഴ്സിറ്റിക്കുവേണ്ടി, സംസ്കൃത യൂണിവേഴ്സിറ്റിക്കുവേണ്ടി, അതുപോലെ കാർഷിക സർവ്വകലാശാലയ്ക്കുവേണ്ടി ഇനി നിങ്ങൾ രൂപീകരിക്കാൻ പോകുന്ന ടെക്നിക്കൽ യൂണിവേഴ്സിറ്റിക്കുവേണ്ടി, സാങ്കേ തിക സർവ്വകലാശാലയ്ക്കുവേണ്ടി ഈ സർവ്വകലാശാലകളേയും കേരളത്തിലെ ഗവേ ഷണ സ്ഥാപനങ്ങളേയും എല്ലാം തന്നെ ഈ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ കമ്മീഷന്റെ പരിധിയിൽ നമുക്ക് കൊണ്ടുവരാം. അങ്ങനെ ഒരു പ്രത്യേക സ്റ്റാറ്റ്യൂട്ട് ആക്കാം. 94(4)-ൽ പറയുന്നത് എന്താണ്? സംസ്ഥാനത്തെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിന്റേയും മാർഗ്ഗനിർദ്ദേശക സമിതിയാകണം ഉന്നത വിദ്യാഭ്യാസ കൗൺസിൽ, അതിന് ഈ ബില്ലിലെ വ്യവസ്ഥ കൊണ്ട് സാധിക്കുകയില്ല. അതു കൊണ്ട് ഈ വ്യവസ്ഥ മാറ്റണം. സർ, തമിഴ്നാട്ടിലും മദ്ധ്യപ്രദേശിലും ഈ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ചെയർമാൻ മുഖ്യമന്ത്രിയാണ്. കാരണം വിവിധ വകുപ്പു കളുമായി ബന്ധപ്പെട്ടതാണ് ഈ വിഷയം എന്നതുകൊണ്ട്. ആ സമിതിയിൽ ഇപ്പോൾ ബില്ലിൽ വ്യവസ്ഥ ചെയ്ത ആകെയുള്ള 15 പേരിൽ ഭൂരിപക്ഷവും ഉദ്യോഗസ്ഥൻമാരാണ്. വിദ്യാഭ്യാസ വിദഗ്ദ്ധൻമാർ 3 പേർ മാത്രം. സ്വാശ്രയ സ്ഥാപനങ്ങളുടെ പ്രതിനിധികളായി രണ്ടുപേരെ കൊണ്ടുവരാൻ 94-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ ലക്ഷ്യം വളരെ വ്യക്തം. ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുകയല്ല, മറിച്ച് വാണിജ്യവൽക്കരണമെന്ന നിഗൂഢലക്ഷ്യമാണ്. സ്വാശ്രയ വിദ്യാഭ്യാസ മാനേജ്മെന്റിന്റെ താളത്തിനൊത്ത് തുള്ളുന്ന ഒന്നായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ മാറും. ഈ കൗൺസിലിന് വിവിധമായ അധികാരം നൽകിയിരിക്കുന്നു. നാല് സർവ്വകലാശാലകളും ഭാവിയിൽ എന്ത് ചെയ്യുന്നതും ഈ കൗൺസിലിന്റെ അനുവാദത്തോടുകൂടി മാത്രമേ പറ്റൂ. യു. ജി. സി. ഗ്രാന്റിന് അപേക്ഷിക്കാൻ പോലും അനുമതി വേണം. ഇത് സർവ്വകലാശാലകളുടെ പ്രവർത്തനത്തെ പോലും സ്തംഭിപ്പിക്കുന്നു. വൈസ് ചാൻസലർമാർ കൗൺസിലിന്റെ ആജ്ഞാനുവർത്തികളായി മാറേണ്ടി വരും. കേരളത്തിൽ വി. സി. മാരാകാൻ ഇഷ്ടപ്പെടാത്ത സ്ഥിതിയുണ്ടാകുന്ന വിധം ഈ അധികാര ദുർവിനിയോഗം മാറും. കൗൺസിൽ വ്യവസ്ഥ ബില്ലിൽ നിന്ന് മാറ്റണം. ഇവിടെ ഇതൊരു സൂപ്പർ സിൻഡിക്കേറ്റായി മാറാനാണ് പോകുന്നത്. അതിലൂടെ വിദ്യാഭ്യാസ മന്ത്രി ഭരിക്കും. സർവ്വകലാശാലകൾ കോളേജുകളുടെ .....(മൈക്ക് ഓഫ്) .....നിയന്ത്രണവും വഹിക്കുന്നുണ്ട്. അവയ്ക്ക് മുന്നിൽ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്, സ്വാശ്രയം എന്നിങ്ങനെ കോളേജുകൾ തമ്മിൽ ഒരു ഭേദവുമില്ല. അങ്ങനെ പാടില്ല. ബില്ലിൽ സർക്കാർ എയ്ഡഡ് അദ്ധ്യാപക നിയമനം യോഗ്യത നോക്കി അംഗീകരിക്കാൻ സർവ്വകലാശാലകൾക്ക് അധികാരം നൽകുന്നു. അൺ എയ്ഡഡിന്റെ കാര്യത്തിൽ ഈ അധികാരമില്ല.

Mr. Deputy Speaker: Please conclude, Please.....

ശ്രീ. എം. വി. ജയരാജൻ: ഈ പോയിന്റ് കൂടി പറഞ്ഞിട്ട് നിർത്താം. ഈ കാര്യത്തിൽ ബില്ലിൽ പറയുന്നത് അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ സർക്കാർ വേണ്ട നിർദ്ദേശം നൽകണമെന്നാണ്. എങ്കിൽ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വാശ്രയ കോളേജുകൾ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്യണ്ടേ? സർക്കാരിനോട് അഫിലിയേറ്റ് ചെയ്യേണ്ടേ? സി. എച്ച്. മുഹമ്മദ് കോയയുടെ 1968, ജനുവരി 21-ലെ നിയമസഭാ പ്രസംഗം കൂടി ഉദ്ധരിച്ചിട്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കാം. 'വിദ്യാർത്ഥികൾക്ക് ഇപ്പോൾ കൊടുത്തിരിക്കുന്ന പ്രാതിനിധ്യം മതിയായി എന്നെനിക്ക് അഭിപ്രായമില്ല. കൂടുതൽ പ്രാതിനിധ്യം കൊടുക്കേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യം വന്നാൽ അപ്പോൾ നമുക്ക് കൊടുക്കാൻ സാധിക്കും'. ഇപ്പോൾ സി.എച്ച്.-ന്റെ അനുയായി കൊണ്ടുവന്ന ബില്ലിൽ വിദ്യാർത്ഥി പ്രാതിനിധ്യമേയില്ല.

Mr. Deputy Speaker: Please conclude, Please.....

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ ബില്ലിനകത്തുനിന്ന് സംസാരിക്കുകയാണ്. അദ്ധ്യാപകരുടെ സൻമാർഗ്ഗ സംഹിത സംബന്ധിച്ച് അദ്ധ്യാപക കൺസൾട്ടേറ്റീവ് കമ്മിറ്റിക്ക് നിശ്ചയിക്കാനുള്ള അധികാരം നൽകുകയാണ്. നമ്മുടെ ബില്ലിൽ 89(5) ക്ലാസ്സ് അനുസരിച്ച് എന്താണ്? മാനേജർമാർക്ക് സൻമാർഗ്ഗ സംഹിത വേണ്ടേ? മാനേജർമാരോട് എന്താണ് നിങ്ങൾക്ക് ഇങ്ങനെ ഒരു കൂട്ടക്കച്ചവടം? അപ്പോൾ മാനേജർമാരോട് നിങ്ങൾക്ക് പ്രത്യേകമായ ഒരു വിധേയത്വം. എയ്ഡഡ് കോളേജിലെ

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപക നിയമനത്തിന് പി. എസ്. സി. മാതൃകയിൽ ഒരു റിക്രൂട്ട്മെന്റ് ബോർഡ് വേണ്ടേ? ബില്ലിൽ ആ വ്യവസ്ഥയില്ല. നിയമനം മാനേജ്മെന്റും ശമ്പളം സർക്കാരും. നമ്മളെല്ലാവരും ആലോചിക്കണം. ആ നില മാറണം. അതുകൊണ്ട് എയ്ഡഡ് കോളേജിലെ അദ്ധ്യാപക നിയമനത്തിൽ വ്യക്തമായിട്ടുള്ള വ്യവസ്ഥ വേണം. എയ്ഡഡ് കോളേജുകളുടെ മേൽ ഇന്നുള്ള പരിമിതമായ നിയന്ത്രണം പോലും നഷ്ടപ്പെടുത്തുകയാണ് ഈ ബില്ലിൽ ചെയ്യുന്നത്. ഗവേണിംഗ് ബോഡിയിൽ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള പ്രാതിനിധ്യമില്ല. യൂണിവേഴ്സിറ്റികളെ നിയന്ത്രിക്കാൻ വ്യവസ്ഥ കൊണ്ടുവന്നുവെന്ന് പറയുന്ന നിങ്ങൾക്ക് സ്വകാര്യ കോളേജുകളെ നിയന്ത്രിക്കാൻപോലും കഴിയാത്ത അവസ്ഥയാണ് ഇപ്പോൾ സംജാതമായിട്ടുള്ളത്. അവസാനമായി ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. അടിയന്തിര സ്ഥിതി വിശേഷം വന്നാൽ സർവ്വകലാശാലാ അധികാരികളെയോ സമിതികളെയോ സസ്പെന്റ് ചെയ്യാനും പിരിച്ചുവിടാനും ഗവർണ്ണർക്ക് അധികാരമുണ്ട്. എന്നാൽ ആ അധികാരം ഗവർണ്ണർ വിനിയോഗിക്കണമെങ്കിൽ സർക്കാരുമായി കൂടിയാലോചന നടത്തണമെന്ന് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട രാജൻബാബു ആ വ്യവസ്ഥ നോക്കണം. ഗവർണ്ണർ വിദ്യാഭ്യാസമന്ത്രിയുടെ കീഴിൽ വരേണ്ടിവരും. അക്കാഡമിക് നിലവാരം ഉയർത്തണമെങ്കിൽ അക്കാഡമിക് കൗൺസിലിന് പ്രാമുഖ്യം കൊടുക്കണം. ഈ ബില്ലിൽ അത്തരമൊരു കാഴ്ചപ്പാടില്ല. അധികാരമില്ലാത്ത ഒരു സമിതിയാണ് അക്കാഡമിക് കൗൺസിൽ. എക്സിക്യൂട്ടീവ് കൗൺസിലിന്റെ കീഴിലാണത്. അത് നോമിനേറ്റഡ് ബോഡിയാണ്. 34 പേരുണ്ട്. എല്ലാം നോമിനേറ്റഡാണ്. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് അക്കാഡമിക് നിലവാരം മെച്ചപ്പെടുത്താൻ വേണ്ടി അക്കാഡമിക് കൗൺസിലിൽ വിദഗ്ദ്ധൻമാരെ കൊണ്ടുവരാൻ കഴിയും വിധത്തിൽ അതിന്റെ നില മാറണം. അവസാനമായി ഒറ്റകാര്യം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. വി. സി.-മാരുടെ പാനൽ തയ്യാറാക്കുന്ന ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയിൽ നാല് ആളാണ്. ഗവർണ്ണർ നിശ്ചയിക്കുന്ന ഒരാൾ, ഗവൺമെന്റ് നിശ്ചയിക്കുന്ന ഒരാൾ, യു. ജി. സി. നിശ്ചയിക്കുന്ന ഒരാൾ, എക്സിക്യൂട്ടീവ് കൗൺസിൽ തെരഞ്ഞടുക്കുന്ന ഒരാൾ എന്നിങ്ങനെ നാല് ആളാണ്. പഴയ നിയമത്തിലുള്ളത് പോലെ 3 പോരേ? ഈ ഗവർണ്ണറും ഗവൺമെന്റും നിശ്ചയിക്കുന്ന രണ്ട് പേർ എന്തിനാണ്? ഗവർണ്ണറും ഗവൺമെന്റും രണ്ടും രണ്ടായിട്ടാണോ?

Mr. Deputy Speaker: Please resume your seat.

ശ്രീ. എം. വി. ജയരാജൻ: ഇതിന്റെ അർത്ഥം ഗവർണ്ണറും ഗവൺമെന്റും രണ്ട് കൊമ്പത്താകുമെന്ന സൂചനയാണ്. എല്ലാ ഉത്തരവുകളും ഇറക്കുന്നത് ഗവർണ്ണറുടെ പേരിലാണ്. അതുകൊണ്ട് അത് മാറ്റണം. യൂണിവേഴ്സിറ്റി സ്വയംഭരണാവകാശവും സ്വതന്ത്ര്യവും സംരക്ഷിക്കുന്ന വിധത്തിൽ നിയമത്തിൽ വ്യവസ്ഥ ഇല്ലാത്ത പശ്ചാത്തലത്തിൽ ഈ ബില്ലിനെ എതിർക്കാതിരിക്കാൻ നിർവ്വാഹമില്ല. ഇതിനെക്കുറിച്ച് വിശദമായ പഠനം വേണം. സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണം.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. എ. ഡി. മുസ്തഫ: സർ, ഞാൻ ഈ ബില്ലിനെ പിന്താങ്ങുകയാണ്. ഈ ബില്ലിനെതിരെ കൊണ്ടുവന്ന രണ്ട് ആരോപണങ്ങളിൽ ഒന്ന്, ഇങ്ങനെ ഒരു ഏകീകൃത സർവ്വകലാശാലാ ബില്ലിന്റെ ആവശ്യകത ഉണ്ടോയെന്നുള്ളതാണ്. ജനാധിപത്യ സ്വഭാവത്തെ ഹിംസിച്ചുകൊണ്ട് സർവ്വകലാശാലകളെ സർക്കാരിന്റെ മറ്റൊരു ഡിപ്പാർട്ടു മെന്റായി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ ബിൽ എന്നാണ് രണ്ടാമത്തെ ആരോപണം. ഒരു ഏകീകൃത സർവ്വകലാശാലാ ബിൽ കേരളത്തെ സംബന്ധിച്ചിട ത്തോളം ആവശ്യമാണ്. തിരുവനന്തപുരത്തും കോട്ടയത്തും കോഴിക്കോടും കണ്ണൂരു മുള്ള നാല് സർവ്വകലാശാലകളെയാണ് ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നത്. കേരളം ഒരു കൊച്ച് സംസ്ഥാനമാണ്. ഒരു ഗ്രാമം എവിടെ അവസാനിക്കുന്നുവെന്ന് ഒരാൾക്കും പറയാൻ പറ്റാത്ത രൂപത്തിൽ ഭൂമിശാസ്ത്രപരമായി തുടർച്ചയായുള്ള ഒരു പ്രദേശമാണ്. ഈയിടെ തമാശയായി ഒരാൾ പറഞ്ഞു, ഒരു മദാമ കേരളം കാണാൻ വേണ്ടി തിരുവനന്തപുരത്ത് വന്നു. തമ്പാനൂർ റെയിൽവേസ്റ്റേഷനിലെ ടാക്സി ഡ്രൈവറോട് പറഞ്ഞു എനിക്ക് കേരളം ഒന്ന് കാണണമെന്ന്. അദ്ദേഹം തിരുവനന്തപുരത്ത് നിന്ന് മദാമയെ കാസർഗോഡ് വരെ കൊണ്ടുപോയി തിരിച്ച് കൊണ്ടുവന്നു. എന്നിട്ട് ചോദിച്ചു, കേരളം എങ്ങനെയുണ്ടെന്ന്? അവരുടെ മറുപടി—'Kerala is a large town' എന്നാണ്. കാസർഗോഡ് മുതൽ നമ്മുടെ അതിർത്തി വരെ. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ പ്രദേശമായ പാറശ്ശാല വരെ ജീവിതത്തിന് ഏകദേശം അടിസ്ഥാന പരമായ ഒരു സാമീപ്യമാണുള്ളത്. തമിഴ് ചുവയുള്ള പ്രദേശങ്ങളിൽ അൽപ്പം തമിഴ് സംസാരിക്കും. കന്നട പ്രദേശങ്ങളുമായി അടുത്തുള്ള കാസർഗോഡ് പ്രദേശത്ത് കന്നട സംസാരിക്കും എന്നത് ഒഴിച്ചാൽ അടിസ്ഥാനപരമായി ജീവിതത്തിന് ഏകദേശ രൂപമുള്ള ഒരു സ്ഥലമെന്ന നിലയിൽ ഈ നാല് സർവ്വകലാശാലകളേയും യോജിപ്പി ച്ചുകൊണ്ടുള്ള ഒരു നിയമം അത്യന്താപേക്ഷിതമാണെന്ന് ഞാൻ ഇവിടെ സൂചിപ്പിക്കു കയാണ്. പരീക്ഷയാണ് വലിയ ഒരു ഘടകം. ഈ നാല് യൂണിവേഴ്സിറ്റികൾ വ്യത്യസ്തമായ സംവിധാനത്തിൽ പ്രവർത്തിക്കുന്നതുകൊണ്ട് ഒരു യൂണിവേഴ്സിറ്റി യിലെ പരീക്ഷ കഴിഞ്ഞ് മറ്റ് യൂണിവേഴ്സിറ്റികളിൽ ആർക്കെങ്കിലും ചേരണമെങ്കിൽ കഴിഞ്ഞ 31 വർഷക്കാലത്തെ ഒരു അദ്ധ്യാപകനെന്ന നിലയിൽ എനിക്ക് മനസ്സിലാ ക്കാൻ കഴിഞ്ഞത്, പല ഘട്ടങ്ങളിലും വിദ്യാർത്ഥികൾക്ക് ധാരാളം പ്രയാസമുണ്ടെന്നാണ്. എക്സാമിനേഷൻ ഒരേ സമയത്ത് നടത്തുക എന്നുള്ളത് ഇതിന്റെ വലിയൊരു സംവിധാനമായതുകൊണ്ട്, തീർച്ചയായും ഇത് വളരെ സ്വാഗതാർഹമാണെന്ന് ഞാൻ സൂചിപ്പിക്കട്ടെ. ഇവിടെ കമ്മ്യൂണിറ്റി കോളേജിനെക്കുറിച്ച് സൂചിപ്പിച്ചു. അതിനെക്കുറിച്ച് അൽപ്പം ഒരു വ്യത്യസ്തമായ അഭിപ്രായമുള്ള ഒരാളാണ് ഞാൻ. ഈ കമ്മ്യൂണിറ്റി കോളേജ് കൊണ്ടുദ്ദേശിക്കുന്നത്, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ അല്ലെങ്കിൽപ്പോലും കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്ന് ഇലക്ട്രോണിക്സ് മീഡിയായുടെ എല്ലാ സംവിധാന ങ്ങളും മുക്കിലും മൂലയിലും എത്തിയ സാഹചര്യത്തിൽ ഒരു പ്രത്യേക പ്രദേശ ത്തിന്റെ പേരുപറഞ്ഞുകൊണ്ട്, ഒരു പ്രത്യേക വിഭാഗത്തിന്റെ പേര് പറഞ്ഞുകൊണ്ട്, ഒരു പ്രത്യേക സംവിധാനം കോളേജിന് ആവശ്യമുണ്ടെന്ന് അഭിപ്രായമുള്ള ആളല്ല ഞാൻ എന്ന് ഇവിടെ സൂചിപ്പിക്കുന്നു. ഈ യൂണിവേഴ്സിറ്റി ബില്ലിനെക്കുറിച്ച് പറയു മ്പോൾ രണ്ടാമതായി ഉയർത്തിയ ഏറ്റവും വലിയ ആക്ഷേപം ഒരു ജനാധിപത്യ

LIBRARY ARCHIVES Kerala Legislative Assembly

സ്വഭാവത്തെ ഹിംസിക്കുന്നു, ഇത് സർക്കാരിന്റെ ഡിപ്പാർട്ടുമെന്റാക്കി മാറ്റുന്നു എന്നുള്ളതാണ്. ഇന്നത്തെ സർവ്വകലാശാലകളുടെ പ്രവർത്തനത്തിൽ നമ്മൾ ആരെങ്കിലും തൃപ്തരാണോ? തൃപ്തർ ആകാത്തതിന്റെ കാരണം എന്താണ്? ഒരു സർവ്വകലാശാലയെക്കുറിച്ച് നമ്മുടെ ചിന്തയിലുള്ള, ഇമാജിനേഷനുള്ള, താത്വികമായ സങ്കൽപ്പവും നമ്മുടെ നാട്ടിൽ ഇന്ന് നിലനിൽക്കുന്ന സർവ്വകലാശാലകളുടെ പ്രവർത്തനവും തമ്മിൽ തുലനം ചെയ്താൽ ആകാശവും ഭൂമിയും തമ്മിലുള്ള വ്യത്യാസം കാണാം. നാം സർവ്വകലാശാലകൊണ്ടുദ്ദേശിക്കുന്നത് observation, experimentation, realization of truth—സാംസ്കാരികമായ, വൈജ്ഞാനികമായ തലങ്ങളിലുള്ള മഹത്തരമായ പ്രവർത്തനങ്ങളാണ്. നമ്മുടെ യൂണിവേഴ്സിറ്റിയുടെ അവസ്ഥ എന്താണ്? വിക്ടർ യൂഗോ പറയുകയുണ്ടായി "ഒരു വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുകയെന്നു പറഞ്ഞാൽ ഒരു ജയിൽ അടയ്ക്കുകയെന്നുള്ളതാണ്." പക്ഷെ ഇവിടെ ഏറ്റവും അധികം ആളുകൾ ജയിലിലേക്ക് കടന്നു വരുന്നത്, കേസ്സുകളിൽ പ്രതിയാകുന്നത് വിദ്യാർത്ഥികളാണ് എന്ന വസ്തുത നമ്മൾ മറക്കരുതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഇവിടെ സർവ്വകലാശാലകളുടെ ഫങ്ഷനിംഗ്, റീസ്ട്രക്ചറിംഗ് നടത്തണമോ, സർവ്വകലാശാലകളുടെ പ്രവർത്തനങ്ങളിൽ റീസ്ട്രക്ചറിംഗ് ആവശ്യമാണോ? തീർച്ചയായും ആവശ്യമാണ്. കാരണം ഈ സർവ്വകലാശാല നമ്മൾ ആരും ഉദ്ദേശിക്കുന്ന രൂപത്തിൽ വളരാതെ മുന്നോട്ട് പോകാത്തതിന്റെ കാരണമെന്നു പറയുന്നത്, പല കാരണങ്ങളുണ്ടാകാം. കേരളം പോലുള്ള ധാരാളം കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങൾ സാമ്പത്തികമായി പരാധീനതകൊണ്ടാകാം, നമ്മുടെ സർവ്വകലാശാലകളെ അതിന്റേതായ തലത്തിൽ വീക്ഷിക്കുമ്പോൾ വിജ്ഞാനകുതുകികളായ വിദ്യാർത്ഥികൾ, മാർഗ്ഗനിർദ്ദേശം നൽകുന്ന അദ്ധ്യാപകൻമാർ, പൂർണ്ണമായ സ്വാതന്ത്ര്യമുള്ള സംവിധാനങ്ങൾ, 24 മണിക്കൂർ പ്രവർത്തിക്കുന്ന ലൈബ്രറികൾ, ലബോറട്ടറികൾ ഇതൊന്നും നമ്മുടെ കേരളത്തിന്റെ ഇന്നത്തെ സാമ്പത്തിക സാഹചര്യത്തിൽ കുട്ടികളുടെ പെരുപ്പവും എണ്ണവും കണക്കിലെടുത്തുകൊണ്ട് സാധ്യമല്ല എന്ന വസ്തുത നമുക്കറിയാം. സർവ്വകലാശാലകളെ ഏൽപ്പിച്ചെങ്കിലും ഒന്ന് നന്നാക്കണമെങ്കിൽ ധാരാളം കാര്യങ്ങൾ ആവശ്യമാണെങ്കിലും ഏറ്റവും അടിയന്തിരമായി ചെയ്യേണ്ടത് സ്റ്റുഡന്റ്സ് പൊളിറ്റിക്സിനെ നിയന്ത്രിക്കുക എന്നുള്ളതാണ്. നമ്മുടെ കോളേജുകളിൽ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഏറ്റവും കൂടുതൽ വാശിയേറിയ മത്സരം നടക്കുന്നത് University Union Councillor (U.U.C.) സ്ഥാനത്തേക്കുള്ള മത്സരമാണ്. എങ്ങനെയെങ്കിലും സർവ്വകലാശാലയുടെ ഭരണസാരഥ്യത്തിൽ കടന്നുവന്നുകൊണ്ട് അവിടെ കാര്യങ്ങൾ നടത്തുക. നമ്മുടെ കേരളത്തിൽ നാല് യൂണിവേഴ്സിറ്റികളുണ്ട്. രണ്ട് യൂണിവേഴ്സിറ്റികളിൽ ഇലക്ഷനുണ്ട്. തിരുവനന്തപുരത്തെ കേരള യൂണിവേഴ്സിറ്റിയിലും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലും തെരഞ്ഞെടുപ്പ് നടക്കുമ്പോൾ കണ്ണൂരും കോഴിക്കോടും മാത്രമാണ് നോമിനേഷനായിട്ടുള്ളത്. ഈ രണ്ട് സർവ്വകലാശാലകളിലുമാണ് ഇലക്ഷനുള്ളത്. സ്വാഭാവികമായി ഇലക്ഷനിൽ വിദ്യാർത്ഥികളുടെ ഈ തെരഞ്ഞെടുപ്പ് ജ്വരവും അതോടനുബന്ധിച്ച് രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് അൽപ്പം കടിഞ്ഞാണിട്ടുകൊണ്ട് സർവ്വകലാശാലകളെ നിയന്ത്രിക്കാൻ സാധിച്ചാൽ തീർച്ചയായിട്ടും അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. മറ്റൊരു കാര്യം, എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

വിയോജിപ്പുള്ളത് സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷന്റെ കാര്യത്തിലാണ്. ഗവൺമെന്റ് കോളേജസ്, എയ്ഡഡ് കോളേജസ് ഇപ്പോൾ പുതുതായി സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷൻസ് വന്നു. അവിടെ ഡൊണേഷനെക്കുറിച്ച് പറയുന്നുണ്ട്. അത് അംഗീകരിക്കുന്നു. പക്ഷെ ഫീസ് സ്ട്രക്ചർ നിയന്ത്രിക്കാനുള്ള സംവിധാനങ്ങൾ തീർച്ചയായിട്ടും വരണം. നമുക്കറിയാമല്ലോ, നാല് മെഡിക്കൽ കോളേജുകൾ അനുവദിച്ചപ്പോൾ ഒരു മെഡിക്കൽ കോളേജ്, പുഷ്പഗിരി കോളേജ് ഗവൺമെന്റ് വിളിച്ച യോഗത്തിൽപ്പോലും പങ്കെടുക്കാൻ തയ്യാറില്ലാതിരുന്ന ഘട്ടത്തിൽ തീർച്ചയായും സെൽഫ് ഫിനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ ഫീസ് സ്ട്രക്ചറിനെക്കുറിച്ച്, അദ്ധ്യാപകൻമാരുടെ സാലറിയെക്കുറിച്ച് ധാരണ ഉണ്ടാകണം. ഇത്തരത്തിൽ വകുപ്പിനെ കാണണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റൊന്ന് മലയാള പഠനത്തിനായി മലയാളം കൂടുതലായി കോളേജുകളിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള ഒരു പ്രൊവിഷൻ അതിലുണ്ട്. നമുക്ക് വിതരണം ചെയ്ത ബില്ലിന്റെ കോപ്പിയിൽ പേജ് 16-ൽ പറയുന്നത് സ്വയമോ മറ്റ് സർവ്വകലാശാലകളുടെ സഹകരണത്തോടു കൂടിയോ മലയാള പഠനവും പരീക്ഷയ്ക്കും ബോധന മാധ്യമമായി മലയാളത്തിന്റെ ഉപയോഗം പ്രോൽസാഹിപ്പിക്കാനുള്ളതാണ്. ഒരു കാര്യം ദുഃഖത്തോടെ സൂചിപ്പിക്കുകയാണ്. ഞങ്ങളൊക്കെ പഠിക്കുന്ന കാലത്ത് സ്കൂളുകളിൽ മലയാളമായിരുന്നു. കോളേജുകളിൽ ഇംഗ്ലീഷായിരുന്നു. കോളേജുകളിൽ അദ്ധ്യാപകനായി ജോലി ചെയ്ത കാല ഘട്ടത്തിൽ ആദ്യമൊക്കെ ഇംഗ്ലീഷിലാണ് പഠിപ്പിക്കാറ്, കുറച്ച് കഴിഞ്ഞപ്പോൾ നമ്മുടെ നാട്ടിലെ കുറെ വിദ്യാഭ്യാസ വിചക്ഷണൻമാരുടെ അഭിപ്രായപ്രകാരം കോളേജുകളിൽ കുട്ടികൾക്ക് പരീക്ഷ എഴുതുന്നതിന് ഒന്നുകിൽ ഇംഗ്ലീഷോ അല്ലെങ്കിൽ മലയാളമോ ആകാമെന്ന് വന്നപ്പോൾ, സത്യത്തിൽ, ഞാൻ അടക്കമുള്ള അദ്ധ്യാപകൻമാരൊക്കെ നമ്മുടെ വിഷയങ്ങളുടെ ദൈർഘ്യത്തെ കുറച്ചുകൊണ്ട് സ്വയം ഒരു ട്രാൻസ്ലേറ്റേഴ്സായി മാറുകയായിരുന്നു. കാരണം മലയാളത്തിൽ എഴുതാം, ഇംഗ്ലീഷിൽ എഴുതാം. മലയാളത്തിൽ പഠിച്ചു വന്ന കുട്ടികളുണ്ട്. ഇംഗ്ലീഷിൽ പഠിച്ചു വന്ന കുട്ടികളുണ്ട്. അതുകൊണ്ട് ഒരു വിഷയത്തെക്കുറിച്ചുതന്നെ ഒരു സ്വയം ട്രാൻസ്ലേറ്റേഴ്സായി നമ്മുടെ അദ്ധ്യാപനത്തെ തീർച്ചയായും അതു ബാധിക്കുകയുണ്ടായി. ഇന്ന് ഇപ്പോൾ സ്കൂളുകളിലൊക്കെ കുട്ടികൾ ഇംഗ്ലീഷിലാണ് പഠിക്കുന്നത്. ഇംഗ്ലീഷ് പഠനത്തിനു പ്രാമുഖ്യം ഈ സർക്കാർ നൽകുകയും ചെയ്തിട്ടുണ്ട്. പ്രത്യേക ഐ. ടി.-യുടെയും ബയോ ടെക്നോളജിയുടേയും കാലഘട്ടത്തിൽ, ആംഗല വിദ്യാഭ്യാസം അത്യന്താപേക്ഷിതമായ ഒരു സാഹചര്യത്തിൽ, വീണ്ടും മലയാളത്തെ കൊണ്ടുവന്നുകൊണ്ട് കോളേജിലെ ഉന്നത തലത്തിലുള്ള വിദ്യാഭ്യാസത്തെ അത് ഹനിക്കുമെന്ന കാര്യത്തിൽ സംശയിക്കുകയാണ്. മറ്റൊരു കാര്യം ഞാൻ വിയോജിപ്പ് പ്രകടിപ്പിക്കുന്നത്, പേജ് നമ്പർ 9-ൽ പ്രത്യേക സിദ്ധികളുള്ള യുവാക്കളെ തിരിച്ചറിയുകയും കായിക ആരോഗ്യം പോഷിപ്പിച്ചും മാനസിക കഴിവുകൾ വികസിപ്പിച്ചും ശരിയായ സമീപനങ്ങളും, ധാർമ്മിക സദാചാര മൂല്യങ്ങളും, ഈ ധാർമ്മിക സദാചാരമൂല്യമെന്നു പറയുന്നത് sense of right and wrong തീർച്ചയായും വേണം, പക്ഷെ ഈ ധാർമ്മിക സദാചാരമൂല്യമെന്നു പറഞ്ഞാൽ അതിന് മറ്റൊരു ഡെഫനിഷൻ കൊടുത്തുകൊണ്ട് അല്ലെങ്കിൽ മതത്തിന്റെ പേരിൽ വർഗ്ഗീയത ഏറ്റവും ഒഴുക്കുന്ന ഒരു സാഹചര്യത്തിൽ അതിനെ

LIBRARY ARCHIVES Kerala Legislative Assembly

ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് കാര്യങ്ങൾ നീക്കാൻ എയ്ഡഡ് കേളേജിലെ ആളുകൾ ശ്രമിച്ചാൽ തീർച്ചയായും അക്കാര്യത്തിൽ വിയോജിപ്പ് പ്രകടിപ്പിക്കും. താറുമാറായിക്കിടക്കുന്ന നമ്മുടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ ഏകീകരിച്ചു കൊണ്ട് അൽപ്പമെങ്കിലും മെച്ചമായ ഒരു സംവിധാനം കാഴ്ചവയ്ക്കുക എന്ന സദുദ്ദേശത്തോടുകൂടി കൊണ്ടുവരുന്ന ഈ ബില്ലിനെ ഞാൻ പൂർണ്ണമായി പിന്താങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു. എനിക്ക് മുമ്പു സംസാരിച്ച ബഹുമാന്യ അംഗങ്ങൾ അവർ വിയോജിച്ച ഒരു വാക്കിനെക്കുറിച്ച് എന്റെ അഭിപ്രായം രേഖപ്പെടുത്തി നീങ്ങുന്നതാണ് നല്ലത് എന്ന് തോന്നുന്നു. നമ്മുടെ സമൂഹത്തിൽ ഏറ്റവും വലിയ പ്രശ്നക്കാരും ഏറ്റവും സൂക്ഷിക്കേണ്ട ആളുകളും അരവക്കീലൻമാരും മുറിവൈദ്യം പറയുന്ന ആളുകളുമാണ്. നിയമം അറിയാതെ അരവക്കീലായി വന്നു നിൽക്കുന്ന ആളുകൾ കോട്ട് ഇട്ടാൽ വക്കീലാകുമോ? വൈദ്യന്റെ ബോർഡ് വച്ചാൽ വൈദ്യനാകുമോ? അരവക്കീലും മുറിവൈദ്യനും അതാണ് നമ്മുടെ പ്രധാനപ്പെട്ട പ്രശ്നം. ഈ സർവ്വകലാശാലാ നിയമത്തിൽ ഈ യൂണിഫൈഡ് ബില്ലിനെ കണ്ടിട്ടുള്ള പല ആളുകളും അരവക്കീലിന്റെ നിയമം പറച്ചിൽ പോലെയോ മുറിവൈദ്യന്റെ ഉപദേശം പോലെയുമാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞവസാനിപ്പിച്ചപ്പോൾ രണ്ടു മൂന്ന് ചോദ്യങ്ങൾ അദ്ദേഹം ചോദിച്ചു. അദ്ദേഹം ചോദിച്ചത് ആര് ശുപാർശ ചെയ്തിട്ടാണ് ഈ ബില്ല് കൊണ്ടുവന്നതെന്നാണ്. ഇങ്ങനെ ഏതെങ്കിലും ഒരു സമിതിയിൽ ചർച്ച വന്നോയെന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദിച്ചത്. അദ്ദേഹം എസ്. എഫ്. ഐ.-യുടെ സംസ്ഥാന സെക്രട്ടറിയായിരുന്ന കാലത്ത് ഞാൻ കെ. എസ്. യു. പ്രസിഡന്റായിരുന്ന ഒരു കാലത്തെക്കുറിച്ച് ഓർക്കുകയാണ്. അദ്ദേഹത്തിന്റെ വിദ്യാഭ്യാസ വിദഗ്ദ്ധതയെക്കുറിച്ച് ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷെ രണ്ടായിരാമാണ്ടിൽ പത്മാ രാമചന്ദ്രൻ കമ്മീഷനെ നിയമിച്ചു കേരള സർവ്വകലാശാല. അന്നത്തെ ഗവൺമെന്റ് ആരുടേതാണെന്ന് പരിശോധിക്കണം. ശ്രീമതി പത്മാ രാമചന്ദ്രനെ ഒരു കമ്മീഷനായി നിയമിച്ചു, ആ കമ്മീഷന്റെ ശുപാർശകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരിനം യൂണിഫൈഡ് ആക്ട് കൊണ്ടുവരണമെന്നുതന്നെയാണ്. അദ്ദേഹം അത് പരിശോധിക്കേണ്ടതായിരുന്നു. യൂണിഫൈഡ് ആക്ട് കൊണ്ടുവരണമെന്നുള്ളതാണ്. പക്ഷെ ആ യൂണിഫൈഡ് ആക്ട് വന്നുകഴിഞ്ഞപ്പോൾ അതിനേയും എതിർക്കുകയാണ്. ഇ. എം. എസ്.-നോട് പണ്ട് ഒരു വൈസ് ചാൻസലർ സമയം ചോദിച്ചപ്പോൾ ഇ. എം. എസ്. ആ വൈസ് ചാൻസലറെ കാണാൻ അങ്ങോട്ട് ചെന്നു എന്നു പറഞ്ഞപ്പോൾ നമ്മുടെ ശ്രീമതി ടീച്ചറൊക്കെ രണ്ട് കയ്യും കൂട്ടി കയ്യടിക്കുന്നത് ഞാൻ കണ്ടു. ആഹ്ലാദം കൊണ്ടാണ്. കാരണം ഒരു വൈസ് ചാൻസലറെ കാണാൻ ഇൻഡ്യയിലെ ഏറ്റവും പ്രഗത്ഭമതിയായ ഒരു കമ്മ്യൂണിസ്റ്റ് ചെല്ലാൻ പോകുന്നു എന്ന് കേട്ടപ്പോൾ സന്തോഷം കൊണ്ട് തുള്ളിച്ചാടിയതാണെന്ന് എനിക്ക് അറിയാം. ആ വൈസ് ചാൻസലറെ കാണാൻ എന്റെ സ്നേഹിതൻ ശ്രീ. ജി. സുധാകരന്റെ നേതൃത്വത്തിലുള്ള മാർക്സിസ്റ്റ് അംഗങ്ങൾ അദ്ദേഹത്തിന്റെ വീട്ടിൽ ചെന്ന വിവരവും ഞങ്ങൾക്ക് എല്ലാവർക്കുമറിയാം. വൈസ് ചാൻസലർമാരെ രണ്ടായി കാണാൻ പറ്റുമോ? വിളനിലത്തിനെ കാണാൻ പോയ കാര്യമാണ്. വൈസ് ചാൻസലറെ കാണാൻ

LIBRARY ARCHIVES Kerala Legislative Assembly

ഓഫീസിൽ ചെല്ലാം എന്നു പറഞ്ഞ ഇ. എം. എസ്. എവിടെ നിൽക്കുന്നു. വിളനിലത്തിനെ കാണാൻ അദ്ദേഹത്തിന്റെ വീട്ടിൽ അദ്ദേഹത്തിന്റെ ഫർണിച്ചറുകൾ തകർത്തുകൊണ്ട് ഡ്രോയിംഗ് റൂമിൽ കയറിയ മാർക്സിസ്റ്റുകാർ എവിടെ നിൽക്കുന്നു. രണ്ടും മാർക്സിസ്റ്റ് അല്ലേ, ഈ സമീപനം എടുക്കുന്നത് ശരിയാണോ? ഇവിടെ നിങ്ങൾ ജനാധിപത്യ സ്വഭാവത്തെക്കുറിച്ചൊക്കെ പറഞ്ഞു. ജനാധിപത്യ സ്വഭാവം തകർക്കുന്നു, മുടിക്കുന്നു, എന്നുവേണ്ട പറയാൻ പറ്റുന്ന എല്ലാ ഭാഷകളും നിങ്ങൾ ഇവിടെ സൂചിപ്പിച്ചു. 1988-ൽ നമ്മുടെ നീലലോഹിതദാസൻ നാടാരുടെ പാർട്ടിയിൽപ്പെട്ട അദ്ദേഹത്തിന്റെ നേതാവ് ശ്രീ. ചന്ദ്രശേഖരൻ കേരളത്തിൽ ഒരു നിയമം കൊണ്ടുവന്നു. ആ നിയമത്തിന്റെ പ്രധാനപ്പെട്ട ഉദ്ദേശം ഒന്നേ ഉണ്ടായിരുന്നുള്ളൂ. ഗാന്ധിജി യൂണിവേഴ്സിറ്റി എന്ന് നാമകരണം ചെയ്ത കോട്ടയം കേന്ദ്രീകരിച്ചുള്ള യൂണിവേഴ്സിറ്റിയുടെ പേര് നീട്ടി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എന്നാക്കുക, അങ്ങനെ എം. ജി. യൂണിവേഴ്സിറ്റി എന്നു പേരു പറഞ്ഞിട്ട് ഗാന്ധിജിയെ അവിടെ നിന്ന് പുറത്താക്കുക എന്നുള്ള സദുദ്ദേശത്തോടുകൂടി നിങ്ങൾ 1988-ൽ കൊണ്ടുവന്ന ആ നിയമത്തിൽ പറഞ്ഞ ജനാധിപത്യ സ്വഭാവത്തിൽ കൂടുതൽ ശ്രീ. കുഞ്ഞാലിക്കുട്ടി അവതരിപ്പിച്ച ബില്ലിനകത്ത്, ഇവിടെ നമുക്ക് ചന്ദ്രശേഖരനും എൽ. ഡി. എഫിനും ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ ജനാധിപത്യം, ഇവിടെ വിളമ്പണം എന്നു പറയാൻ നിങ്ങൾക്കുള്ള ധാർമ്മികത ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷെ ഇരിപ്പിടം നിങ്ങളെ കൊഞ്ഞനംകുത്തും എന്നുള്ളത് നിങ്ങൾ മനസ്സിലാക്കണമെന്നു മാത്രമേ ഞാൻ ഓർമ്മിപ്പിക്കുന്നുള്ളൂ. ഇവിടെ പറഞ്ഞ സർവ്വകലാശാലാ ബില്ലിനകത്ത് മതേതരത്വത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ടോ? ഉന്നത മൂല്യങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ടോ എന്നൊക്കെ നമ്മുടെ പ്രിയപ്പെട്ട മത്തായി ചാക്കോ ഇവിടെ ആവർത്തിച്ച് ചോദിക്കുകയുണ്ടായി. ഈ വകുപ്പിനകത്ത് എട്ടാം പേജിൽ അങ്ങ് വായിച്ച വകുപ്പിന് നേരെ മുകളിൽ, അഞ്ചാം വകുപ്പിനകത്ത് എന്ന് പറഞ്ഞിരിക്കുന്ന ഭാഗം ഒന്ന് എടുത്ത് വായിച്ച് നോക്കണം. ഇവിടെ ആ വകുപ്പ് ലിംഗ, വർഗ്ഗ, മത വ്യത്യാസമില്ലാതെ എന്നു പറഞ്ഞ് ഇൻഡ്യൻ ഭരണഘടനയിൽ വിഭാവനം ചെയ്യുന്ന എല്ലാ പ്രൊട്ടക്ഷനും ഈ സംസ്ഥാനത്ത് ഈ അദ്ധ്യയന രംഗത്ത് നിൽക്കുന്ന ആളുകൾക്ക് കൊടുക്കുമെന്ന് വിശദീകരിച്ചു കൊണ്ടുള്ള വകുപ്പ് അദ്ദേഹം വായിക്കേണ്ടതായിരുന്നു. അതാണ് ഞാൻ പറഞ്ഞത് അര വക്കീലിനെ സൂക്ഷിക്കണം. അത് വളരെ പ്രധാനമാണെന്നുള്ളതാണ് എനിക്ക് ഓർമ്മിപ്പിക്കുവാനുള്ളത്. അവിടെ ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമം ഇതിനകത്തുണ്ടല്ലോ. 82-ാം വകുപ്പിനകത്ത് എഴുതിവച്ചിരിക്കുന്നത് അങ്ങ് കണ്ടില്ല എന്നുണ്ടോ? ഡൊണേഷൻ കൊടുക്കുന്നതിനുവേണ്ടി നിയമമുണ്ടാക്കുന്ന ഒരു ഗവൺമെന്റുണ്ടോ എന്ന് അങ്ങ് ചോദിച്ചില്ലേ? ക്യാപ്പിറ്റേഷൻ ഫീസ് അവസാനിപ്പിക്കുവാൻ നടപടിയെടുത്ത ആളുകളാണ് ഞങ്ങൾ. ക്യാപ്പിറ്റേഷൻ ഫീസ് അവസാനിപ്പിക്കുന്നതിനു വേണ്ടിയുള്ള നിയമം ഇതിനകത്ത് എഴുതിവച്ചിരിക്കുകയാണ്. രസീത് കൊടുത്ത് സംഭാവന മേടിക്കുന്നത് ആർക്കാണ് എതിർക്കാൻ പറ്റുന്നത്. നിങ്ങൾക്ക് എതിർക്കാൻ പറ്റുമോ? നിങ്ങളുടെ പാർട്ടിക്ക് എതിർക്കുവാൻ പറ്റുമോ? രസീത് കൊടുത്ത് സംഭാവന മേടിക്കുന്നതിനെ എതിർക്കുവാൻ പറ്റുന്ന ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട ആളുണ്ടെങ്കിൽ എഴുന്നേറ്റെ, ഞാൻ ഇരുന്നു തരാം. അതിനകത്ത് എഴുതിവച്ചിട്ടുള്ളത് രസീത് കൊടുത്ത് സംഭാവന മേടിക്കാമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട തിരുവഞ്ചൂർ, അവരെ അങ്ങനെ ആക്ഷേപിക്കുന്നത് ശരിയല്ല. അവർക്ക് ഈ ബക്കറ്റ് പ്രയോഗവും ഉണ്ടെന്നുള്ള കാര്യം വിസ്മരിക്കരുത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എനിക്കറിയാം ഞാൻ അതിനെക്കുറിച്ചൊന്നും നിങ്ങളെ ആക്ഷേപിക്കുന്നില്ല. കാരണം കുത്തണമെങ്കിൽ മുറിക്കുന്തംവച്ച് കുത്തണ്ട, നേരെയങ്ങ് കുത്തിയാൽ പോരെ. അതുകൊണ്ട് ഞാൻ നിങ്ങളെ ബക്കറ്റ് പറഞ്ഞ് വേദനിപ്പിക്കുവാൻ ആഗ്രഹിക്കുന്നില്ല. ഞാൻ പറഞ്ഞു വരുന്നത്, ഈ ബില്ല് ഈ സമൂഹത്തിലെ ജനങ്ങൾക്ക് ഉപകാരം ചെയ്യുന്നതാണ്. സ്വാശ്രയ കോളേജെന്നു കേൾക്കുമ്പോൾ എന്തൊരു ബഹളമാണ്. സ്വാശ്രയ കോളേജെന്നു കേട്ടാൽ നിങ്ങൾക്ക് ബഹളം ഉണ്ടാക്കാമോ? അറുപതുകളുടെ അവസാനത്തിൽ കേരളത്തിൽ ആദ്യമായി ആരംഭിച്ച സ്വാശ്രയ കോളേജ് ലാ അക്കാഡമിയാണ്. ആരാണ് അതിന്റെ ചെയർമാൻ? നിങ്ങളുടെ ബുദ്ധിജീവി വിഭാഗത്തിൽ പലപ്പോഴും നിങ്ങൾക്ക് സഹായകമായിരുന്ന ഹൈക്കോടതി ജസ്റ്റിസ് ആയിരുന്ന നമ്മുടെ വി. ആർ. കൃഷ്ണയ്യർ ആണ്. സ്വാശ്രയ കോളേജ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ അഡ്വൈസറി കമ്മിറ്റിയിൽ കെ. ചന്ദ്രശേഖരൻ ഉണ്ടെന്നുള്ളത് നീലലോഹിതദാസൻ ഇപ്പോഴും അറിഞ്ഞിട്ടുണ്ടാകുകയില്ല. കെ. ചന്ദ്രശേഖരൻ അതിനകത്തുണ്ട്. സ്വാശ്രയ കോളേജിന്റെ അഡ്വൈസറി കമ്മിറ്റിയിൽ ജസ്റ്റീസ് സുബ്രഹ്മണ്യം പോറ്റി ഉണ്ടായിരുന്നു എന്നുള്ള വിവരം മാർക്സിസ്റ്റ് സ്നേഹിതൻമാരും അറിഞ്ഞിരിക്കുകയില്ല. അറിഞ്ഞിരുന്നുവെങ്കിൽ നിങ്ങൾ ഇതൊന്നും പറയുകയില്ല എന്നെനിക്കറിയാം. അതിനുള്ള ക്ലുവർനെസൊക്കെ നിങ്ങൾക്കുണ്ട്. നിങ്ങൾ ഇത് അറിഞ്ഞിരുന്നുവെങ്കിൽ മിണ്ടുകയേ ഇല്ലായിരുന്നു. കേരളത്തിൽ സ്വാശ്രയ കോളേജ് എന്നു പറയുന്ന പുതിയ സംവിധാനത്തിന്റെ വക്താക്കളും ഉപദേഷ്ടാക്കളും പിന്നണിഗായകരും മുന്നണി പ്രവർത്തകരുമായി എപ്പോഴും നിന്നിട്ടുള്ളത് ഇടതുപക്ഷ സഹയാത്രികരായിട്ടുള്ള ആളുകളും, പാർട്ടി അംഗത്വമുണ്ടോ എന്ന് ഇപ്പോഴും പരിശോധിക്കേണ്ട ഇടതുപക്ഷക്കാരുമാണ്. നിങ്ങൾക്ക് എങ്ങനെ അതിനെ എതിർക്കുവാൻ പറ്റുമെന്ന് എനിക്കറിയില്ല. ഈ കോളേജ് വന്ന് കഴിയുമ്പോൾ, ഈ പുതിയ നിയമം പാസ്സായി കഴിയുമ്പോൾ, നിങ്ങൾക്കു മനസ്സിലാകും. ഇപ്പോൾ സ്വാശ്രയ കോളേജുകൾ ഇഷ്ടംപോലെ പണം പിരിക്കുന്നു, ഇഷ്ടംപോലെ കുഴപ്പമുണ്ടാക്കുന്നു. അതിനൊക്കെ ഈ ഗവൺമെന്റ് കൂട്ടുനിൽക്കുന്നു എന്നൊക്കെ പറഞ്ഞു, ഈ ഗവൺമെന്റിനോട് ചില കാര്യങ്ങളിലെങ്കിലും നിങ്ങൾ ഒരു സഹിഷ്ണുത കാട്ടിയ ഒരു സമീപനം വേണ്ടേ? ഈ സഭ ഒരുമിച്ച് നിന്നുകൊണ്ട് ചില പ്രശ്നങ്ങളിൽ ഒറ്റക്കെട്ടായി നിൽക്കുമെന്നുള്ള തീരുമാനമെടുത്തു. ഗവൺമെന്റ് നിയമം കൊണ്ടു വരുമെന്ന് പറഞ്ഞു. ഞങ്ങൾക്ക് ചില അഭ്യൂഹങ്ങളുണ്ട്. സുപ്രീം കോടതിയിൽ കേസ് കിടക്കുന്നതുകൊണ്ട് ആ നിയമം ഇവിടെ കൊണ്ടുവന്നാൽ ആ നിയമം കോടതിയെ ഹോസ്റ്റൽ ആക്കുമോ എന്ന് സംശയിക്കുന്നതുകൊണ്ട് സ്വാഭാവികമായി ഒരു ന്യായം നോക്കി ഞങ്ങൾ കാത്തിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അവതരിപ്പിച്ച ഈ ബില്ല് നിങ്ങൾ അംഗീകരിച്ചില്ലല്ലോ? നിങ്ങൾ അതിന് സഹിഷ്ണുത കാണിച്ചില്ലല്ലോ? നിങ്ങൾ സഹിഷ്ണുത കാണിക്കാതെ നിങ്ങൾ ചോദിച്ചു, നമ്മുടെ കോളേജുകളിലെ, മെഡിക്കൽ കോളേജുകളിലെ ഫീസ് ഒന്നര ലക്ഷത്തിനു പുറത്ത്വച്ചത് ഈ നാട്ടിലെ പാവപ്പെട്ടവരെ എങ്ങിനെ സഹായിക്കു

മെന്ന്. നമ്മുടെ നാട്ടിൽ പാവപ്പെട്ടവരുണ്ടോ? നമ്മുടെ നാട്ടിൽ പാവപ്പെട്ടവരുള്ളതിനേക്കാൾ കൂടുതൽ പശ്ചിമബംഗാളിൽ പാവപ്പെട്ടവരില്ലേ? കേരളത്തിൽ ഈ തെരുവുകളിൽ, കട്ടച്ചൂളകളിൽ പണിയെടുത്തുകൊണ്ടിരിക്കുന്ന പാവപ്പെട്ട തൊഴിലാളികളുടെ നിത്യ ജീവിതത്തിനുവേണ്ടി വക കാണാൻ പണിയെടുത്തുകൊണ്ടിരിക്കുന്നവരുടെ പേരും മേൽവിലാസവും പരിശോധിച്ചു നോക്കണം. പശ്ചിമബംഗാളിൽ നിന്നുള്ള പാവപ്പെട്ടവനാണ് ഇവിടെ ജീവിക്കുവാൻ നിവൃത്തി ഇല്ലാത്തതുകൊണ്ട് ഈ കേരളത്തിൽ വന്നു ജീവിക്കുന്നത്. പാവപ്പെട്ടവരായ നമ്മളേക്കാൾ നമ്മുടെ നാട്ടിൽ ആശ്രയിച്ച് ജീവിക്കുവാൻ അവിടെ നിന്ന് നാടുവിട്ട് ഇവിടെ വരുന്നവൻ ആ നാട്ടിൽ എത്രയോ പാവപ്പെട്ടവനായിരിക്കും. എന്റെ കയ്യിലിരിക്കുന്നത് എക്കണോമിക് ടൈംസ് ആണ്. ഇക്കോണമിക് ടൈംസിനകത്ത് പുതുതായി വാർത്ത വന്നിട്ടുണ്ട്. അതിനകത്ത് പറഞ്ഞത്, അലബാമ യൂണിവേഴ്സിറ്റി പോലുള്ള അമേരിക്കൻ യൂണിവേഴ്സിറ്റി, ടോണി സ്റ്റേറ്റ് യൂണിവേഴ്സിറ്റി ടി. എസ്. യു. എന്ന് പറയും. ആ യൂണിവേഴ്സിറ്റി കെ. വി. ജി. ക്ലബ് എന്നു പറയുന്ന കൽക്കട്ട കോളേജുമായി ടൈ അപ് ഉണ്ടാക്കി, അവിടെ പുതിയ ഗ്രാഡുവേഷൻ കോഴ്സ് ആരംഭിക്കുന്നതിനുവേണ്ടി തീരുമാനം എടുത്തു. എത്രയാണ് അവിടുത്തെ ഫീസെന്നു പറയാമോ? അവിടത്തെ പീസ് പന്ത്രണ്ട് ലക്ഷം മുതൽ പതിനഞ്ചു ലക്ഷം വരെയാണ്. 52000 സ്കയർ മീറ്റർ സ്പേസ് നിങ്ങളുടെ ഇടതുപക്ഷജനാധിപത്യമുന്നി ഗവൺമെന്റ് അവിടെ കൊടുത്തിരിക്കുകയാണ്. കോളേജ് എടുക്കുവാനുള്ള കാരണത്തെക്കുറിച്ച് അതിന്റെ ഡയറക്ടർ പറഞ്ഞിട്ടുണ്ട്. ഇക്കണോമിക് ടൈംസിനകത്ത് ആ ഡയറക്ടറുടെ സ്റ്റേറ്റുമെന്റുണ്ട്. ആ ഡയറക്ടർ പറഞ്ഞിട്ടുള്ളത് ഞങ്ങൾ ഇവിടെത്തന്നെ തെരഞ്ഞെടുക്കുവാൻ കാരണം (1) കൽക്കട്ടയ്ക്കുള്ള വിലമതിക്കപ്പെട്ട ഒരു അക്കാഡമിക് പശ്ചാത്തലം. (2) Knowledge intellectual power house എന്നു നമുക്ക് വിളിക്കുവാൻ കഴിയുന്ന ഈ പ്രദേശത്ത് ഇങ്ങനെ വിദ്യാഭ്യാസ സ്ഥാപനം വരണം. ആ സ്ഥാപനത്തിന് പന്ത്രണ്ടു മുതൽ പതിനഞ്ചു ലക്ഷം വരെ ഫീസ് പിരിക്കണമെന്ന് അന്ന് പറഞ്ഞു. പന്ത്രണ്ടു ലക്ഷം മുതൽ 15 ലക്ഷം വരെ ഫീസ് പിരിക്കുന്ന ഒരു വിദ്യാഭ്യാസസ്ഥാപനത്തിന് 52000 സ്കയർ മീറ്റർ സ്ഥലം പശ്ചിമ ബംഗാൾ ഗവൺമെന്റ് കൽക്കട്ട കോളേജിന് കൊടുക്കുന്നു. എന്നിട്ട് ഇവിടെ വന്ന് ഒന്നരലക്ഷത്തിനെതിരെ വേവലാതിപ്പെടുന്നത് കേൾക്കുമ്പോൾ ആർക്ക് എന്താണ് പറയാൻ കഴിയുക? അതുകൊണ്ട് ഞാൻ നിങ്ങളെക്കുറിച്ച് ഒന്നും പറയുന്നില്ല.

ശ്രീ. പി. ജയരാജൻ: അങ്ങ് പശ്ചിമബംഗാളിനെ സംബന്ധിച്ചാണ് പറഞ്ഞത്. പശ്ചിമബംഗാളിന് പത്തോളം യൂണിവേഴ്സിറ്റികളുണ്ട്. ഇതുവരേയും ഏകീകൃത യൂണിവേഴ്സിറ്റി കൊണ്ടുവന്നിട്ടില്ല. കൽക്കട്ട യൂണിവേഴ്സിറ്റിയിൽ നിന്ന് 95
12 NOON] കിലോമീറ്റർ അകലെയാണ് ബർദ്വാ യൂണിവേഴ്സിറ്റി. അവിടെ ഏകീകൃത യൂണിവേഴ്സിറ്റി എന്നു പറയുന്ന സംവിധാനം ഇല്ല. നിലവിലുള്ള യൂണിവേഴ്സിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ടിയുള്ള നടപടിയാണ് അവിടെ സ്വീകരിച്ചു വരുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എന്തു ചെയ്യാം, അങ്ങ് പറഞ്ഞതെല്ലാം വിശ്വസിച്ച് ഞങ്ങളെല്ലാം നിന്നതാണ്. പക്ഷെ അങ്ങയുടെ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടാക്കിയ ഒരു പത്മാ രാമചന്ദ്രൻ കമ്മിറ്റി റിപ്പോർട്ട് നമുക്ക് നടപ്പാക്കാതിരിക്കാൻ പറ്റുമോ? ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് പത്മാ രാമചന്ദ്രൻ കൊടുത്ത റിപ്പോർട്ട് ഞങ്ങൾ നടപ്പാക്കിയാൽ ആ റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

കൊടുപ്പിച്ച അന്നത്തെ ഗവൺമെന്റിന്റെ ഉത്തരവാദിത്വമല്ല നടപ്പാക്കുന്ന ഞങ്ങൾക്കാണ് ഉത്തരവാദിത്വം എന്നു പറഞ്ഞാൽ എനിക്ക് എന്താ പറയാൻ കഴിയുക. പത്മാ രാമചന്ദ്രനെ അങ്ങേക്ക് അറിയാം. അതുകൊണ്ട് ഞാൻ പറയുന്നു ആ റിപ്പോർട്ട് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഏകീകൃത സർവ്വകലാശാലാ നിയമം വേണം. ഇവിടെ രാഷ്ട്രീയ കാര്യത്തെക്കുറിച്ച് പറഞ്ഞു. നിങ്ങൾ പറയുന്നത് കേട്ടാൽ ഗവൺമെന്റ് നോമിനേറ്റ് ചെയ്താൽ ഏതാണ്ട് അട്ടിമറി ഉണ്ടാകുമെന്നാണല്ലോ തോന്നുന്നത്. ഞങ്ങൾ ഇവിടെ ഗവൺമെന്റ് ഉണ്ടാക്കാൻ ഇടിച്ചു പൊളിച്ച് കയറി വന്നവരാണോ? കേരളത്തിലെ മൂന്നു കോടി ജനങ്ങളിൽ മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടുകൂടി കേരള നിയമസഭയിൽ തെരഞ്ഞെടുക്കപ്പെട്ടു വന്ന ഈ ഗവൺമെന്റ് ജനാധിപത്യ ഗവൺമെന്റ് തന്നെയാണ്. ആ ജനാധിപത്യ ഗവൺമെന്റിന്റെ ഇംഗിതം എന്നു പറയുന്നത് ജന ഇംഗിതമാണ് എന്നുള്ള കാര്യത്തിൽ ആർക്കെങ്കിലും തർക്കമുണ്ടോ? അത് ജനാധിപത്യപരമാണ്. ജനകീയതെരഞ്ഞെടുപ്പിൽ വിജയിച്ച് ഈ നിയമസഭയിൽ വന്ന ഗവൺമെന്റാണ്. ഈ നിയമസഭയെ നയിക്കുന്ന ഗവൺമെന്റാണ്. ആ ഗവൺമെന്റ് നാമനിർദ്ദേശം ചെയ്താൽ അതും ജനാധിപത്യമല്ല എന്നു പറയാൻ പറ്റുമോ? നിയന്ത്രണം രണ്ടു രൂപത്തിലുണ്ട്. ഒന്ന് നേരിട്ടുള്ള നിയന്ത്രണം. രണ്ട് ഇൻഡയറക്ട് ആയിട്ടുള്ള മാർഗ്ഗവും ഉണ്ട്. കുട്ടനാട്ടിലൊക്കെ പറയും, ഡോ. കെ. സി. ജോസഫിനൊക്കെയറിയാം. വരമ്പത്ത് മുണ്ടിയിരിക്കുക എന്നു പറയും. പതുക്കെ ഇങ്ങനെ പമ്മിയല്ലേ ഇരിക്കൂ. പമ്മി ഇരിക്കുമ്പോൾ, നല്ല മീൻ വരുമ്പോൾ നേരെ കൊക്ക് ഇട്ട് കൊത്തി അങ്ങ് തിന്നും. ഞങ്ങൾക്ക് ഇതൊന്നും ഒരു പണിയേ അല്ല എന്ന മട്ടിൽ പമ്മി ഇരിക്കുകയാണ്. നിങ്ങളുടെ രാഷ്ട്രീയ പാർട്ടികളുടെ ഫ്രാക്ഷൻ കൂടി യൂണിവേഴ്സിറ്റികളെ ഭരിക്കുന്നു. രാഷ്ട്രീയ അതിപ്രസരത്തിന്റെ അന്ത്യം ഉണ്ടാക്കുവാൻ ഞങ്ങളുടെ ഈ ബില്ല് ഉപകരിക്കും. ഇവിടെയാണ് രാഷ്ട്രീയം ഞങ്ങൾ ഇല്ലാതാക്കുന്നത്.

ശ്രീ. ടി. കെ. ബാലൻ: ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള മന്ത്രിമാരല്ലേ മുഖ്യമന്ത്രിയും, വിദ്യാഭ്യാസ മന്ത്രിയുമൊക്കെ. ഒരു സർവ്വകലാശാല ഭരിക്കേണ്ട സമിതി നോമിനേഷനേ പറ്റൂ എന്നു പറയുന്നതിൽ എന്തർത്ഥമാണുള്ളത്. അവരും ഇലക്ഷനിലൂടെ വരുന്നതിൽ എന്താ കുഴപ്പം. കാരണം വിദ്യാഭ്യാസ മന്ത്രിയും, മുഖ്യമന്ത്രിയും ഏത് മന്ത്രി ആയാലും നമ്മളെല്ലാവരും സാധാരണക്കാർ തെരഞ്ഞെടുത്തു വരുന്നവരാണ്. നമ്മുടെ കലാശാലയ്ക്കു മാത്രം അങ്ങനെ ഒരു ഓട്ടോണമി കൊടുത്തു കൂടേ? അവരും ഇലക്ട് ചെയ്ത് വന്നുകൂടേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നിങ്ങളുടെ പ്രശ്നം എന്താണ്. പരിമിത ജനാധിപത്യം വേണോ വിപുല ജനാധിപത്യം വേണോ? നിങ്ങൾ പറയുന്ന ജനാധിപത്യത്തിൽ രജിസ്റ്റേർഡ് ഗ്രാജുവേറ്റ്സ് എന്നു പറയുന്ന കോൺസ്റ്റിറ്റ്യൂവൻസി ഉണ്ട്. അവിടെ ആരാണ് ജയിക്കുന്നത്. പോസ്റ്റ്മാൻ. എല്ലാം അയച്ചു കൊടുക്കുമല്ലോ ബാലേട്ടൻ. എല്ലാം അയച്ചു കൊടുത്തിട്ട് ആ പ്രദേശത്ത് ചെന്ന് പോസ്റ്റുമാനെ പിടിക്കുകയല്ലേ. പോസ്റ്റുമാന്റെ കൈയിൽ നിന്ന് അങ്ങ് കെട്ടോടെ കൊണ്ടു പോകുകയല്ലേ. എന്നിട്ട് സ്വയം സീൽ അടിക്കുകയല്ലേ. നമ്മൾക്ക് നമ്മൾ തന്നെ വോട്ട് ചെയ്യുകയല്ലേ.

LIBRARY ARCHIVES Kerala Legislative Assembly

എന്നിട്ട് അവിടെ നിന്ന് ചെയ്യിച്ചു എന്നു പറയുകയല്ലേ. എന്നിട്ട് സർവ്വകലാശാല പിടിച്ചെടുക്കുകയല്ലേ. നിങ്ങൾക്ക് ആ പരിമിത ജനാധിപത്യം വേണമോ, വിപുല ജനാധിപത്യം വേണമോ എന്നുള്ളതാണ് പ്രശ്നം. ഇവിടെ ജനാധിപത്യ ഹത്യയല്ല. സംരക്ഷണമാണ് ഞങ്ങൾ നടത്തുന്നത്.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): മാർക്സിസ്റ്റ് പാർട്ടി ഭരിക്കുന്ന കാലത്ത് വളരെ ബുദ്ധിപൂർവ്വം എല്ലാ വൈസ്ചാൻസലർമാരേയും അവരുടെ സഹയാത്രികൻമാരേയും മാർക്സിസ്റ്റ് ബുദ്ധിജീവികളേയും വച്ച് ഇൻഡയറക്ട് ആയിട്ട് വൈസ് ചാൻസലർമാരെ സ്ഥാപിച്ചു കഴിഞ്ഞ് യൂണിവേഴ്സിറ്റി ഭരണം കയ്യടക്കുന്ന എ. കെ. ജി. സെന്ററിനാൽ നിയന്ത്രിക്കുന്ന ആ രീതിയെക്കുറിച്ചാണോ അങ്ങ് പറഞ്ഞു വരുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ അതുതന്നെയാണ് മി. ഹസ്സൻ പറയുന്നത്. 1988-ൽ ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ ബില്ല് കൊണ്ടു വന്നശേഷം നിങ്ങൾ ആ സർവ്വകലാശാലയെ താലോടുകയായിരുന്നോ. നിങ്ങൾ ആ സർവ്വകലാശാല പിരിച്ചു വിട്ട് പുതിയ നിയമമല്ലേ കൊണ്ടു വന്നത്. നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്ട്രക്ചർ മാറ്റണമെന്നു പറഞ്ഞു. നിങ്ങൾ ആ സർവ്വകലാശാല പിരിച്ചു വിട്ടു. അന്നത്തെ വൈസ് ചാൻസിലറെ മാറ്റി. സിന്റിക്കേറ്റിനെ മാറ്റി, എല്ലാത്തിനേയും മാറ്റി. നിങ്ങൾ പുതിയ ബില്ലിന്റെ അടിസ്ഥാനത്തിൽ റീസ്ട്രക്ചർ ചെയ്തു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട എം. എം. ഹസ്സൻ എ. കെ. ജി. സെന്ററിനെപ്പറ്റി പറഞ്ഞല്ലോ. ഇപ്പോൾ നിങ്ങൾ നിഷ്പക്ഷമായിട്ട് ഭരിക്കാൻ പോകുന്ന യൂണിവേഴ്സിറ്റി രൂപീകരിക്കുമ്പോൾ ഈ പ്ലസ് ടു വിന്റെ ചോദ്യപേപ്പർ ലീഗ് ഓഫീസ് വഴി വിതരണം ചെയ്തു തുടങ്ങിയ കാലത്ത് നിങ്ങൾ നോമിനേറ്റ് ചെയ്യുന്നതിനെല്ലാം രാഷ്ട്രീയ വിരുദ്ധമായിരിക്കുമെന്നു പറഞ്ഞാൽ ഇവിടെ ആരാണ് വിശ്വസിക്കാൻ പോകുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഓണത്തിനിടയിൽ പുട്ടു കച്ചവടം നടത്താമോ. കേരളത്തിലെ ഇന്നത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാറ്റങ്ങളേയും അതിന്റെ വിജ്ഞാന വിസ്ഫോടനത്തേയും കുറിച്ച് നമ്മൾ സംസാരിക്കുമ്പോൾ എവിടെയെങ്കിലും ന്യൂസ് പേപ്പറിൽ എന്തെങ്കിലും കണ്ടു എന്ന് പറഞ്ഞ് അതിന്റെ പേരിൽ അങ്ങയെപ്പോലുള്ള ഒരാൾ ഇങ്ങനെ പറയാമോ? അതുകൊണ്ട് ഞങ്ങൾ ജനാധിപത്യം ഇറപ്പിക്കാൻ ശ്രമിക്കുകയാണ്. അന്ന് നിങ്ങൾ കൊണ്ടുവന്ന ഗാന്ധിജി യൂണിവേഴ്സിറ്റി ബില്ലിനകത്ത് വിദ്യാർത്ഥി പ്രാതിനിധ്യം ഇല്ലാതെയാക്കി, സ്റ്റുഡന്റ് ഡീനിനെയാണ് വച്ചത്. നിങ്ങൾ വിദ്യാർത്ഥി പ്രാതിനിധ്യം ഇല്ലാതെയാക്കി. നിങ്ങൾ ശ്രീ. എ. കെ. ആന്റണിയെ കുറ്റപ്പെടുത്തിയല്ലോ, കെ. എസ്. യു. മുൻപ്രസിഡന്റുമാരെ കുറ്റപ്പെടുത്തിയല്ലോ, കണ്ണൂർ സർവ്വകലാശാലയടക്കം ഗാന്ധിജി യൂണിവേഴ്സിറ്റിയടക്കം നിങ്ങൾ കൊണ്ടു വന്ന നിയമത്തിനകത്ത് വിദ്യാർത്ഥി പ്രാതിനിധ്യം ഇല്ലാതെയാക്കിക്കളഞ്ഞു. നിങ്ങൾ അതെല്ലാം ഇന്ന് കണ്ടില്ലെന്ന് നടിക്കുകയാണ്. നിങ്ങൾ ചെയ്യുന്ന പാപകർമ്മത്തിന്റെ സന്തതിയെ നിങ്ങളുടെ പിള്ളതൊട്ടിലിനകത്ത് ഇട്ടിട്ട് നിങ്ങൾ പമ്മി രക്ഷപ്പെടാൻ ശ്രമിക്കുകയാണ്. ഞങ്ങൾ പറയുന്നു ഓടരുതമ്മാവാ ആളറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ്: അങ്ങ് അവർ കൊണ്ടുവന്ന സ്റ്റുഡന്റ്സ് ഡീനിനെക്കുറിച്ച് പറഞ്ഞല്ലോ. സ്റ്റുഡന്റ്സ് ഡീനിനെ പിന്നീട് സൂര്യനെല്ലിക്കേസ്സിൽ രണ്ടാം പ്രതിയായി പിടിക്കപ്പെട്ട വിവരം അങ്ങേയ്ക്ക് അറിയാമോ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇതിനു ഞാൻ മറുപടി പറയുന്നില്ല. ഞാൻ പറഞ്ഞു വന്നത് ഈ വിദ്യാർത്ഥി പ്രാതിനിധ്യം നിങ്ങൾ തകർത്തു. അതുകൊണ്ട് ഗവൺമെന്റിനോടും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയോടും ഒരഭ്യർത്ഥനയുള്ളത് വിദ്യാർത്ഥി പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കണം. തെരഞ്ഞെടുക്കപ്പെട്ട സമിതിയുടെ ജനാധിപത്യ സ്വഭാവം, അത് തൃപ്തികരമായി നിലനിർത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ഉണ്ടാകണം. ഈ നിയമസഭ പാസ്സാക്കുന്ന പണം കൊണ്ടാണ് സർവ്വകലാശാല പ്രവർത്തിച്ചുവരുന്നത്. അതുകൊണ്ട് നിയമസഭാ സാമാജികൻമാരുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗം ഗവൺമെന്റ് ആരായണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അപ്പുറത്തു പറഞ്ഞതെല്ലാം കസേര മാറിയതു കൊണ്ടാണ്. നമ്മുടെ കസേരയായിരുന്നുവെങ്കിൽ സിറ്റുവേഷൻ മാറിയേനേ. കസേര മാറിയതു കൊണ്ട് അഭിപ്രായം മാറാൻ പറ്റുമോ. നിങ്ങൾ പണ്ട് ചെയ്ത പ്രവർത്തനങ്ങളാണ് നിങ്ങളെ ദുരിതത്തിൽ എത്തിച്ചിരിക്കുന്നത്. നമ്മുടെ കുട്ടികളുടെ കാര്യമാണ്, സർവ്വകലാശാല എന്നു പറഞ്ഞാൽ കെട്ടിടവും അവിടെ കിട്ടുന്ന ടി. എ.-യും ഡി. എ.-യും മാത്രമാണ്. രണ്ടര ലക്ഷം രൂപ വരെ ടി. എ. എഴുതി മേടിച്ചിട്ടുള്ള വീരൻമാരുണ്ട്. പത്രത്തിൽ വന്നു. ഇരുപത്തയ്യായിരം രൂപ വരെ ശമ്പളം മേടിക്കുന്ന അദ്ധ്യാപകർ വരെയുണ്ട്. എനിക്ക് വിരോധമില്ല അവർക്ക് പഠിപ്പിക്കാനുള്ള അവരുടെ ഉത്തരവാദിത്വം അവർ നിർവ്വഹിക്കണം. അവർ പഠിപ്പിക്കുന്നുണ്ടോ എന്നുള്ളത് ഗൗരവമായി പരിശോധിക്കണം. ചെരുപ്പിനൊപ്പിച്ച് പാദം മുറിക്കാതെ നമുക്ക് അവർക്കുകൂടി വിദ്യാഭ്യാസത്തിന് ഉതകുന്ന വിധത്തിൽ പോകണം. സർവ്വകലാശാലയെക്കുറിച്ച് നമുക്കൊരു കൺസെപ്റ്റ് ഉണ്ട്. വിജ്ഞാനത്തിന്റെ ഒരു കേന്ദ്ര ബിന്ദുവാണ് സർവ്വകലാശാല. സർവ്വകലാശാലയെ ഇൻഡയറക്ട് ആയോ ഡയറക്ട് ആയോ കൈയിൽ ആക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം, രാഷ്ട്രീയമായ ഒരു നീക്കം നടത്തി കൊണ്ടുപോകാൻ ഒരിക്കലും അനുവദിച്ചുകൂടാ. അതുകൊണ്ട് സർവ്വകലാശാലയുടെ അക്കാഡമിക് സ്വാതന്ത്ര്യം നിലനിർത്തണം. അഡ്മിനിസ്ട്രേറ്റീവായി സർവ്വകലാശാലയുടെ മേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനുള്ള ഒരു കാൽവയ്പ്പ് എന്നുള്ള നിലയിൽ ഈ നാല് സർവ്വകലാശാലകൾക്ക് വേണ്ടി കൊണ്ടുവന്നിട്ടുള്ള യൂണിഫൈഡ് ആക്ടിൽ ഞാൻ അവതരിപ്പിച്ച ഭേദഗതി ഒരിക്കൽകൂടി ഇവിടെ മൂവ് ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, കേരള വിദ്യാഭ്യാസരംഗം ഇന്ന് അസ്വസ്ഥമാവുകയാണ്. കേരളത്തിലെ ബഹുഭൂരിപക്ഷം വിദ്യാർത്ഥി സംഘടനകളും വിദ്യാഭ്യാസ നയത്തിനെതിരായി രംഗത്തു വന്നിരിക്കയാണ്. കേരളത്തിലെ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളേയും പ്രതിനിധീകരിക്കുന്ന ഉത്തരവാദപ്പെട്ട സംഘടനകളുടെ സംസ്ഥാനതല നേതാക്കൻമാർ കഴിഞ്ഞ ഏഴ് ദിവസമായി സെക്രട്ടേറിയറ്റിൽ നിരാഹാര സമരം ആരംഭിച്ചിരിക്കുകയാണ്. വിദ്യാർത്ഥികളുടെ സ്ഥിതി വളരെ വളരെ ദയനീയമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അവശരാണ് അവർ. ഇതിൽ ഏതെങ്കിലും വിദ്യാർത്ഥിക്ക് എന്തെങ്കിലും ഒന്ന് സംഭവിച്ചാൽ അതുവഴിയുണ്ടാകുന്ന പ്രത്യാഘാതം ഗുരുതരമായിരിക്കുമെന്ന കാര്യം ഗവൺമെന്റിനെ ഞങ്ങൾ ഓർമ്മപ്പെടുത്തുകയാണ്. കെ. എസ്. യു. സമരത്തിലില്ല. സമരത്തിൽ പങ്കെടുക്കാൻപോലും പ്രതിനിധികളെ കിട്ടാത്ത രൂപത്തിൽ ഏഷ്യയിലെ ഏറ്റവും വലിയ സംഘടന അധഃപതിച്ചിരിക്കുന്നു എന്നുള്ളതിന്റെ തെളിവാണ് ഈ സമരം. ബഹുമാനപ്പെട്ട പി. കെ. വി. മുഖ്യമന്ത്രി ആയിരിക്കുന്ന കാലഘട്ടം—സി. എച്ച്. വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്ന കാലഘട്ടത്തിൽ പാരലൽ കോളേജ് വിദ്യാർത്ഥികൾ ബസ് കൺസഷനുവേണ്ടി, പ്ലസ് ടു വരെയുള്ള, സെക്കന്ററി ഘട്ടം വരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കുന്നതിനുവേണ്ടി, യാത്രാ സൗകര്യവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യത്തിനുവേണ്ടി, പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നതിനു വേണ്ടി, ഈ കേരളത്തിലെ കെ. എസ്. യു. ഉൾപ്പെടെയുള്ള വിദ്യാർത്ഥി സംഘടനകൾ യോജിച്ചു കൊണ്ട് സമരം നടത്തിയിട്ടുണ്ട്. ആ പാരമ്പര്യമുള്ള ഈ കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് ഇത്ര രൂക്ഷമായ ഒരു പ്രതിസന്ധി നേരിടുന്ന അവസരത്തിൽ കേരളത്തിലെ കേരളാ സ്റ്റുഡന്റ്സ് യൂണിയൻ ആ കാലഘട്ടത്തിൽ ഏറ്റവും വലിയ സംഘടന എന്ന് അഭിമാനിച്ചിരുന്ന ആ സംഘടന ഇന്ന് ഈ രൂപത്തിൽ എന്തുകൊണ്ട് എത്തി എന്നുള്ളത് സംബന്ധിച്ചുകൂടി നിങ്ങൾ പരിശോധിക്കണം.

ഡോ. എ. നീലലോഹിതദാസൻ നാടാർ: പഴയ കെ. എസ്. യു.നേതാക്കൻമാരായ കുറെപേർ ഇവിടെ മന്ത്രിയും മുഖ്യമന്ത്രിയുമൊക്കെയായി വരാൻ പോവുകയാണ്. ഇനി അങ്ങനെയൊരു സംഘടനയുടെ ആവശ്യമില്ലെന്ന് അവർക്കു തോന്നി എന്ന് ബഹുമാനപ്പെട്ട ബാലനറിയാമോ?

ശ്രീ. എ. കെ. ബാലൻ: കെ. എസ്. യു.-വിനെ സംബന്ധിച്ചിടത്തോളം തെരഞ്ഞെടുപ്പ് ഇല്ലല്ലോ. മാതൃസംഘടനയിൽ തെരഞ്ഞെടുപ്പ് ഇല്ലാത്തതുകൊണ്ട് അതിലും തെരഞ്ഞെടുപ്പില്ല. ജനാധിപത്യപരമായ ഒരു സംഘടന എന്ന രൂപത്തിൽ അതിന് പ്രവർത്തിക്കാൻപോലും കഴിയാത്ത സാഹചര്യം വന്നതിന്റെ ഫലമായിട്ടാണ് ഈ ഗതികേടിലേക്ക് എത്തിയിട്ടുള്ളത്. വിദ്യാർത്ഥി രംഗത്ത് അവരുടെ സ്വാധീനം കുറഞ്ഞതിന്റെ ഭാഗമായി യൂണിവേഴ്സിറ്റി തലത്തിലും തെരഞ്ഞെടുക്കപ്പെട്ട വേദികളിലും അവരുടെ അംഗസംഖ്യ കുറഞ്ഞു. അതുകൊണ്ട് അവർക്ക് യൂണിവേഴ്സിറ്റി പ്രാതിനിധ്യം ലഭിച്ചാൽ തന്നെ ഞങ്ങൾക്ക് കിട്ടില്ല എന്നുള്ളത് കൊണ്ടാണ് യൂണിവേഴ്സിറ്റി സെനറ്റിലായാലും ശരി, സിൻഡിക്കേറ്റിലായാലും ശരി, അക്കാഡമിക് കൗൺസിലിലായാലും ശരി, വിദ്യാർത്ഥികൾക്ക് അതിലൊന്നും പ്രാതിനിധ്യം വേണ്ടതില്ല എന്നൊരു തീരുമാനം തത്വത്തിൽ അംഗീകരിക്കാൻ കോൺഗ്രസ്സ് നിർബന്ധിക്കപ്പെട്ടത്. 8-ാം ക്ലാസ്സിലെ പുതിയ പാഠ്യപദ്ധതിയുടെ നിരാകരണത്തിൽ തുടങ്ങി യൂണിവേഴ്സിറ്റി ഭരണ സംവിധാനത്തിന്റെ ജനാധിപത്യ ഘടനയും സ്വയം ഭരണാവകാശവും അട്ടിമറിക്കുന്ന സ്ഥിതിവരെ എത്തി. അതിന്റെ ഏറ്റവും നല്ല തെളിവാണ് ഈ ബില്ല്. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം വർഗ്ഗീയവൽക്കരിക്കാനാണ് ബി. ജെ. പി. ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളതെങ്കിൽ ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി നേതൃത്വം കൊടുക്കുന്ന ഗവൺമെന്റ് ഇവിടെ വിദ്യാഭ്യാസം മാനേജ്മെന്റ് തലത്തിലും, വർഗ്ഗീയ ശക്തികൾക്കും, വരേണ്യ വിഭാഗത്തിനും അടിയറവയ്ക്കാൻ തീരുമാനിച്ചിരിക്കുന്നു എന്നുള്ളതിന്റെ തെളിവാണ് ഈ ബില്ല്. ഈ ബില്ലിൽ 119 ക്ലോസ് ആണുള്ളത്. ഈ 119 ക്ലോസ്സിൽ എവിടെയെങ്കിലും അക്കാഡമിക് തലത്തിൽ ഗുണപരമായ മാറ്റത്തിനു വേണ്ടിയിട്ടുള്ള ഏതെങ്കിലും ഒരു നിർദ്ദേശമോ, ഏതെങ്കിലുമൊരു ക്ലോസോ ഉണ്ടോ എന്ന് ഈ ബിൽ ഇവിടെ അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കുഞ്ഞാലിക്കുട്ടിയോട് ഞാൻ ചോദിക്കുകയാണ്. ഏതെങ്കിലും ഒരു ക്ലോസ്, ഈ 119 ക്ലോസ്സിൽ അക്കാഡമിക്തലം, ഉന്നത വിദ്യാഭ്യാസം ക്വാളിറ്റേറ്റീവായി, ഗുണപരമായി മാറ്റുന്നതിനുവേണ്ടിയാണ് ഞങ്ങൾ ഈ നിയമം കൊണ്ടുവരുന്നത് എന്ന് പറയാൻ കഴിയുമോ? ഈ 119 ക്ലോസ്സിൽ ഏതെങ്കിലുമൊരു ക്ലോസ്സിൽ അക്കാഡമിക് രംഗം ശക്തിപ്പെടുത്തുന്നതിന് ഉതകുന്ന തരത്തിലുള്ള എന്തെങ്കിലും നിർദ്ദേശം ഉണ്ടോ? ഒരു ക്ലോസ്സിൽപോലുമില്ല. സർവ്വകലാശാലാ നിയമം ഉണ്ടാക്കേണ്ടത് അക്കാഡമീഷ്യൻമാരാണ്. ഈ നോമിനേഷൻ വരുന്നതുകൊണ്ടാണ് ഉന്നത വിദ്യാഭ്യാസ രംഗം അപകടപ്പെടുന്നത്. അതുകൊണ്ട് രാഷ്ട്രീയ പ്രാതിനിധ്യം വേണ്ട. തിരഞ്ഞെടുപ്പ് വേണ്ട. നോമിനേഷൻ മതി എന്നു പറയുന്ന ഗവൺമെന്റ് അക്കാഡമിക് രംഗത്താണ് കൂടുതൽ താൽപ്പര്യമെങ്കിൽ, അക്കാഡമിക് തലത്തിൽ വരുത്താവുന്ന ഗുണപരമായ മാറ്റത്തിന് ഉതകുന്ന ഒരു. നിയമമാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഒരു ഡ്രാഫ്റ്റ് തയ്യാറാക്കേണ്ടത് അക്കാഡമീഷ്യൻമാരുടെ അസംബ്ലി ആയിരിക്കണം. അക്കാഡമീഷ്യൻമാർ അസംബ്ലി ചേർന്നുകൊണ്ട് കേരളത്തിലെ വിവിധ തട്ടുകളിലുള്ള പണ്ഡിതൻമാരുടെ അസംബ്ലി വിളിച്ചു ചേർത്ത് അതിൽ യു. ഡി. എഫ്.-ന്റെ കൂടെ നിൽക്കുന്ന പണ്ഡിതൻമാരുണ്ട്, ഞങ്ങളുടെ കൂടെ നിൽക്കുന്ന പണ്ഡിതൻമാരുണ്ട്, ഒരു തലത്തിലും അഫിലിയേഷനില്ലാത്ത അക്കാഡമിക് പണ്ഡിതൻമാരുണ്ട്, ഇവരെയെല്ലാം വിളിച്ചു ചേർത്തുകൊണ്ട് ഒരു ഡ്രാഫ്റ്റ് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ നിയമ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു നിയമനിർമ്മാണം ഉണ്ടാക്കുന്നതായിരിക്കും കൂടുതൽ നന്നാകുക എന്നുള്ളതാണ് എന്റെ അഭിപ്രായം. രാഷ്ട്രീയത്തിന്റെ അതിപ്രസരം യൂണിവേഴ്സിറ്റിയുടെ വിവിധ ഭാഗങ്ങളെ സ്വാധീനിക്കുന്നു എന്നു പറയുന്നവർ ആത്മാർത്ഥതയോടെയാണ് ഈ ബിൽ സഭയിൽ അവതരിപ്പിച്ചിരിക്കുന്നതെങ്കിൽ ഈ രൂപത്തിലുള്ള ഒരു അക്കാഡമീഷ്യൻ കൂടിച്ചേരൽ ഏറ്റവും ആവശ്യമാണ്, അനിവാര്യമാണെന്നുള്ളതാണ് എന്റെ അഭിപ്രായം. നമ്മൾ ആരും തന്നെ ഒരു അക്കാഡമിക് പണ്ഡിതൻമാരല്ല, അക്കാഡമിക് പണ്ഡിതൻമാരല്ല എന്നുള്ളതുകൊണ്ടു തന്നെ നമ്മുടെ തീരുമാനത്തിലും ചർച്ചയിലും രാഷ്ട്രീയമായിട്ടുള്ള ഭാഗത്തിനാണ് മുൻതൂക്കം ഉണ്ടാകുക. അതുകൊണ്ടാണ് ഞാൻ ഇതിന് ഈ രൂപത്തിലുള്ള ഒരു അഭിപ്രായം പറയാൻ നിർബ്ബന്ധിക്കപ്പെട്ടത്. നേരത്തേ ഇവിടെ ശ്രീ. കോടിയേരി പറഞ്ഞു ഇതിന് തയ്യാറില്ലെങ്കിൽ യൂണിവേഴ്സിറ്റി തലത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിലായാലും ജനറൽ കൗൺസിലിലായാലും അക്കാഡമിക് കൗൺസിലിലായാലും അവിടെ നോമിനേറ്റ് ചെയ്യുന്നതിന് ഒരു എക്സ്പെർട്ട് കമ്മിറ്റിക്ക് രൂപം കൊടുക്കുന്നത് നന്നായിരിക്കും, അതിൽ ആരൊക്കെയാണ് വേണ്ടതെന്ന് ചട്ടം ഉണ്ടാക്കുന്ന അവസരത്തിൽ നമുക്ക് പരിശോധിക്കാമെന്ന്, അന്ന് നമുക്ക് ചർച്ച ചെയ്യാം. എന്തായാലും ഗവൺമെന്റ് നോമിനേറ്റ് ചെയ്യുന്ന ഒരു സമ്പ്രദായം ഒരിക്കലും

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിക്കാൻ പറ്റില്ല. ഇന്ന് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നതുപോലെ ഗവൺമെന്റിന്റെ ഡിസ്ക്രീഷനറി പവർ വെച്ചുകൊണ്ട് അക്കാഡമിക് തലത്തിലുള്ള ഒരു നോമിനേഷൻ ഒരു പരിതഃസ്ഥിതിയിലും അംഗീകരിക്കാൻ പറ്റില്ല. ഈ ബിൽ ചാൻസിലറുടെ അധികാരം വെട്ടി കുറയ്ക്കുകയാണ്. പ്രോ-ചാൻസലർക്ക് ചാൻസല റെക്കാളും കൂടുതൽ അധികാരം നൽകുന്നതാണ് ഈ ബിൽ. സർവ്വകലാശാല വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമാകുകയാണ്. അതിന്റെ കീഴിലാവുകയാണ്. സ്റ്റേറ്റ് കൗൺസിൽ ഫോർ ഹയർ എഡ്യൂക്കേഷൻ സർവ്വകലാശാലകളുടെമേൽ അധികാര മുള്ള ഒരു എക്സിക്യൂട്ടീവ് സ്ഥാപനമാണ്. അതുകൊണ്ടുതന്നെ സർവ്വകലാശാല കളുടെ ഓട്ടോണമി എന്നു പറയുന്നത്, ജനാധിപത്യത്തിന്റെ ഉള്ളടക്കം എന്നു പറ യുന്നത് എല്ലാം ചോദ്യം ചെയ്യുന്നതാണ് ഈ സംവിധാനങ്ങൾ. ഞാൻ ചോദിക്കട്ടെ, ഈ നിയമത്തിന് രൂപം കൊടുക്കുന്ന അവസരത്തിൽ, പ്രത്യേകിച്ച് മുസ്ലീം ലീഗിന്റെ മന്ത്രിയാണ് വകുപ്പ് കൈകാര്യം ചെയ്യുന്നത്, സംവരണവുമായി ബന്ധപ്പെട്ടുകൊണ്ട് 18,000-ത്തോളം വരുന്ന പിന്നോക്കക്കാർക്ക് ഗവൺമെന്റിന്റെ വിവിധ തലങ്ങളിൽ, തട്ടു കളിൽ സംവരണം ലഭിച്ചിട്ടില്ല എന്ന് ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞ സാഹചര്യത്തിൽപ്പോലും ഇങ്ങനെയൊരു നിയമത്തിന് രൂപം കൊടുക്കുന്ന അവസരത്തിൽ പിന്നോക്ക വിഭാഗത്തിനും പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗത്തിനും മതിയായ സംവരണം, ഭരണഘടനാപരമായി കിട്ടുന്ന സംവരണം, കേരളത്തിൽ സബോർഡിനേറ്റ് റൂൾ പ്രകാരമുള്ള സംവരണം വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും ഒരു വകുപ്പ് ഇതിന്റെ ഭാഗമായിട്ട് ഉണ്ടാകേണ്ടതല്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 1993-ൽ ബഹുമാനപ്പെട്ട മുഹമ്മദ് ബഷീർ കൊണ്ടുവന്ന ബില്ലിൽ ഈ സംവരണ തത്വം പാലിച്ചുകൊണ്ട് അദ്ധ്യാപക നിയമനം നടത്തണമെന്ന ഒരു വ്കുപ്പ് ഉണ്ടായതുകൊണ്ടല്ലേ, മൂന്നുവർഷം അവസരം കിട്ടിയിട്ടും യു. ഡി. എഫ്. അന്ന് ആ ബിൽ നിയമമാക്കി മാറ്റാതിരുന്നത് എന്ന കാര്യം അങ്ങ യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. ബാലൻ: പരിപൂർണ്ണമായും ശരിയാണ്. പുഷ്പഗിരി മാനേജ്മെന്റ് രണ്ടു വർഷം കുട്ടികളെ എടുത്തല്ലോ. ആ നൂറ് കുട്ടികളിൽ പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഏതെങ്കിലും ഒരു കുട്ടിയുണ്ടോ? മുന്നോക്ക സമുദായത്തിൽപ്പെട്ട പണമുള്ള കുട്ടികളല്ലാതെ പിന്നോക്ക സമുദായത്തിലെ പാവപ്പെട്ട കുട്ടി അവിടെയുണ്ടോ. മെറിറ്റില്ല. സംവരണവുമില്ല. ഇന്ത്യാ രാജ്യത്തിലെ ഏതെങ്കിലുമൊരു സംസ്ഥാനത്ത് മെറിറ്റിന് വിലയില്ലാതാക്കിയ, സംവരണത്തിന് വിലയില്ലാതാക്കിയ ഒരു സ്റ്റേറ്റ് ഉണ്ടോ? പുഷ്പഗിരി മാനേജ്മെന്റ് തുടങ്ങിയിട്ടുള്ള ഈ സമീപനമാണ് കേരളത്തിലെ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വരാൻ പോകുന്നതെങ്കിൽ കേരളത്തിലെ പിന്നോക്ക സമുദായത്തിൽപ്പെട്ട, പട്ടികജാതി-പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ട ഒരു വിദ്യാർത്ഥിക്കോ, ഒരു രക്ഷിതാവിനോ ആ കോമ്പൗണ്ടിലേക്ക് കടക്കാൻ പറ്റുമോ? ഞങ്ങളെപ്പോലെയുള്ള പാവപ്പെട്ട സമുദായത്തിൽ ജനിച്ച, പിന്നോക്ക സമുദായത്തിൽ ജനിച്ച, പട്ടികജാതി-പട്ടിക വർഗ്ഗത്തിൽ ജനിച്ച പാവപ്പെട്ട കുട്ടികൾ, വീട്ടിൽ നിന്ന് യാതൊരു സാമ്പത്തിക സഹായവും ലഭിക്കാതെ ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടു കൂടി

LIBRARY ARCHIVES Kerala Legislative Assembly

സംവരണതത്വം പാലിക്കപ്പെട്ടതുകൊണ്ട് ഈ സമൂഹത്തിലേക്ക് അൽപ്പസ്വൽപ്പം മേൽവിലാസത്തോടു കൂടി കടന്നുവരാൻ കഴിഞ്ഞു. നാളെ ഒരൊറ്റ പട്ടികജാതി, പട്ടിക വർഗ്ഗ, പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുട്ടിക്കും ആനുകൂല്യം ലഭിക്കാത്ത സ്ഥിതി വന്നാൽ എന്തായിരിക്കും സ്ഥിതി. ഇത് ഇപ്പോഴെങ്കിലും പരിശോധിക്കുന്നുണ്ടോ, ഇത്തരം ഒരു ഘട്ടത്തിൽ ഒരു നിയമ നിർമ്മാണത്തിന് രൂപം കൊടുക്കുന്ന അവസരത്തിൽ പുഷ്പഗിരിക്കാരനെ ഒന്നു നിലയ്ക്കു നിറുത്താൻ, സംവരണ തത്വം അംഗീകരിക്കുന്നതിനു വേണ്ടി എന്തു നിയമമാണ് ഇതിലുള്ളത്?

ശ്രീ. വി. ഡി. സതീശൻ: അദ്ദേഹം പറയുന്നത്, സംവരണം ഇല്ല എന്നാണ്. വിദ്യാർത്ഥി പ്രവേശനത്തിന് സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ള, ക്ലോസ് 80 (സി)-യിൽ പട്ടികജാതിയിലേയും, പട്ടിക വർഗ്ഗത്തിലേയും മറ്റ് പിന്നോക്ക വിഭാഗങ്ങളിലേയും അംഗങ്ങൾക്ക് സർക്കാർ ഇതിലേക്കായി വിജ്ഞാപനം ചെയ്യുന്ന മറ്റു വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുമായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളുടെ എണ്ണം എന്നിവ എന്ന് കൃത്യമായി ഈ നിയമത്തിൽ പറഞ്ഞിരിക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. ബാലൻ: അത് വ്യക്തമാക്കേണ്ടതാണ്. Mandatory അല്ല അത്. ഭരണഘടനാപരമായിട്ടുള്ള സംവരണം പിന്നോക്ക സമുദായത്തിനും മുസ്ലിം, ക്രിസ്ത്യൻ വിഭാഗങ്ങളുടക്കമുള്ള പിന്നോക്കങ്ങൾക്കും, പട്ടികജാതി, പട്ടിക വർഗ്ഗങ്ങൾക്കും ഭരണഘടനാ തത്വമായ സംവരണം comply ചെയ്യുമെന്ന് കൃത്യമായി പറയണം. അത് ഇതിലില്ല. അതുപോലെതന്നെ ഇപ്പോൾ പറയുന്നുണ്ട് ക്യാപ്പിറ്റേഷൻ ഫീസുമായി ബന്ധപ്പെട്ടു കൊണ്ടുള്ള ഒരു ക്ലാസ്സുണ്ട്. ഏറ്റവും രസകരമായ ഒരു ക്ലാസ്സാണ്. ക്യാപ്പിറ്റേഷൻ ഫീസ് പിരിക്കുന്നതിന് നിരോധനം.' എന്നാൽ ഉത്തമ വിശ്വാസത്തോടുകൂടി പണമായോ, സാധനമായോ സംഭാവനയായോ പിരിക്കുകയും സ്വീകരിക്കുകയും ചെയ്യാവുന്നതാണ്. എന്താണ് ഈ പറഞ്ഞതിന്റെ അർത്ഥം. ഉലക്ക വീണ് ചത്ത കോഴിയുടെ ചാറു കൂട്ടാം, കഷ്ണം കൂട്ടിക്കൂടാ പിന്നെ സ്വകാര്യമായിട്ടാണെങ്കിൽ രണ്ടു കഷ്ണം കൂട്ടാം. ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങാൻ പാടില്ല. സംഭാവനകൾ വാങ്ങാം എന്താണ് നിയമത്തിൽ എഴുതിവച്ചത്. എന്താണ് ഇതിന്റെ ഉദ്ദേശ്യം. ക്യാപ്പിറ്റേഷൻ ഫീസ് മറ്റ് പേരിൽ വാങ്ങാം എന്ന നിയമത്തിന്റെ സാധുത്വം, നിങ്ങൾ ഈ നിയമം വഴി കൊടുക്കുകയല്ലേ ചെയ്യുന്നത്. ആരെ പറ്റിക്കാനാണ് നിങ്ങൾ ഈ നിയമം കൊണ്ടുവരുന്നത്. ആരെയാണ് നിങ്ങൾ ഇത് ബോദ്ധ്യപ്പെടുത്താൻ പോകുന്നത്. ഓരോ സർവ്വകലാശാലക്കും അതിന്റെ തനിമയുണ്ട്, തനിമയുണ്ടായിരിക്കണം. ഓരോ സർവ്വകലാശാലയ്ക്കും പ്രത്യേകം ദൗത്യമുണ്ട്. ഇത് പറഞ്ഞത് ഞാനല്ല. കാലിക്കട്ട് യൂണിവേഴ്സിറ്റിക്ക് നേതൃത്വം കൊടുക്കുന്ന അവസരത്തിൽ ആ ബിൽ pilot ചെയ്തുകൊണ്ട് സി. എച്ച്. മുഹമ്മദ് കോയ പറഞ്ഞ വാചകമാണ്. മലബാറിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് അവിടെ വിദ്യാഭ്യാസപരമായി താഴെ തട്ടിൽ കിടക്കുന്ന വിഭാഗത്തിന് ഉന്നത വിദ്യാഭ്യാസ രംഗത്ത് കടന്നു വരുന്നതിന് കേരളത്തിന്റെ അഭിമാനമായി മലബാറിൽ ഒരു സർവ്വകലാശാല വേണം, അത് മലപ്പുറത്ത് വേണമെന്നാണ് സി. എച്ച്. പറഞ്ഞത്. ഏകീകൃത സർവ്വകലാശാലക്കുവേണ്ടി പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഇവർ നാളെ ബി. ജെ. പി. ഗവൺമെന്റ് അലിഗർ മുസ്ലിം യൂണിവേഴ്സിറ്റിയും, ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയും ചേർന്നു കൊണ്ട് ഒരു ഏകീകൃത നിയമം ഉണ്ടാക്കണമെന്നു പറഞ്ഞാൽ നിങ്ങൾ അംഗീകരിക്കുമോ. നിങ്ങൾക്ക് അംഗീകരിക്കാൻ പറ്റില്ല. ഓരോ യൂണിവേഴ്സിറ്റിയും അതിന്റേതായ ഐഡന്റിറ്റി നിലനിർത്തിക്കൊണ്ടാണ് മുന്നോട്ട് പോകേണ്ടത്. അക്കാഡമിക് ലക്ഷ്യം ഈ നിയമത്തിലില്ല. ഭരണഘടനാപരമായ ലക്ഷ്യങ്ങൾ മാത്രമേ ഈ നിയമത്തിലുള്ളൂ. ആഗോളവൽക്കരണം ഏറ്റവും അടിസ്ഥാനപരമായ വ്യതിയാനങ്ങൾ വരുത്തുന്ന രംഗമാണ് സർവ്വകലാശാലകൾ. വിദ്യാഭ്യാസത്തെ ആഗോളവത്ക്കരണം ഒരു കച്ചവടച്ചരക്കാക്കുകയാണ്. ഇതിനെ സാമൂഹ്യമണ്ഡലത്തിൽ നിന്ന് ഉത്പ്പാദനമേഖലയിലേക്കാണ് മാറ്റുന്നത്. പിന്നീട് ഇതിനെ വ്യാപാര വസ്തുവാക്കി ലോക വ്യാപാര സംഘടനകളുടെ നിയമങ്ങൾക്ക് വിധേയമാക്കുകയാണ്. അതുവഴി ബഹുരാഷ്ട്രാ കോർപ്പറേഷനുകളുടെ പരിശീലന പരിപാടികളിൽ ഒന്നായി സർവ്വകലാശാലകളെ മാറ്റുകയാണ്. പ്രശസ്ത സാമൂഹ്യ ശാസ്ത്രജ്ഞനായ മാനുവൽ കാഷൻസിന്റെ അഭിപ്രായമാണിത്. സർവ്വീസ് മേഖലയിൽ നിന്ന് വിദ്യാഭ്യാസത്തെ ഉൽപ്പാദനമേഖലയിലേക്ക്, അതുവഴി വാണിജ്യവൽക്കരിക്കുകയും ചെയ്യുന്നത് എങ്ങനെ എന്നുള്ളതിന്റെ ഏറ്റവും നല്ല തെളിവാണ് ഇന്ന് കേരളത്തിലെ വിദ്യാഭ്യാസരംഗം.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട അംഗം യൂണിവേഴ്സിറ്റി നിയമത്തെത്തുടർന്ന് കോഴ വർദ്ധിക്കാൻ സാദ്ധ്യതയുണ്ട് എന്നതു സംബന്ധിച്ച് ആശങ്കപ്പെടുകയാണല്ലോ. ഞാൻ ഇതുമായി ബന്ധപ്പെട്ട് ഒരു പ്രധാന കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിയന്ത്രണത്തിൽ നടത്തുന്ന ഒരു സ്കൂളാണ് പെരുമ്പാവൂരിലെ പുല്ലുവഴി ജയകേരളം ഹൈസ്കൂൾ. പ്രധാനപ്പെട്ട നേതാക്കളൊക്കെയാണ് അതിലെ അംഗങ്ങൾ. ആ സ്കൂളിൽ എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന മോളി എബ്രഹാമിനോട് ലക്ഷക്കണക്കിന് രൂപ കോഴ വാങ്ങിയാണ് നിയമനം നടത്തിയത് എന്ന് അങ്ങേക്ക് അറിയാമോ?

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: യേസ്, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എ. കെ. ബാലൻ: ബഹുമാനപ്പെട്ട സ്പീക്കറോട് വലിയ ആദരവുള്ള ആളാണ് ഞാൻ. ഞങ്ങളുടെ ഭരണകാലഘട്ടത്തിലും അങ്ങ് അവിടത്തന്നെ ഇരിക്കണമെന്ന ആഗ്രഹമുള്ള ആളാണ് ഞാൻ. എന്നാൽ ഞാൻ മരിച്ചാൽ എന്റെ കണ്ണടയും, അല്ലെങ്കിൽ ആ ആഗ്രഹം പൂർത്തീകരിക്കാത്തതു മൂലം കണ്ണ് തുറന്നിരിക്കും. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറാണ് എനിക്ക് സമയം തന്നത്. വഴങ്ങിക്കോ എന്ന് ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞതുകൊണ്ടാണ് ഞാൻ വഴങ്ങിയത്. എനിക്ക് രണ്ട് മിനിറ്റ് കൂടെ വേണം. സർ, കൊടുക്കുന്ന പണത്തിന് കണക്കു വേണ്ടേ, അതിന് അക്കൗണ്ടബിലിറ്റി വേണ്ടേ എന്നാണ് എന്റെ ചോദ്യം. കൊടുക്കുന്ന പണത്തിന് അക്കൗണ്ടബിലിറ്റി വേണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഓഡിറ്റ് റിപ്പോർട്ടിൽ ഒരു പിക്ചർ വന്നു കഴിഞ്ഞാൽ നമുക്ക് അസലായിട്ട് പിടിക്കാമല്ലോ. ബുദ്ധിമുട്ട് ഇല്ലല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ അക്കൗണ്ടബിലിറ്റിയുടെ പ്രശ്നം അവിടെ വരുന്നില്ല. ഒരൊറ്റ കാര്യം, ഏകീകരണം വേണ്ടത് സർവ്വകലാശാലാ വിദ്യാഭ്യാസ രംഗത്താണ്. ഉന്നത വിദ്യാഭ്യാസ രംഗത്തല്ല. അതുകൊണ്ട് ജനാധിപത്യ ഭരണ സംവിധാനം ശക്തിപ്പെടുത്തണം. അധികാര വികേന്ദ്രീകരണം ഒരു രൂപത്തിലും തടയപ്പെടാൻ പാടില്ല. സർവ്വകലാശാല കളുടെ ഭരണം സംരക്ഷിക്കണം. അഫിലിയേറ്റഡ് കോളേജുകളുടെ മേലുള്ള നിയന്ത്രണം ശക്തിപ്പെടുത്തണം. യൂണിവേഴ്സിറ്റി സമിതികളിലെ ഉദ്യാഗസ്ഥ മേധാവിത്വം ഒഴിവാക്കണം. അദ്ധ്യാപക-വിദ്യാർത്ഥി പ്രാതിനിധ്യം ഉറപ്പു വരുത്തണം. സേവന-വേതന വ്യവസ്ഥകൾ സംരക്ഷിക്കണം. അക്കൗണ്ടബിലിറ്റി നിർബന്ധമായും വേണം. അതിനോട് ഒരു വിയോജിപ്പുമില്ല. ഉന്നത വിദ്യാഭ്യാസ കൗൺസിലിന് ഒരു പ്രത്യേക നിയമനിർമ്മാണം കൊണ്ടുവരണം. സംവരണ തത്വം ഉറപ്പുവരുത്തണം. ഇതുമായി ബന്ധപ്പെട്ടു കൊണ്ട് വിശദാംശങ്ങളിലേക്ക് കടക്കണമെന്ന ആഗ്രഹം എനിക്കുണ്ടായിരുന്നു. സാർ വന്നതോടു കൂടി എല്ലാ ആഗ്രഹങ്ങളും പോയി. എനിക്ക് ഒരു വാക്കുപോലും പറയാൻ കഴിയുന്നില്ല. എന്തായാലും ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. സി. കെ. നാണു: സർ, ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നതിനെ ഞാൻ പിന്താങ്ങുകയാണ്. ദീർഘകാലം കേരളത്തിലെ വിദ്യാഭ്യാസ സംഘടനകളുടെ പ്രത്യേകിച്ച് കെ. എസ്. യു.-വിന്റെ സംസ്ഥാന പ്രസിഡന്റുമാരായും സെക്രട്ടറിമാരായും യൂണിവേഴ്സിറ്റിയിൽ സിൻഡിക്കേറ്റ് അംഗങ്ങളായും പ്രധാനപ്പെട്ട സ്ഥാനങ്ങൾ വഹിച്ച മെമ്പർമാരാണിവിടെ ഇരിക്കുന്നത്. അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്നവർ, നമ്മൾ രണ്ട് മുന്നണിയിലുള്ളവരും കഴിഞ്ഞ മൂന്ന് നാല് കൊല്ലമായി ശക്തമായി വിമർശിക്കുന്ന ഒരു പ്രധാനപ്രശ്നമുണ്ട്. ഇപ്പോൾ കേന്ദ്ര ICSSR—Indian Council of Social Science Research, Indian Institute of Studies, The National Institute of Education, Planning and Administration അതുപോലുള്ള പല സംഘടനകളിലെ പ്രഗത്ഭരായ വിദ്യാഭ്യാസ വിചക്ഷണൻമാർ, അതിനു പറ്റിയ ആളുകളുണ്ടായിരുന്നിട്ടും അവരെയൊക്കെ മാറ്റി കേന്ദ്രത്തിൽ അധികാരത്തിലുള്ള കക്ഷി ചരിത്ര വിഭാഗത്തിലും മറ്റ് പല തലത്തിലും അവരുടെ ചട്ടുകങ്ങളെയാണ് നിയമിക്കുന്നത്. കുറെക്കാലമായി അപ്പുറത്തുമിപ്പുറത്തുമുള്ള നമ്മൾ ശക്തമായി പ്രതിഷേധിക്കുന്ന അവസരത്തിൽ, നമ്മൾ ഇവിടെ ഒരു ബിൽ അവതരിപ്പിക്കുമ്പോൾ അവർ ചെയ്തതുപോലെ ജനാധിപത്യ അവകാശങ്ങൾ നിഷേധിച്ചുകൊണ്ട് ആര് അധികാരത്തിൽ വന്നാലും അവർക്ക് ഇഷ്ടം പോലെ നോമിനേറ്റ് ചെയ്യാൻ അവകാശം കൊടുക്കുന്നത് ശരിയാണോ? ജനാധിപത്യ പരമായ രാഷ്ട്രത്തിന്റെ പശ്ചാത്തലത്തിലാണ് ഒരു ബില്ലിനെ സമീപിക്കുന്നത്. ആ അവസരത്തിൽ ജനാധിപത്യം മോശമാണോ? ലോകത്ത് മറ്റേത് ഭരണസംവിധാനത്തേക്കാളും ജനാധിപത്യത്തിന്റെ മഹത്തരമാണു നമ്മൾ പറയുന്നത്. സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം ഈ രാജ്യത്ത് വർഗ്ഗീയ സംഘട്ടനങ്ങളും ജനവിരുദ്ധമായ പലതും ഉണ്ടായിട്ടും അതൊക്കെ നേരിടാൻ ഇൻഡ്യക്ക് സാധിച്ചത് ഇവിടെ ജനാധിപത്യം നിലനിൽക്കുന്നത് കൊണ്ടാണ്. ഇപ്പോൾ ഗുജറാത്തിൽ വർഗ്ഗീയ സംഘട്ടനമുണ്ടായി. ആയിരക്കണക്കിന് ആളുകൾ മരിച്ച സംഭവമുണ്ടായിട്ടുപോലും സ്വതന്ത്രമായി പത്ര പ്രവർത്തനവും ജനാധിപത്യപരമായ പ്രവർത്തനങ്ങളും നടത്താൻ കഴിഞ്ഞതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഫലമായി കോൺഗ്രസ് ഐ.-യുടെ പ്രസിഡന്റ് തുടങ്ങിയ പ്രധാനപ്പെട്ട ആളുകൾ ഗുജറാത്തിൽ പോയി. ശ്രീ. വി. പി. സിംഗ്, ശ്രീ. ഹർകിഷൻസിംഗ് സുർജിത്ത്, ശ്രീ. ബെർദാൻ തുടങ്ങിയ ഇൻഡ്യയിലെ ജനാധിപത്യ കക്ഷികളുടെ നേതാക്കൾ എല്ലാ പേരും അവിടെ പോകുവാനും അഭിപ്രായങ്ങൾ പറയുവാനും സാധിച്ചതിന്റെ ഫല മായിട്ടാണ് ഒരു പരിധിവരെയെങ്കിലും ന്യൂനപക്ഷങ്ങളെ തകർക്കുന്നതിൽനിന്നും രക്ഷപ്പെടുത്താൻ സാധിച്ചത്. ഇപ്പോൾ ജനാധിപത്യം ഒരു ഭരണ സംവിധാനം എന്ന നിലയിൽ, ലോകത്ത് നിലനിൽക്കുന്ന ഏറ്റവും നല്ലൊരു ഭരണസമ്പ്രദായമാണെന്ന് ബോധ്യപ്പെടുത്താനുള്ള പ്രധാനപ്പെട്ട ഒരു മേഖല നമ്മുടെ രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലും ഉണ്ടായിരിക്കേണ്ടേ. ആ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇന്ന് ജനാധിപത്യത്തെ പുറകോട്ട് വലിക്കുന്നതിന്റെ ആവശ്യമെന്താണ്? നമ്മൾ ഇത്തരത്തിൽ നിലപാടു സ്വീകരിക്കുമ്പോൾ കേന്ദ്രത്തിൽ അധികാരത്തിലുള്ളവർ അവരുടെ ഇഷ്ടത്തിനനുസരിച്ച്, അവർ ഉദ്ദേശിക്കുന്ന സംഘടനകളുടെ ആളുകളെ ഏറ്റവും തെറ്റായ രൂപത്തിൽ അവിടെ നിയോഗിക്കുവാൻ ശ്രമിക്കുന്ന അവസരത്തിൽ, നമ്മൾ അതിനെ ധാർമ്മികമായി എങ്ങനെ എതിർക്കുമെന്ന് വിനീതമായി ചോദിക്കുക യാണ്. കേരളത്തിൽ സ്വാശ്രയ കോളേജുകളുടെ പ്രശ്നം സംബന്ധിച്ച് പറഞ്ഞു. പക്ഷേ നിയമസഭയിൽ അതു സംബന്ധിച്ച് ചർച്ച ചെയ്തപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി യുടെയും മറ്റ് മന്ത്രിമാരുടേയും വാക്കുകളെ ഈ നിയമസഭയിലെ പ്രതിപക്ഷമടക്കം, ഒരു പരിധി വരെ വിശ്വസിച്ചു. അവിടെ പറഞ്ഞത്, 50 സീറ്റുകൾ നിർബന്ധമായി സ്വാശ്രയ കോളേജിൽ റിസർവേഷനിൽ ആയിരിക്കുമെന്ന്. മാത്രമല്ല, സർക്കാർ കോളേ ജുകളിൽ എന്താണ് ഫീസ് അതായിരിക്കും ഈ സംസ്ഥാനത്തെ സ്വാശ്രയകോളേജു കൾക്കും എന്നാണ് പറഞ്ഞത്. ഇന്ന് സെക്രട്ടേറിയറ്റിനു മുമ്പിൽ കേരളത്തിലെ വിവിധ വിദ്യാർത്ഥി സംഘടനകളുടെ പ്രതിനിധികൾ നിരാഹാര പ്രക്ഷോഭത്തിലാണ്. ഏഴാമത്തെ ദിവസമാണ്. കെ. എസ്. യു.-വിന്റെ സംസ്ഥാന പ്രസിഡന്റ് അടക്കം ഈ സംഭവങ്ങൾക്കെതിരായി ശക്തമായ പ്രസ്താവനകളിറക്കി. അവരുടേതായ മാർഗ്ഗത്തിൽ അവരും പ്രതിഷേധങ്ങൾ നടത്തുകയാണ്. ഈ ബിൽ ഇവിടെ അവതരിപ്പിച്ചത് സംസ്ഥാനത്തെ പ്രധാനപ്പെട്ട ഒരു ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട കക്ഷിയുടെ ആളാണ്. നമ്മുടെ നിയമസഭയിലെ പിന്നോക്ക സമിതിയുടെ ചെയർമാനായ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയും ആ കമ്മിറ്റിയിലുള്ള ഞങ്ങളുമൊക്കെ നമ്മുടെ സംസ്ഥാനത്തെ പിന്നോക്ക വിഭാഗത്തിന്റെയും ന്യൂനപക്ഷത്തിന്റെയും താൽപ്പര്യങ്ങൾ നേടിയെടുക്കുവാൻ സാധിക്കാത്തതിന്റെ പേരിലും അതുപോലെ എൻട്രൻസ് എക്സാമിനേഷൻ വഴി മെഡിസിനും എഞ്ചിനീയറിംഗിനും സെലക്ഷൻ നടക്കുന്ന അവസരത്തിൽ വല്ല പോരായ്മയും ഉണ്ടെങ്കിൽ ഉദ്യാഗസ്ഥൻമാരെ അവിടെ കൊണ്ടുവന്ന് അതു സംബന്ധിച്ച് ചർച്ച ചെയ്ത് അവർക്ക് താക്കീത് നൽകുന്നവരാണ് നമ്മൾ. നേരത്തെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ 1993-ൽ ഈ ബിൽ അവതരി പ്പിച്ച അവസരത്തിൽ സംവരണത്തെ സംബന്ധിച്ച് പറഞ്ഞിട്ട് എന്തുകൊണ്ടാണ് ഈ ബില്ലിൽ നിന്നും സംവരണത്തെ എടുത്തു മാറ്റിയത്? ഇൻഡ്യാ രാജ്യത്ത് പിന്നോക്ക വിഭാഗത്തിന്റേയും ന്യൂനപക്ഷത്തിന്റേയും താൽപ്പര്യങ്ങൾ തകർക്കുവാൻ ശ്രമിക്കുന്ന ശക്തികളുണ്ട്. ആ ശക്തികളാണ് അമ്പാനിയും ബിർളയും. കേന്ദ്രഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസം സംബന്ധിച്ച് പരിശോധിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

അമ്പാനി- ബിർള കമ്മിറ്റിയെ നിശ്ചയിച്ചു. ആ കമ്മിറ്റി പറഞ്ഞത്, പ്രാഥമിക വിദ്യാഭ്യാസം മതി സർക്കാരിന്റേത്. ഉന്നത വിദ്യാഭ്യാസം ഒരു വ്യവസായമെന്ന നിലയ്ക്ക് ഞങ്ങൾ, വ്യവസായികൾ നടത്തുമെന്നാണ്. ഇൻഡ്യാ രാജ്യത്ത് അതിന്റെ അടിസ്ഥാനത്തിൽ വിവിധ ഭാഗങ്ങളിൽ വ്യവസായികൾ ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് വരുന്നു. അത് കേരളത്തിലെ പിന്നോക്ക വിഭാഗത്തിന് ഗുണകരമാണോ; ന്യൂനപക്ഷ വിഭാഗത്തിന് ഗുണകരമാണോ? ഇത്തരം ഒരു ബിൽ ഈ കാലഘട്ടത്തിൽ കൊണ്ടു വരുന്ന അവസരത്തിൽ അതിനെ സംബന്ധിച്ച് വിലയിരുത്തുവാൻ ഈ ബിൽ അവതരിപ്പിച്ച മന്ത്രിക്കും സംസ്ഥാന ഭരണകൂടത്തിനും ബാധ്യതയില്ലേ?

മി. സ്പീക്കർ: 10 മിനിട്ടേയുള്ളൂ. 10 മിനിട്ടിൽ കൂടുതൽ ആർക്കുമില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: അമ്പാനി-ബിർള കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് ബില്ലിൽ കച്ചവടക്കാരുടേയും വ്യവസായികളുടേയും വാണിജ്യ സംഘടനകളുടേയും പ്രതിനിധികൾ ഉൾപ്പെടണമെന്ന് വ്യവസ്ഥചെയ്തിട്ടുള്ളതെന്ന് അങ്ങേയ്ക്ക് അറിയാമോ?

മി. സ്പീക്കർ: നേതാക്കൻമാരൊന്നും ഇങ്ങനെ ചോദിക്കുവാൻ പാടില്ല. വളരെ അത്യാവശ്യമുള്ളപ്പോഴേ നേതാക്കൻമാർ എഴുന്നേറ്റ് സംസാരിക്കുവാൻ പാടുള്ളൂ. അപ്പോൾ പറയുന്നത് എന്താണെന്ന് കേൾക്കും. എപ്പോഴും എഴുന്നേറ്റ് നിൽക്കുന്നതു കൊണ്ടാണ് കൂടെക്കൂടെ കേൾക്കാത്തത്.

ശ്രീ. സാജുപോൾ: ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ചപ്പോൾ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളെ സംബന്ധിച്ച് ഒന്നും പറഞ്ഞില്ല. പണ്ട് ഒന്നെടുത്താൽ രണ്ടെന്നായിരുന്നു. എന്നാൽ രണ്ട് കോളേജിൽ ഒന്ന് ഫ്രീ എന്ന് ഗവൺമെന്റ് കോളേജിനു തുല്യമെന്ന നിലയ്ക്ക് ബഹുമാനപ്പെട്ട തിരുവഞ്ചൂരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും,.....

Mr. Speaker: You have got only 10 minutes. Your time is going. He is not yielding. He is not yielding. അദ്ദേഹം yield ചെയ്യുന്നില്ല. yield ചെയ്യുകയാണെങ്കിൽ ഇരിക്കും.

ശ്രീ. സി. കെ. നാണു: നമ്മൾ ലോകത്ത് ഏറ്റവും വലിയ രാജ്യമായി കാണുന്നത് അമേരിക്കയെയാണ്. അമേരിക്കയുടെ കേന്ദ്ര സെക്രട്ടറിയായ റോൺ ബ്രൗൺ ഡെൽഹിയിൽ വന്നു. ഐ. ഐ. റ്റി. അദ്ദേഹത്തിന് സ്വീകരണം നൽകി. ആ സ്വീകരണത്തിൽ പങ്കെടുത്തവർ അദ്ദേഹത്തോട് ചോദിച്ചു, 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലും 1970 വരെയും അമേരിക്കയിൽ ഉന്നത വിദ്യാഭ്യാസ മേഖല സ്റ്റേറ്റിന്റെ ചുമതലയിലാക്കിയില്ലേ സർക്കാരല്ലേ അത് നടത്തിയത് എന്ന് ചോദിച്ചു. അദ്ദേഹം അതിന് മറുപടി പറഞ്ഞത്, ഉന്നത വിദ്യാഭ്യാസ മേഖല സ്റ്റേറ്റിന്റെ ചുമതലയിലാക്കിയതാണ് അമേരിക്കയുടെ ഇന്നു കാണുന്ന സാമ്പത്തിക അച്ചടക്കത്തിനും പുരോഗതിക്കും കാരണമെന്നാണ്. ഈ സംസ്ഥാനത്ത് എയ്ഡഡ് വിദ്യാലയം, സർക്കാർ വിദ്യാലയം, അതിലൂടെ വളർന്നുവെന്ന് പുരോഗതി കൈവരിച്ചവർ ഈ സംസ്ഥാനത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക ന്യൂനപക്ഷങ്ങളുടെ താൽപ്പര്യങ്ങൾ തകർക്കുന്നു. 50 ശതമാനം സംവരണത്തെപ്പറ്റി പറഞ്ഞു. കേരളത്തിലെ ഒരൊറ്റ എയ്ഡഡ് കോളേജിലും സർക്കാർ കോളേജിലും കഴിഞ്ഞ രണ്ടുകൊല്ലത്തിനിടയ്ക്ക് ഏതെങ്കിലും ഒരു കോഴ്സ്, ആധുനിക കോഴ്സുകളുടെ മാഹാത്മ്യമൊക്കെ പറയുന്നുണ്ടല്ലോ; ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് രണ്ട് കൊല്ലമായിട്ട് ഏതെങ്കിലും ഒരു ഗവൺമെന്റ് കോളേജിൽ, ഇവിടത്തെ പാവപ്പെട്ടവന്റെ മക്കൾ പഠിക്കുന്നിടത്ത് ഒരു കോഴ്സ് കൊടുത്തോ? അപ്പോൾ ഇവിടത്തെ ഉന്നത വിദ്യാഭ്യാസം ഈ രാജ്യത്തെ സമ്പന്നൻമാർക്കാണ്. പഴയ രാജവാഴ്ചയുടെ കാലത്ത്, ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് ഉയർന്നവർക്കുമാത്രം അധികാരം ലഭിച്ചിടത്തു ഈ സംസ്ഥാനത്തെ ശ്രീനാരായണ ഗുരുദേവൻ, അയ്യൻകാളി തുടങ്ങി അനേകം സാമൂഹ്യപരിഷ്കർത്താക്കൾ അവരുടെ അനുയായികൾ പ്രക്ഷോഭം നടത്തിയിട്ടാണ് ഈ നാട്ടിലെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഈ രാജ്യത്തെ പിന്നോക്കക്കാർ പഠിച്ചത്. ഈ നിയമസഭയിൽ കഴിഞ്ഞകാലത്ത് സാധാരണക്കാരുടെ താൽപ്പര്യങ്ങൾക്ക് വേണ്ടി പോരാട്ടം നടത്തിയവർ, വിദ്യാഭ്യാസ രംഗത്ത് ക്രൈസ്തവ മാനേജ്മെന്റ് ഒരു നടപടിക്ക് പോയപ്പോൾ അതിന് എതിരെ ശ്രീ. ഉമ്മൻചാണ്ടി, ശ്രി. എം. എം. ഹസ്സൻ, ശ്രീ. എ. കെ. ആന്റണി, അവസാനം സജീവമായി നേതൃത്വം നൽകിയ ശ്രീ. പി. ടി. തോമസ് ഉൾപ്പെടെയുള്ളവർ വിദ്യാഭ്യാസ രംഗത്ത് ഏതെങ്കിലും തരത്തിൽ സമൂഹത്തിന്റെ താൽപ്പര്യങ്ങൾക്ക് എതിരായി, വല്ലതും വന്നാൽ പോരാട്ടം നടത്തിയവർ, അതിന്റെ പശ്ചാത്തലത്തിൽ അധികാരത്തിൽ വന്നതിനുശേഷം ഇവിടെ കാണുന്നത് ഭൂരിപക്ഷത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ സമീപനമാണ്. സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പ്രശ്നം, ഗാന്ധി യൂണിവേഴ്സിറ്റി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ആയതാണ്. ഗാന്ധി എന്നുള്ള പേര് നമ്മുടെ രാജ്യത്ത് എങ്ങനെ ഉപയോഗിക്കുന്നു. മഹാത്മാഗാന്ധി 20-ാം നൂറ്റാണ്ടിൽ ഭാരതം സംഭാവന ചെയ്ത മഹാത്മാവാണ്. ആ മഹാത്മാഗാന്ധിയുടെ ഫോട്ടോയുടെ കീഴിൽ നമ്മൾ നിൽക്കുന്നു. ആ പേരിന്റെ സ്വാധീനത്തിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഒരു പക്ഷെ ഇന്ത്യയിലെ ഏറ്റവും വലിയ യൂണിവേഴ്സിറ്റിയാകും. ഇൻഡ്യാ രാജ്യത്ത് ഏകദേശം 214-ാളം യൂണിവേഴ്സിറ്റികൾ ഉണ്ട്. അനേകം കേന്ദ്ര യൂണിവേഴ്സിറ്റികൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ ഉണ്ട്. ഓരോന്നും വ്യക്തിത്വത്തോടു കൂടി നിൽക്കുന്ന അവസരത്തിൽ വിദ്യാഭ്യാസത്തിൽ മുമ്പിൽ നിൽക്കുന്ന കേരളം മാത്രം വിദ്യാഭ്യാസം കച്ചവടച്ചരക്കാക്കാൻ വേണ്ടി, ഈ രൂപത്തിൽ നിയമനിർമ്മാണം കൊണ്ടുവരുന്നു. പകരം, ലഭിക്കാവുന്ന എല്ലാ വിദ്യാഭ്യാസ വിദഗ്ധൻമാരേയും ഒരുമിച്ച് ചേർത്തുകൊണ്ട് എന്തുകൊണ്ട് നിയമത്തിന് ആ രൂപത്തിലുള്ള പ്രവർത്തനം നടത്താതെ പോകുന്നു. ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാക്കുകൾ വിശ്വസിച്ചുകൊണ്ട്, ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയുടെ വാക്കുകൾ വിശ്വസിച്ചുകൊണ്ട്, പ്രതിപക്ഷ നിരയിലുള്ള നേതാക്കൾ, നിങ്ങളുടെ ഉറപ്പുകളെ മാനിച്ചുകൊണ്ട്, നിങ്ങളുടെ വാക്ക് സ്വീകരിച്ചതിന്റെ ഫലമായി പാവപ്പെട്ട കുട്ടികൾ വിവിധ സംഘടനയുടെ നേതാക്കൾ സെക്രട്ടേറിയറ്റിന്റെ മുമ്പിൽ ഗാന്ധിയൻസമരത്തിൽ കിടക്കുകയാണ്. നിങ്ങൾ പാർട്ടി നോക്കേണ്ട. നമ്മുടെ പിൻതലമുറകൾ, നിങ്ങൾ മുദ്രാവാക്യം മുഴക്കി, നിങ്ങളുടെ മുദ്രാവാക്യത്തിൽ ആവേശം കൊണ്ടവർ അവർ പട്ടിണി കിടക്കുന്നു അവരുടെ ശബ്ദം കേൾക്കാൻ നമുക്ക് സാധിക്കണം. ഈ സംസ്ഥാനത്ത് വിദ്യാഭ്യാസം കച്ചവടച്ചരക്ക് ആക്കാതിരിക്കാൻ നമുക്ക് സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മുടെ സംസ്ഥാനത്തെ കാലഹരണപ്പെട്ട പ്രധാനപ്പെട്ട ചില നിയമങ്ങൾ പരിഷ്കരിക്കുന്നതിനും സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് ഏകീകൃതമായ ഒരു സംവിധാനം ഉണ്ടാക്കുന്നതിനും വേണ്ടിയുള്ള ഒരു നിയമമാണിത്. ഈ നിയമത്തിന്റെ മൂലനിയമം നോക്കിയുള്ള യാത്ര വളരെ രസകരമാണ്. ഇതിൽ ഏറ്റവും പഴയ നിയമമെന്നു പറയുന്നത് 1975-ലെ കേരള യൂണിവേഴ്സിറ്റി ആക്ടാണ്. 1975-ലെ കേരളാ യൂണിവേഴ്സിറ്റി ആക്ട് എന്നു പറയുന്നത് 1937-ലെ തിരുവിതാംകൂർ സർവ്വകലാശാലാ നിയമത്തിൽ നടത്തിയ ചെറിയ അമെൻഡ്മെന്റ് മാത്രമാണ്. 1937-ലെ തിരുവിതാംകൂർ യൂണിവേഴ്സിറ്റി ആക്ട് തന്നെ 1857-ലെ മദ്രാസ് യൂണിവേഴ്സിറ്റി നിയമത്തിന്റെ മറ്റൊരു പതിപ്പാണ്. കാര്യമായ വ്യത്യാസമില്ല എന്നു പറഞ്ഞാൽ 1857-ൽ ഉണ്ടാക്കിയിരിക്കുന്ന ഒരു നിയമം കാര്യമായ മാറ്റമില്ലാതെ 1975-ൽ നടപ്പാക്കിയതാണ്. ഇപ്പോഴും തുടരുന്നത്. ഒന്നര നൂറ്റാണ്ടായി കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പ്രധാനപ്പെട്ട കേരളാ യൂണിവേഴ്സിറ്റി ആക്ട്പോലുള്ള ഒരു നിയമം 19-ാം നൂറ്റാണ്ടിന്റെ ഒരു നിയമത്തിൽ കാര്യമായ, സമൂലമായ മാറ്റമില്ലാതെ തുടരുന്നതു തന്നെയാണ്. ഒന്നരനൂറ്റാണ്ടായി കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത്, എത്രയോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ലോകത്ത് വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ ആ മാറ്റങ്ങളൊന്നും ഉൾക്കൊള്ളാൻ നമ്മുടെ നിയമത്തിന് കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. എന്തായാലും നിയമത്തിന് സമൂലമായ മാറ്റം, കാലാനുസൃതമായ പരിഷ്കാരം വേണമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. സർവ്വകലാശാല എന്നു പറയുന്ന സങ്കൽപ്പം, അത് നമ്മുടെ നാടിന്റെ വികസനത്തിന്റെ ദീപസ്തംഭങ്ങളാണ്. ആ സങ്കൽപ്പത്തെ കാത്തു രക്ഷിക്കാൻ നമ്മുടെ സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് കഴിയുന്നില്ലായെന്നത് ഒരു പ്രധാനപ്പെട്ട വിഷയം തന്നെയാണ്. സർവ്വകലാശാലകളുടെ ലക്ഷ്യം തന്നെ, ഒരു knowledge society, ഒരു വൈജ്ഞാനിക സമൂഹത്തെ സൃഷ്ടിക്കുക എന്നതാണ്. നമ്മുടെ സർവ്വകലാശാലകളിൽ ഗവേഷണങ്ങൾ നടക്കുന്നുണ്ട്. ആ ഗവേഷണത്തിന്റെ ഫലമായി വൈജ്ഞാനിക സമൂഹം ഉണ്ടാകുന്നുണ്ടോ, വിജ്ഞാനത്തിന്റെ ഒരു പ്രൊഡക്ഷൻ, അഥവാ ജനറേഷൻ, അതിന്റെ ഡിസ്ട്രിബ്യൂഷൻ എന്നിവ നടക്കുന്നുണ്ടോ? അതു നമ്മൾ ഇരുകൂട്ടരും സമ്മതിക്കുന്ന ഒരു കാര്യമാണ്. നാട്ടിലെ വ്യവസ്ഥിതിയുടെ പൽചക്രങ്ങളെ വാർത്തെടുക്കുന്ന വെറും ഫാക്ടറികൾ മാത്രമായി നമ്മുടെ സർവ്വകലാശാലകൾ മുഴുവൻ മാറിയിരിക്കുകയാണ്. ഇവിടെ ഉയരുന്ന ഏറ്റവും പ്രധാനപ്പെട്ട ചോദ്യം, സർവ്വകലാശാലകളുടെ സ്വയംഭരണത്തിൽ കത്തിവയ്ക്കുന്നതാണോ ഈ ബിൽ എന്നുള്ളതാണ്. സർവ്വകലാശാലയുടെ അക്കാഡമിക് സ്വാതന്ത്ര്യത്തിൽ സർക്കാർ കൈകടത്തുന്നതിന് ഞങ്ങളും എതിരാണ്. അക്കാഡമിക് സ്വാതന്ത്ര്യവും ഭരണപരമായ സ്വാതന്ത്ര്യവും രണ്ടും രണ്ടായി കാണാൻ കഴിയണം. ഈ നിയമത്തിൽ എവിടെയെങ്കിലും സർവ്വകലാശാലകളുടെ അക്കാഡമിക് സ്വാതന്ത്ര്യത്തിൽ സർക്കാർ ഇടപെടുന്ന ഏതെങ്കിലും വകുപ്പ് ആർക്കെങ്കിലും ചൂണ്ടിക്കാണിച്ചു തരാൻ കഴിയുമോ? അക്കാഡമിക് സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ ഈ ബില്ലിന്റെ ഒരു ഭാഗത്തും സർക്കാർ ഇടപെടുന്നില്ല. ഭരണപരമായ സ്വാതന്ത്ര്യത്തിൽ സർക്കാർ ഇടപെടുന്നുണ്ട്. അങ്ങനെ കൈകടത്തണമെന്നുതന്നെയാണ് എന്റെ അഭിപ്രായം. കാരണം, സർക്കാർ കൊടുക്കുന്ന ഗ്രാന്റ് അത് എവിടെ കൊടുത്താലും

LIBRARY ARCHIVES Kerala Legislative Assembly

ആത് പരിശോധിക്കാനും അതെങ്ങനെ ചെലവഴിക്കണമെന്ന് തീരുമാനിക്കാനും അതിന് നിയന്ത്രണമേർപ്പെടുത്താനും ഫിനാൻഷ്യൽ മിസ്മാനേജ്മെന്റ് ഇല്ലാതാക്കാനുമുള്ള ഉത്തരവാദിത്വം ഒരു സർക്കാരിനുണ്ട്. നമ്മുടെ സർവ്വകലാശാലകളിൽ യാതൊരു നിയന്ത്രണവും ഇല്ലാതെ കുത്തഴിഞ്ഞുകിടക്കുന്ന ഒരു ഭരണ സംവിധാനമാണ് നിലവിലുള്ളത്. ഫിനാൻഷ്യൽ മിസ്മാനേജ്മെന്റ് ഉണ്ടാകുന്നു. നമ്മുടെ സർവ്വകലാശാലകളിലെ പരീക്ഷാ സമ്പ്രദായത്തിലെ പാളിച്ചകൾ, നമ്മുടെ ജനങ്ങൾക്കുണ്ടായിരുന്ന പരീക്ഷാസമ്പ്രദായത്തെക്കുറിച്ചുള്ള വിശ്വാസത്തകർച്ച ഇതെല്ലാം മാറ്റിയെടുക്കാനുള്ള സംവിധാനം സർവ്വകലാശാലകളിൽ വേണമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. സ്വയംഭരണത്തെക്കുറിച്ച് ഇവിടെ വലിയ പ്രസംഗങ്ങൾ കേട്ടു. ഏതു ഭരണകൂടമാണ് ഏതു സർവ്വകലാശാലയെ എന്നാണ് ഇവിടെ സ്വയംഭരണത്തിന് അനുവദിച്ചിരിക്കുന്നത്. ഇവിടെ വൈസ് ചാൻസലർമാരുടെ കാര്യം പറഞ്ഞു. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ മൈക്കിൾ സാറിനെ മാറ്റാൻ വേണ്ടി എടുത്ത തീരുമാനത്തെക്കുറിച്ച് പറയുകയുണ്ടായി. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഡോ. ടി. കെ. രവീന്ദ്രൻ എന്ന അക്കാഡമീഷ്യൻ വൈസ് ചാൻസലറായിരിക്കുമ്പോൾ അദ്ദേഹം ഒരു സെമിനാറിൽ ആശയപരമായി സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെതിരായി സംസാരിച്ചു എന്ന ഒറ്റ കാരണത്തിന്റെ പേരിലാണ് അദ്ദേഹത്തെ ആ സർവ്വകലാശാല ഒറ്റപ്പെടുത്തുകയും അദ്ദേഹത്തെ മാറ്റാൻ വേണ്ടിയുള്ള നിയമം കൊണ്ടു വരുകയും ചെയ്തത്. അവസാനം ഗവർണ്ണർ ഒപ്പിട്ടില്ല. ഡോ. എ. വി. വർഗ്ഗീസിനെതിരായി, വൈസ് ചാൻസിലറായിരുന്ന അദ്ദേഹത്തിനെതിരായിട്ടുള്ള നീക്കം, ഡോ. ജെ. വി. വിളനിലത്തിനെതിരായിട്ടുള്ള നീക്കം, അങ്ങനെ എത്രയോ വൈസ്ചാൻസലർമാരാണ് പീഡിപ്പിക്കപ്പെടുകയും ആക്രമിക്കപ്പെടുകയും നിരാശപ്പെടുകയും ചെയ്തത്. എത്രയോ സമരമുറകൾ അവലംബിച്ച ആളുകളാണ് ഇപ്പോൾ സംസാരിക്കുന്നത്. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ മൈക്കിളിനെപ്പോലെയുള്ള ഒരു വിദ്യാഭ്യാസവിചക്ഷണനെ മാറ്റി അവിടെ കൊണ്ടു വന്നത് ഒരു പ്രോ-വൈസ് ചാൻസലറെയാണ്. അദ്ദേഹം പാർട്ടി സെക്രട്ടേറിയറ്റിന് കത്തെഴുതി. സർവ്വകലാശാലകളിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ച് ഒരു പാർട്ടി ഫ്രാക്ഷൻ, പാർട്ടിയുടെ ഒരു സ്റ്റേറ്റ് സെക്രട്ടറിക്ക് കത്തെഴുതുന്നതുപോലെ കത്തെഴുതിയ വൈസ് ചാൻസലർമാരെ നിയമിച്ച ആളുകളല്ലേ നിങ്ങൾ? കെ. കെ. എൻ. കുറുപ്പുമാരെ മുന്നിൽ നിർത്തി മത്തായി ചാക്കോമാർ നടത്തിയ ഭരണം, അങ്ങനെ കേരളത്തിലെ സർവ്വകലാശാലകളുടെ സിൻഡിക്കേറ്റുകളിൽ നടത്തിയ ഭരണമല്ലേ സർവ്വകലാശാലകളെ മുഴുവൻ തകർത്തത്. സിൻഡിക്കേറ്റുകൾ എന്നു പറഞ്ഞാൽ, ആ സിൻഡിക്കേറ്റിൽതന്നെ മൂന്നും നാലും പേർ കൂടി വേറൊരു സിൻഡിക്കേറ്റുണ്ടാക്കി അവരെല്ലാമാണ് സർവ്വകലാശാലയെ ഭരിക്കുന്നത്. വിദ്യാഭ്യാസ വിചക്ഷണൻമാർക്കും വൈസ് ചാൻസലർമാർക്കും നമ്മുടെ സർവ്വകലാശാലകളിൽ യാതൊരു നിവൃത്തിയുമില്ലാത്ത സ്ഥിതി വന്നിരിക്കുകയാണ്. സർവ്വകലാശാലകളിൽ ഉണ്ടാകുന്ന പാളിച്ചകൾക്ക് ഗവൺമെന്റ് ഉത്തരം പറയേണ്ട ബാധ്യത ഉണ്ടായിട്ടില്ലേ? 1987-ൽ പ്രീഡിഗ്രി ബോർഡുമായി ബന്ധപ്പെട്ടുകൊണ്ട് നടന്ന സമരങ്ങളിൽ സർവ്വകലാശാലകളിൽ നിന്ന് ഉത്തരക്കടലാസ്സുകൾ കാണാതായത്, അതിന്റെ പേരിൽ ഒരു വിദ്യാഭ്യാസമന്ത്രിയേയും ഒരു ഗവൺമെന്റിനേയും മുഴുവൻ പ്രതിക്കൂട്ടിൽ നിർത്തിക്കൊണ്ടല്ലേ 1987-ൽ തെരഞ്ഞെടുപ്പിൽ നിങ്ങൾ ജയിച്ചു വന്നത്. സർവ്വകലാശാലകളിലുണ്ടാകുന്ന പാളിച്ചകൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിയും

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരും ഉത്തരം പറയണം, അവർ അങ്ങോട്ട് നോക്കാൻപോലും പാടില്ല. അവിടെ അക്കാഡമിക് സ്വാതന്ത്ര്യത്തിന്റെ പേരിൽ കുറെയാളുകൾ നടത്തുന്ന ഭരണത്തിന്റെ എല്ലാ വൃത്തികേടുകൾക്കും സർക്കാർ കൂട്ടു നിൽക്കണം എന്നാണോ ചോദിക്കുന്നത്? നമ്മുടെ വൈസ് ചാൻസലർമാരെ നിയമിക്കുന്നതിൽ ഏതു ഗവൺമെന്റായാലും പ്രത്യേകം ശ്രദ്ധിക്കണമെന്നു മാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നമ്മുടെ കോർപ്പറേഷനുകളിൽ ചെയർമാൻമാരെ നിയമിക്കുന്നതുപോലെയോ പൊതുമേഖലാ സ്ഥാപനങ്ങളിൽ എം. ഡി. മാരെ നിയമിക്കുന്ന ലാഘവത്തോടു കൂടിയോ വൈസ് ചാൻസലർമാരെ നിയമിക്കരുത്. അക്കാഡമിക് കാര്യത്തിലും അഡ്മിനിസ്ട്രേറ്റീവ് കാര്യത്തിലും, ഒരുപോലെ കഴിവും എക്സ്പീരിയൻസുള്ള ആളുകളെ സർവ്വകലാശാലകളിൽ വൈസ് ചാൻസലർമാരായി നിയമിക്കണം. എക്സിക്യൂട്ടീവ് കൗൺസിലിൽ വിദ്യാർത്ഥി പ്രാതിനിധ്യം ഇല്ലാത്തത് വലിയ തെറ്റായി കാണുന്ന ആളാണ് ഞാൻ. ഞങ്ങൾ കെ. എസ്. യു. പ്രസ്ഥാനത്തിൽക്കൂടി വന്നവരാണ്. വിദ്യാർത്ഥി പ്രാതിനിധ്യം സർവ്വകലാശാലയിൽ ഉണ്ടാകണമെന്നു തന്നെയാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. അതിൽ സംശയം വേണ്ട. വിദ്യാർത്ഥികളാണ് ഇതിന്റെ ബെനിഫിഷ്യറീസ്, ഇതിന്റെ ഉപഭോക്താക്കൾ വിദ്യാർത്ഥികളാണ്. അവരുടെ ഒരു പ്രതിനിധി എക്സിക്യൂട്ടീവ് കൗൺസിലിൽ ഉണ്ടാകണം. വിദ്യാർത്ഥി പ്രതിനിധിക്കുവേണ്ടി വലിയ ഒച്ചപ്പാടുണ്ടാക്കിയ ആളുകൾ ഒന്നു ശ്രദ്ധിക്കണം. ശ്രീ. ടി. എം. ജേക്കബ് 1985-ൽ ഗാന്ധി യൂണിവേഴ്സിറ്റി ആക്ട് കൊണ്ടു വന്നു. 1988-ൽ ഇവർ ആ ആക്ടിൽ രണ്ടു അമെന്റ്മെന്റ് കൊണ്ടു വന്നു. ആദ്യത്തേത് ഗാന്ധിജി യൂണിവേഴ്സിറ്റി എന്നുള്ളത് മാറ്റി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എന്നാക്കി. രണ്ടാമത്തേത് എന്താണെന്നറിയാമോ? 1985-ലെ ആക്ടിൽ ഒരുപാട് നിയമങ്ങൾ ഉണ്ടായിരുന്നു. ആ നിയമത്തിൽ ഇലക്ഷൻ ഉണ്ടായിരുന്നു. ഇവർ കൊണ്ടു വന്ന ക്ലാസ്, amendment of Section 22. In Section 22 of the principal Act for the word 'election' the word 'nomination' shall be substituted. In the first proviso for the words 'elected and electorate' the words 'nominated and body' shall respectively be substituted എന്നാണ്. എല്ലായിടത്തും ഇലക്ഷന് പകരം നോമിനേഷൻ എന്ന് എഴുതിച്ചേർത്ത അമെന്റ്മെന്റ് 1988-ൽ കൊണ്ടുവന്ന് സഭയിൽ പാസ്സാക്കിയ ആളുകളാണ് ഇപ്പോൾ സിൻഡിക്കേറ്റിലേയ്ക്കും സെനറ്റിലേയ്ക്കും ആളുകളെ തെരഞ്ഞെടുക്കണമെന്ന് പറയുന്നത്. നിങ്ങൾ അധികാരത്തിൽ ഇരുന്നപ്പോൾ ചെയ്ത കാര്യങ്ങൾ തന്നെയാണ് ചെയ്യുന്നത്. ഒരു വ്യത്യാസവുമില്ല. ഈ നിയമം എന്താണ്? കണ്ണൂർ യൂണിവേഴ്സിറ്റി ആക്ട്, എം. ജി. യൂണിവേഴ്സിറ്റി ആക്ട് അതുപോലെ കേരള സർവ്വകലാശാലയിലേയും കാലിക്കറ്റ് സർവ്വകലാശാലയിലേയും ആക്ട് കൂടി മാറ്റുന്നു എന്നല്ലാതെ ഈ നിയമത്തിൽ അക്കാഡമിക് സ്വാതന്ത്ര്യത്തിന്റെമേൽ ഒരു കൈകടത്തലുമില്ല. ശ്രീ. എ. കെ. ആന്റണിയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചല്ലോ. ശ്രീ. എ. കെ. ആന്റണി മതമേലദ്ധ്യക്ഷൻമാരുടെ ധിക്കാരത്തിനും ശാസനകൾക്കും മുന്നിൽ തലകുനിക്കാത്ത ആളാണ്. 1970-കളിൽ വിദ്യാഭ്യാസ സമരത്തിന് നേതൃത്വം കൊടുത്ത ആളാണ്. ഞങ്ങൾക്ക് അഭിമാനമുണ്ട്, അദ്ദേഹം ഇപ്പോഴും അവരുടെ മുന്നിൽ മുട്ടുമടക്കുന്നില്ല എന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണം അദ്ദേഹം നേതൃത്വം കൊടുക്കുന്ന ഈ ഗവൺമെന്റ് കൊണ്ടുവന്ന ഈ നിയമത്തിലെ clause 80 മുതൽ 86 വരെയുള്ള കാര്യങ്ങളാണ്. എന്താണ് കുഴപ്പം? സ്വാശ്രയ മാനേജ്മെന്റുകളെ നിയന്ത്രിക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനങ്ങൾ ഈ നിയമത്തിലില്ലേ? വിദ്യാർത്ഥി പ്രവേശനത്തിൽ സംവരണമുൾപ്പെടെയുള്ള ക്രമീകരണമില്ലേ? ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എ. കെ. ബാലൻ സംസാരിച്ചപ്പോൾ സംവരണമില്ലെന്നു പറഞ്ഞു. Mandatory-യായി സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് നിയന്ത്രണം വേണം, വിദ്യാഭ്യാസ പ്രവേശനത്തിൽ നിയന്ത്രണം വേണമെന്ന് ഈ നിയമത്തിൽ പറയുന്നു. ഫീസുകളുടെ ക്രമീകരണം ഇതിലുണ്ട്. ക്യാപിറ്റേഷൻ ഫീ നിരോധിക്കുന്നു. ഡൊണേഷൻ വാങ്ങുന്നതാണ് കുഴപ്പമെന്ന് ഇവിടെ പറയുന്നു, ഇവിടെ നിങ്ങൾക്ക് എല്ലാവർക്കും അയച്ചു തന്നിരിക്കുന്ന എ.കെ.പി.സി.ടി.എ. യുടെ കുറിമാനം ഉണ്ടല്ലോ. അതിൽ സ്വാശ്രയ കോളേജുകളുടെ ഭരണസംവിധാനം ബംഗാൾ മോഡലിൽ പറയുന്നുണ്ട്. അതിൽ പറയുന്നത് കോളേജിനുവേണ്ട നിശ്ചിത തുകയിലധികം സംഭാവന ചെയ്തിട്ടുള്ളവരിൽ നിന്നും വൈസ് ചാൻസിലർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേരെ കോളേജുകളിലേയും സർവ്വകലാശാലകളിലേയും ഗവേണിംഗ് കൗൺസിലിൽ വയ്ക്കാവുന്നതാണെന്നാണ്. എ.കെ.പി.സി.ടി.എ. യുടെ കുറിമാനത്തിൽ എഴുതിയിരിക്കുന്നത് വായിച്ചു നോക്കൂ. കോളേജിനുവേണ്ടി സംഭാവന ചെയ്യുന്ന ആളുകളുടെ പ്രതിനിധിയെ തെരഞ്ഞെടുപ്പിൽ വയ്ക്കാമെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. അതുപോലെ ക്യാപിറ്റേഷൻ ഫീ കൊടുത്തിട്ടുണ്ട് എന്നു കാണിച്ചാൽ അത് റിക്കവറി നടത്താനുള്ള പ്രൊസീഡ്യുവർ വരെ ഈ നിയമത്തിൽ എഴുതിച്ചേർത്തിട്ടുണ്ട്. സ്വാശ്രയ മാനേജുമെന്റുകളുടെ കാര്യത്തിൽ അദ്ധ്യാപകരുടെ ശമ്പളവും വേതന വ്യവസ്ഥകളും സർക്കാർ നിയന്ത്രിക്കും. സ്വാശ്രയ മാനേജ്മെന്റുകൾ സർക്കാർ പറയുന്ന നിയമത്തിന്റെയും സ്റ്റാറ്റ്യൂട്ടിന്റെയും കീഴിലാണ്. ഈ നിയമങ്ങൾ ലംഘിച്ചാൽ അവരുടെ പ്രിമിസസ്സിൽ കടന്നു കയറി പരിശോധന നടത്താനും അവിടെ പ്രവേശിച്ച് അത് ഡിസ്കാളിഫൈ ചെയ്യാനുമുള്ള നിയമങ്ങൾ ഈ ഏകീകൃത സർവ്വകലാശാലാ ബില്ലിൽ എഴുതിച്ചേർത്തിട്ടുണ്ട്. ഇത് സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന് ഒരു വശത്ത് ആവശ്യപ്പെടുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നലെ പ്രസംഗിച്ചപ്പോൾ സ്വാശ്രയ മാനേജ്മെന്റുകൾക്ക് അഡ്മിഷൻ നടത്തി കോഴ വാങ്ങാനുള്ള സൗകര്യം ഈ ഗവൺമെന്റ് ചെയ്തുകൊടുക്കുകയാണെന്ന് മറ്റൊരു വശത്തും പറയുന്നുണ്ട്. എന്താണ് ചെയ്യേണ്ടത്? ഈ ഏകീകൃത സർവ്വകലാശാലാ ബിൽ പാസ്സായി കഴിഞ്ഞാൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ആവശ്യമായ മാറ്റങ്ങളുണ്ടാകും. ഗവേഷണ കൗൺസിൽ ഉൾപ്പെടെയുള്ള, അക്കാഡമിക് കൗൺസിൽ ഉൾപ്പെടെയുള്ള ഈ നിയമത്തിൽ പറയുന്ന കാര്യങ്ങൾക്ക് വിപുലമായ അധികാരങ്ങൾ കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. നമ്മുടെ വിദ്യാഭ്യാസ രംഗത്തേക്ക് commitment ഉള്ള വളരെയധികം ആളുകൾക്ക്, ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് കടന്നുവരാനുള്ള വിപുലമായ സാധ്യതകൾ ഈ നിയമത്തിൽ നിൽക്കുന്നു. ഓരോ പ്രാവശ്യം ഭരിക്കുന്ന ഗവൺമെന്റുകളുടെ commitment പോലെ, പ്രതിബദ്ധതപോലെ ഈ നിയമത്തെ വ്യാഖ്യാനിക്കുവാനും ഈ നിയമത്തെ നന്നായി നടപ്പാക്കുവാനും കഴിയും. അതുകൊണ്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് സമൂല മാറ്റം നിർദ്ദേശിക്കുന്ന ഈ ബില്ലിനെ ഒരിക്കൽ കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ശ്രീ. പി. പി. ജോർജ്ജ് ഇന്നലെ അവതരിപ്പിച്ച അമെന്റ് മെന്റിനെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ ചർച്ച ആരംഭിച്ച

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. സുപാൽ മുതൽ പ്രതിപക്ഷനേതാവും ശ്രീ. കോടിയേരി ബാലകൃഷ്ണനും അടക്കമുള്ളവർ ഒരു പുകമറയുണ്ടാക്കി സംശയത്തിന്റെ അന്തരീക്ഷമുണ്ടാക്കാൻ ശ്രമിച്ചിട്ടുണ്ട്. ചർച്ചകളിൽ ആദ്യംമുതലുള്ള സമീപനം ആടിനെ പട്ടിയാക്കുന്ന രീതിയിലായിരുന്നു. ഈ ബിൽ അവതരിപ്പിച്ച അവസരത്തിൽ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ഒരു ഒബ്ജക്ഷനുണ്ട്. കമ്മ്യൂണിറ്റി കോളേജുകളുണ്ടാക്കാനുള്ള ഒരു വ്യവസ്ഥ, അത് കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ വർഗ്ഗീയവൽക്കരിക്കാനുള്ള ശ്രമമാണ് എന്ന് ആക്ഷേപിക്കാനുള്ള സമീപനം ശ്രീ. കോടിയേരി 'ബാലകൃഷ്ണൻ സ്വീകരിച്ചത് വളരെ നിർഭാഗ്യകരമായിപ്പോയി. ഓക്സ്ഫോർഡ് ഡിക്ഷണറിയും കേംബ്രിഡ്ജ് ഡിക്ഷണറിയും അദ്ദേഹം ഉദ്ധരിച്ചു. ഒരു ഡിക്ഷണറിയും തപ്പിപ്പോകണ്ട, ഈ നിയമത്തിന്റെ 3-ാം പേജിൽ 13-ാം ഉപവകുപ്പിൽ വളരെ വ്യക്തമായി കമ്മ്യൂണിറ്റി കോളേജ് ഡിഫൈൻ ചെയ്തിട്ടുണ്ട്. ഒരു പ്രത്യേക പ്രദേശത്തെ ജനങ്ങളുടെ സവിശേഷമായ സാമൂഹ്യ സാമ്പത്തിക ആവശ്യങ്ങളും മറ്റ് ആവശ്യങ്ങളും നിറവേറ്റുന്നതിന് ആവശ്യമായ കോഴ്സുകൾ പ്രധാനം ചെയ്യണമെന്ന കാഴ്ചപ്പാട് ഈ ആക്ടിലെ വ്യവസ്ഥകൾക്കനുസരിച്ച് സ്ഥാപിക്കപ്പെടുന്ന തരത്തിലുള്ള കമ്മ്യൂണിറ്റി കോളേജ് എന്നാണ് അതിൽ പറയുന്നത്. അദ്ദേഹം വ്യാഖ്യാനിച്ച് വ്യാഖ്യാനിച്ച് അത് വർഗ്ഗീയമായ താൽപ്പര്യമാണെന്നുവരെ പറയുകയുണ്ടായി. ഈ നിലപാടുമൂലം എന്തോ വലിയ അപകടം സംഭവിക്കാൻ പോകുന്നു എന്നാണ് പറയുന്നത്. ശ്രീ. വി. ഡി. സതീശൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പ്രശ്നം വളരെ സിമ്പിളാണ്. കേരളത്തിൽ നാല് അഫിലിയേറ്റഡ് യൂണിവേഴ്സിറ്റികളുണ്ട്. ഇതിന്റെയെല്ലാം മദർ യൂണിവേഴ്സിറ്റി കേരള യൂണിവേഴ്സിറ്റിയാണ്. പിന്നീട് കോഴിക്കോട് യൂണിവേഴ്സിറ്റിയുണ്ടായി, എം. ജി. യൂണിവേഴ്സിറ്റിയുണ്ടായി, കണ്ണൂർ യൂണിവേഴ്സിറ്റിയുണ്ടായി, അങ്ങ് കേരള യൂണിവേഴ്സിറ്റിയിലെ സിൻഡിക്കേറ്റ് അംഗമായിരുന്നു, ഞാനത് ഓർക്കുന്നു. കേരള യൂണിവേഴ്സിറ്റിയിൽ നിന്നും നാലായി മാറിയ യൂണിവേഴ്സിറ്റികൾ, നാലിനും പൊതു സ്വഭാവമാണ്. നാലും അഫിലിയേറ്റിംഗ് യൂണിവേഴ്സിറ്റികളാണ്. ഈ നാല് യൂണിവേഴ്സിറ്റികൾക്കുവേണ്ടി പൊതുവായി നിയമമുണ്ടാക്കുമ്പോൾ ഇത്രയേറെ കോലാഹലമെന്തിനാണ്? വ്യത്യസ്ത സ്വഭാവമുള്ള കൊച്ചിൻ യൂണിവേഴ്സിറ്റി ഈ നിയമത്തിലുൾപ്പെടുത്തിയിട്ടില്ല, വ്യത്യസ്ത സ്വഭാവമുള്ള കാർഷിക യൂണിവേഴ്സിറ്റി ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. സമാന സ്വഭാവമുള്ള നാല് യൂണിവേഴ്സിറ്റികളെ പൊതുവായി ഒരു നിയമത്തിന്റെ, ഒരു കുടയുടെ കീഴിൽ കൊണ്ടുവരുന്നതിന് ഇത്ര കോലാഹലം വേണമോ? കേരളത്തിലെ അഫിലിയേറ്റിംഗ് യൂണിവേഴ്സിറ്റികളിൽ ഒരു പൊതുവായ സമീപനം വേണ്ടേ? ഇവിടെ പരീക്ഷ നടത്തുന്നതിന് വല്ല ക്രമവും നിശ്ചയമുണ്ടോ? ഓരോ യൂണിവേഴ്സിറ്റികളിലും ഓരോ സമയത്താണ് പരീക്ഷ, ഓരോ യൂണിവേഴ്സിറ്റിയിലും ഓരോ അക്കാഡമിക് കലണ്ടർ, ഇതെല്ലാം മാറ്റി കേരളത്തിലെ യൂണിവേഴ്സിറ്റികൾക്ക് ഒരു പൊതുവായ സ്വഭാവം കൊണ്ടുവരാൻ ശ്രമിക്കുമ്പോൾ നിങ്ങൾ കല്ലെറിയാൻ ശ്രമിക്കുന്നത് വളരെ നിർഭാഗ്യകരമാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഈ ആക്ടിന് ഒരു പൊതുവായ ഘടന മാത്രമേ പറയുന്നുള്ളൂ, പൊതുവായ സ്ട്രക്ചർ, അതിനപ്പുറമൊന്നും ഈ ആക്ടിലില്ല. യാതൊരുവിധമായ അക്കാഡമിക് സ്വാതന്ത്ര്യത്തിലും കൈകടത്തുന്നില്ല. ഇവിടെ പറയുന്നത് കേട്ടാൽ തോന്നും ഇലക്റ്റഡ്

LIBRARY ARCHIVES Kerala Legislative Assembly

സിൻഡിക്കേറ്റുള്ള യൂണിവേഴ്സിറ്റികളെല്ലാം വളരെ മെച്ചമാണെന്നാണ്. നമ്മുടെ മുമ്പിൽ അനുഭവങ്ങളുണ്ടല്ലോ. കേരള യൂണിവേഴ്സിറ്റിയും കോഴിക്കോട് യൂണിവേഴ്സിറ്റിയും ഒരേ നിയമമാണ്, ഒരേ സ്വഭാവമാണ്. രണ്ട് യൂണിവേഴ്സിറ്റിയിലും ഇലക്റ്റഡ് സിൻഡിക്കേറ്റുണ്ട്. അവിടെ കാര്യങ്ങൾ മെച്ചമായി പോകുന്നുണ്ടോ? അവിടെയെല്ലാം ഭംഗിയായി പോകുന്നുണ്ടോ? ഉണ്ടെങ്കിൽ സമ്മതിക്കാം. എം. ജി. യൂണിവേഴ്സിറ്റിയിലും കണ്ണൂർ യൂണിവേഴ്സിറ്റിയിലും നോമിനേറ്റഡ് സിൻഡിക്കേറ്റാണ്. അവിടെയും കാര്യങ്ങൾ ഭംഗിയായി പോകുന്നില്ലെന്ന് സമ്മതിക്കുന്നു. ഇവിടെ വേണ്ടത് ഒരു ഗവൺമെന്റിന്റെ അപ്രോച്ചാണ്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സംശയരഹിതമായി ഈ ഗവൺമെന്റിന് തുറന്ന മനസ്സാണുള്ളതെന്ന് പറഞ്ഞു. ഞങ്ങൾ ഈ നിയമവുമായി ധൃതിപിടിച്ച് മുന്നോട്ട് പോകുന്നില്ല. ഈ നിയമം ഈ സഭയിൽ പാസ്സാക്കിയിരുന്നുവെങ്കിൽ നിങ്ങൾക്ക് പറയാമായിരുന്നു. യാതൊരു ധൃതിയും കാണിക്കാതെ സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് വിശദമായ ചർച്ചകളിലൂടെ പാസ്സാക്കണമെന്ന് പറയുമ്പോഴും നിങ്ങൾ കല്ലെറിയാൻ ശ്രമിക്കുന്നു, ഇവിടെ പറഞ്ഞത് കേട്ടാൽ തോന്നും സബ്ജക്ട് കമ്മിറ്റിക്ക് അയച്ചാൽ എന്തോ വലിയ കുഴപ്പമാണെന്ന്, സെലക്ട് കമ്മിറ്റിക്കാണെങ്കിൽ എല്ലാം ഭംഗിയാണെന്ന്. നമ്മുടെ നിയമസഭാ ചട്ടങ്ങളിൽ പേജ് 77-ൽ സബ്ജക്ട് കമ്മിറ്റിയെ സംബന്ധിച്ച് ഡിഫൈൻ ചെയ്തിട്ടുണ്ട്. 237 (2) In other respects, the procedure applicable to the Select Committee on a Bill shall apply to the Subject Committees when they consider legislation. ഈ നിയമം സബ്ജക്ട് കമ്മിറ്റിക്കു പോകുമ്പോൾ എന്താണ് പ്രൊസീഡ്യുവർ? ഒരു വ്യത്യാസവുമില്ല. ഒരു നിയമനിർമ്മാണം സബ്ജക്ട് കമ്മിറ്റി കൈകാര്യം ചെയ്യുമ്പോൾ സെലക്ട് കമ്മറ്റിക്ക് എന്താണോ മാനദണ്ഡം. പ്രവർത്തന ശൈലി, അതേ രീതിയാണ് സബ്ജക്ട് കമ്മിറ്റിക്കും ബാധകം. അങ്ങനെ പറയുന്ന ഒരു സാഹചര്യം കാണാതെ ഞങ്ങളിവിടെ നിയമം സെലക്ട് കമ്മിറ്റിക്ക് വിടാതിരുന്നത് വലിയൊരു അപകടമായിപ്പോയി, സബ്ജക്ട് കമ്മിറ്റിക്ക് പോയതുകൊണ്ട് വലിയൊരു തകരാറാണെന്നു പറയുന്ന നിങ്ങൾ യാഥാർത്ഥ്യം വളച്ചൊടിക്കുകയാണ്. നിങ്ങൾ വസ്തുതകളെ വളച്ചൊടിക്കുന്നു. ഇവിടെ നോമിനേഷനെപ്പറ്റി പറഞ്ഞു. നിങ്ങൾ കുറെ വൈസ് ചാൻസലറെ വെച്ചല്ലോ. നമ്മുടെ മുമ്പിൽ ജീവിക്കുന്ന അനുഭവങ്ങളുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വൈസ് ചാൻസലറെ വച്ചകാര്യം ഞാനിന്നലെ ചൂണ്ടിക്കാണിച്ചതാണ്. നിങ്ങൾ ആരെയാണ് വച്ചത്? ഞാൻ ആരുടേയും അക്കാഡമിക് ഇന്റലിജൻസ് ചോദ്യം ചെയ്യുന്നില്ല. നിങ്ങൾ വച്ചത് ഡോ. ഇക്ബാൽ, അദ്ദേഹം എന്റെ നാട്ടുകാരനാണ്, എന്റെ സുഹൃത്താണ്; CPM fellow traveller. ശ്രീ. പി. കെ. രാജൻ, കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പഴയ കെ. എസ്. യു. ക്കാരനാണ്. നിങ്ങളുടെ fellow traveller ആണ്, ശ്രീ. കെ. കെ. എൻ. കുറുപ്പ്. അദ്ദേഹം ആരാണെന്ന് ഞാൻ പറയുന്നില്ല. നിങ്ങൾ ഭരിച്ചപ്പോൾ വൈസ് ചാൻസലർമാരെ വച്ചത് പോലും രാഷ്ട്രീയം നോക്കിയല്ലേ, സഹയാത്രികൻമാർ.....ഞങ്ങൾ. ഞങ്ങൾ വച്ചത് ഡോ. വിളനിലം, അദ്ദേഹം കോൺഗ്രസ്സുകാരനാണോ? ഡോ. എൻ. പി. ഉമ്മർകുട്ടി, ഡോ. എൻ. ബാബു, ഡോ. അടിയോടി.....

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ഡോ. ബാബുവിനെയാണ് തിരുവിതാംകൂർ ദേവസ്വംബോർഡ് ചെയർമാനായി എൽ. ഡി. എഫ്. ഗവൺമെന്റ് വച്ചത്.

ശ്രീ. കെ. സി. ജോസഫ്: ഞങ്ങൾ നിയമത്തെ രാഷ്ട്രീയം നോക്കാതെ, fellow traveller ആണോയെന്ന് നോക്കാതെ അക്കാഡമീഷ്യൻസിനെ വച്ചു. നിങ്ങൾ വച്ചത് എ. കെ. ജി. സെന്ററിൽ നിന്നും ചരടു വലിച്ചാൽ ചാടുന്ന പാവകളെയാണ്. അതാണ് വ്യത്യാസം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഡോ. ഇക്ബാലിനെപ്പറ്റി ഇവിടെ പറഞ്ഞു. ഡോ. ഇക്ബാൽ എഴുതിയ ലേഖനങ്ങളാണ് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ തന്നെ ഇവിടെ പറഞ്ഞത്.

ശ്രീ. കെ. സി. ജോസഫ്: ഞാൻ രണ്ടു ഗവൺമെന്റുകളുടേയും അപ്രോച്ചുകളെ സംബന്ധിച്ച് പറഞ്ഞു. എൽ. ഡി. എഫ്.-ന്റെ അപ്രോച്ചും പറഞ്ഞു, യു. ഡി. എഫ്.-ന്റെ അപ്രോച്ചും പറഞ്ഞു. നിങ്ങൾ പ്രതിപക്ഷത്താകുമ്പോൾ നിങ്ങളുടെ നയം മാറും. സ്വഭാവം മാറും, ഇവിടെ വൈസ് ചാൻസിലർമാരുടെ കാര്യം ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞു. കേരളത്തിൽ ആദ്യമായി ഒരു വൈസ് ചാൻസലറെ പുറത്താക്കാൻ വേണ്ടി നിയമം കൊണ്ടുവന്ന ഗവൺമെന്റാണ് നിങ്ങളുടെ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് ഡോ. എ. എം. മൈക്കിളിനെ. കാർഷിക യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറെ, പ്രഗൽഭനായ അദ്ദേഹത്തെ പുറത്താക്കാൻ വേണ്ടി ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ ഇവിടെ നിയമം കൊണ്ടു വന്നു. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ അതിനുശേഷം ഈ സഭ കണ്ടിട്ടില്ല. വൈസ് ചാൻസിലറുടെ പ്രായപരിധി നിശ്ചയിച്ചു കൊണ്ട് ഡോ. മൈക്കിളിനെ പുറത്താക്കി. അദ്ദേഹത്തിന്റെ കണ്ണുനീര് ആ യൂണിവേഴ്സിറ്റിയിൽ വീണു. അദ്ദേഹത്തെ വേദനിപ്പിച്ച്, അപമാനിച്ച് പറഞ്ഞയച്ചു. ഇപ്പോൾ എന്താണ് കാർഷിക യൂണിവേഴ്സിറ്റിയുടെ സ്ഥിതി. എന്താണെന്ന് ശ്രീ. രാജേന്ദ്രന് അറിയാമല്ലോ. അവിടെ കൃഷി നടക്കുന്നുണ്ടോ? ഗവേഷണം നടക്കുന്നുണ്ടോ ഡോ. മൈക്കിളിന്റെ കണ്ണുനീരാണ്, അദ്ദേഹത്തിന്റെ ശാപമാണ് ആ യൂണിവേഴ്സിറ്റിയെ പിടികൂടിയിരിക്കുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: കാർഷിക സർവ്വകലാശാലയെക്കുറിച്ച് അങ്ങു പറഞ്ഞതുകൊണ്ട് ഒരു കാര്യം ഞാൻ പറയട്ടെ. ഡോ. കെ. വി. പീറ്റർ, വളരെ പ്രശസ്തനായ ഒരു ശാസ്ത്രജ്ഞനാണ്. അദ്ദേഹമാണ് അവിടത്തെ വി. സി. ഒരു മാസമായി നിങ്ങൾ ചുമതല തിരിച്ച് ഏൽപ്പിക്കാത്തുകൊണ്ട് അദ്ദേഹം കാർഷിക സർവ്വകലാശാലയിൽ വന്നിരുന്നിട്ടു തിരിച്ചു പോകുകയാണ് ചെയ്യുന്നത് എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. കെ. സി. ജോസഫ്: ഇവിടെ അതല്ല പ്രശ്നം. ബഹുമാന്യനായ വി. എസ്. അച്ചുതാനന്ദൻ, ഇവിടെ രണ്ടു രീതിയിൽ സംസാരിക്കുന്നു. അദ്ദേഹം പറയുന്നു ഈ നിയമം ഉടനെ പാസ്സാക്കാൻ പാടില്ല എന്ന്. അദ്ദേഹം പറയുന്നത് പോലെ അൺ എയ്ഡഡ് കോളേജുകളിലുള്ള പ്രവേശനവും ഫീസ് ക്രമീകരിക്കലും, ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും നിയമമാകണമെങ്കിൽ ഈ ബിൽ ഉടനെ പാസ്സാക്കണം. അദ്ദേഹം പാസ്സാക്കാൻ സമ്മതിക്കില്ല. ബില്ല് മാറ്റി വയ്ക്കണം. ഞാൻ ചോദിക്കട്ടെ എന്തിനാണ് ഇത്തരമൊരു പുകമറ സൃഷ്ടിക്കുന്നത്? അൺഎയ്ഡഡ് കോളേജ് കാര്യം ഇന്ത്യയുടെ പരമാധികാര നീതിപീഠമായ സുപ്രീംകോടതിയുടെ പരിഗണനയിൽ ഇരിക്കുകയാണ്. ഇവിടെ എന്തു നിയമം പാസ്സാക്കിയാലും ഭരണഘടനാ ബഞ്ചു മറിച്ചു തീരുമാനിച്ചാൽ ആ നിയമം ഇൻവാലിഡാകും. അതിനാൽ കോടതി വിധി കാത്തിരിക്കാം. ഈ നിയമത്തിൽ ഈ പറയുന്ന പോലുള്ള ഒരു അപകടവുമില്ല. ഉന്നത വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ ദയവായി നിങ്ങൾ കാണാതെ പോകരുത്. ആ മാറ്റങ്ങൾ ഉൾക്കൊള്ളാനും വിദ്യാഭ്യാസമേഖലയെ നേർവഴിക്കു നയിക്കാനും ഈ നിയമം സഹായിക്കുമെന്നു വിശ്വസിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഡോ. കെ. സി. ജോസഫ്: സർ, ഈ നിയമം സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട കെ. സി. ജോസഫിന്റെ പ്രസംഗത്തിന്റെ രത്നച്ചുരുക്കം ഈ നിയമം നടപ്പാക്കുന്നതോടുകൂടി ഈ രാജ്യത്തെ ഉന്നത വിദ്യാഭ്യാസ രംഗമാകെ സംശുദ്ധമാകും, നമ്മൾ ഉന്നതങ്ങളിലേക്ക് ഉയർത്തപ്പെടും എന്നുള്ളതാണ്. ഒരു സർവ്വകലാശാലാ നിയമം കൊണ്ടു വരുമ്പോൾ അതിനൊരു ലക്ഷ്യം ഉണ്ടാകണമല്ലോ. പ്രധാനമായും ഉന്നത വിദ്യാഭ്യാസ രംഗത്തെ അക്കാഡമിക് ലക്ഷ്യങ്ങൾക്കായിരിക്കണം നിയമനിർമ്മാണങ്ങൾ ഉണ്ടാകേണ്ടത്. ഈ നിയമത്തിൽ ഇല്ലാത്തതും അതാണ്. ഉദ്ദേശലക്ഷ്യങ്ങളിൽ തന്നെ പറയുന്നത് ഭരണപരമായ കാര്യങ്ങൾക്കു വേണ്ടിയാണ് ഈ നിയമമെന്നാണ്. ഭരണപരമായ കാര്യങ്ങൾക്ക് ഒരു ഏകീകരണം ഉണ്ടാക്കുന്നതിനുവേണ്ടി കൊണ്ടു വന്നിരിക്കുന്ന ഈ നിയമം, അതു നടപ്പാക്കുമ്പോൾ ആദ്യന്തിക ഫലം സർവ്വകലാശാലകളുടെ ഭരണം ആകപ്പാടെ കൂടുതൽ കുഴപ്പത്തിലേക്കു പോകുമെന്നുള്ളതാണ്. കാരണം വ്യത്യസ്തങ്ങളായ അധികാര കേന്ദ്രങ്ങൾക്ക് രൂപം കൊടുത്തുകൊണ്ടാണ് ഇതിന്റെ ഭരണപരമായിട്ടുള്ള നടപടികൾ തന്നെയുണ്ടായിട്ടുള്ളത്. സർവ്വകലാശാലയ്ക്കകത്ത് തലവൻ എന്നു പറയുന്നത് വൈസ് ചാൻസിലർ ആണ്. ആ വൈസ് ചാൻസിലർ ഡെലിഗേറ്റു ചെയ്തു കൊടുക്കുന്ന അധികാരങ്ങളാണ് മുമ്പ് പ്രോ-വൈസ് ചാൻസിലർക്കുണ്ടായിരുന്നത്. അതുകൊണ്ടു തന്നെ ഒരു പ്രോ-വൈസ് ചാൻസലർ ഈ ചാൻസലറിൽ നിന്നും വ്യത്യസ്തമായ വീക്ഷണം പ്രകടിപ്പിച്ചു കഴിഞ്ഞാൽ വൈസ് ചാൻസലർക്ക് ആ അധികാരം തിരിച്ചു പിടിക്കുന്നതിനും കുഴപ്പങ്ങൾ ഇല്ലാതെ കൊണ്ടു പോകുന്നതിനും കഴിയുമായിരുന്നു. പക്ഷേ ഈ നിയമത്തിൽ രണ്ടു അധികാര കേന്ദ്രങ്ങൾ ഉണ്ടായിരിക്കുകയാണ്. വൈസ് ചാൻസിലർക്കും പ്രോ-വൈസ് ചാൻസിലർക്കും എന്താണ് സംഭവിക്കുക? ഉദ്യോഗസ്ഥൻമാരിൽ അസിസ്റ്റന്റ് രജിസ്ട്രാറിനും അതിനു മുകളിലുള്ള ഉദ്യോഗസ്ഥൻമാരും വൈസ് ചാൻസിലറുടെ നിയന്ത്രണത്തിലും അതിനു താഴെയുള്ളവർ പ്രോ-വൈസ് ചാൻസലറുടെ നിയന്ത്രണത്തിലും ആയിരിക്കും. ഈ ഇരട്ട നിയന്ത്രണം നമ്മുടെ സർവ്വകലാശാലകളെ എവിടെ കൊണ്ടുചെന്ന് എത്തിക്കുമെന്ന് പറയേണ്ട കാര്യമില്ലല്ലോ. അതുതന്നെയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കാര്യത്തിലും ഉണ്ടായിരിക്കുന്നത്. അഡ്വൈസറി നേച്ചറിനു പകരമായി അധികാരമുള്ള ഒരു കൗൺസിലായി രൂപപ്പെടുത്തുന്നതുകൊണ്ട് സർവ്വകലാശാലകളുടെ അധികാരവും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ അധികാരവും തമ്മിലുള്ള ഏറ്റുമുട്ടലും ഭരണത്തിലുള്ള അനിശ്ചിതത്വവും നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ കൂടുതൽ കുഴപ്പങ്ങളിലേക്കു നയിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ നിലയിൽ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പറഞ്ഞതിൽ നിന്നും വ്യത്യസ്തവും വിപരീതഫലം ഉളവാക്കുന്നതുമായ ഒരു നിയമനിർമ്മാണമാണ് ഇവിടെ നടക്കുന്നത്. ശ്രീ. വി. ഡി. സതീശനും പറഞ്ഞു, സർവ്വകലാശാലകളുടെ അക്കാഡമിക് കാര്യങ്ങളിൽ ഒരു ഇടപെടലും നടക്കില്ല. ആട്ടോണമിയെ യാതൊരു കാരണവശാലും ബാധിക്കുകയില്ല എന്ന്. പൂർണ്ണമായും അക്കാഡമിക് കൗൺസിലിലും മറ്റ് കൗൺസിലുകളിലും എല്ലാം സർക്കാർ നോമിനേറ്റു ചെയ്യുന്ന കൗൺസിലുകൾ കൊണ്ടു വന്നു കഴിഞ്ഞാൽ ഇതിനു പ്രത്യേകമായ ഒരു ഇടപെടൽ ആവശ്യമായിട്ടുണ്ടോ? അക്കാഡമിക് രംഗത്തും തെരഞ്ഞെടുക്കപ്പെടുന്നവരല്ല വരുന്നത്. വൈസ് ചാൻസലർമാർ നോമിനേറ്റ് ചെയ്യപ്പെടുന്ന കൗൺസിലുകളാണ്. അക്കാഡമിക് കൗൺസിലിലും മറ്റെല്ലാ കൗൺസിലുകളിലും തെരഞ്ഞെടുക്കപ്പെടുന്നവർ ആരുമില്ല.

1 P.M.]

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർവ്വകലാശാലകളിൽ നാമനിർദ്ദേശം കൊണ്ടു ണ്ടാകുന്ന ഭവിഷത്തുകളെക്കുറിച്ചാണ് പറയുന്നത്. കഴിഞ്ഞ പത്തുവർഷമായി കൊച്ചി സർവ്വകലാശാലയിൽ നിന്നും നോമിനേറ്റു ചെയ്യപ്പെട്ട ആളാണ് അങ്ങ് എന്ന സത്യം അങ്ങേയ്ക്കും അറിയാമല്ലോ.

ഡോ. കെ. സി. ജോസഫ്: ഇവിടെ പറയുന്നത് പൂർണ്ണമായും നോമിനേറ്റ് ചെയ്യ പ്പെടുന്ന ഒരു സ്ഥിതിയെക്കുറിച്ചാണ്. ഞാൻ നോമിനേറ്റ് ചെയ്യപ്പെട്ടത് നിയമസഭയുടെ പ്രതിനിധി എന്നുള്ള നിലയിലാണ്. യൂണിവേഴ്സിറ്റിയുടെ ഭരണത്തിൽ നിയമസഭയുടെ ഒരു പങ്കാളിത്തം ഉണ്ടാകുന്നതിന്റെ ഭാഗമായിട്ടാണ്. അവിടെ തെരഞ്ഞെടുക്കപ്പെടുന്ന മറ്റു പ്രതിനിധികളും ഉണ്ടാകണം. ഇവിടത്തെ വിഷയം എന്നു പറയുന്നത് പൂർണ്ണ മായും നോമിനേറ്റ് ചെയ്യുന്ന ഒരു സമിതിയുണ്ടാകുന്നത് ഗുണകരമല്ല എന്നുള്ളതാണ്. അക്കാഡമീഷ്യൻസിന്റെ ഇടയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ആൾക്കാർ അക്കാ ഡമിക് കൗൺസിലിലും പഠന കൗൺസിലിലും ബോർഡിലേയ്ക്കും വരുന്നതുകൊണ്ട് എന്താണ് കുഴപ്പം? അങ്ങനെ ജനാധിപത്യ രീതിയിൽ വേണമെന്നുള്ള ഒരു നിലപാട് വാസ്തവത്തിൽ ഒരു ജനാധിപത്യ രാഷ്ട്രത്തിനു ദോഷം ചെയ്യുന്ന ഒന്നാണോ? നിങ്ങൾക്കു പരിമിതമായ ഒരു ലക്ഷ്യം മാത്രമല്ലേയുള്ളൂ.

ശ്രീ. കെ. സി. ജോസഫ്: ഇലക്ഷനാണെങ്കിൽ സെനറ്റിൽ ചില വോട്ടു ബാങ്കുകൾ ഉണ്ട്. എ. കെ. പി. സി. ടി. എ., പി. സി. ടി. എ. യും ഉണ്ട്. അവർ തീരുമാനിക്കും നോമി നേഷനാണെങ്കിൽ ചില പ്രഗത്ഭൻമാരെ നോമിനേറ്റ് ചെയ്യാൻ സാധിക്കും.

ഡോ. കെ. സി. ജോസഫ്:. വളരെ സങ്കുചിതമായ ലക്ഷ്യം എ. കെ. പി. സി. ടി. എ.-യിൽ അംഗമായ ആളുകൾ വരരുത്. പി. സി. ടി. എ.-യിൽ അംഗമായ ആളുകൾ വന്നാൽ ശുദ്ധമാകും. അത്രയേയുള്ളൂ ലക്ഷ്യം. കക്ഷി താല്പര്യം മാത്രമാണ്. അതാണ് ഞാൻ പറഞ്ഞത്, പരിമിതമായ ലക്ഷ്യം മാത്രമേയുള്ളുവെന്ന്. ഒരു സർവ്വകലാശാല നിയമം കൊണ്ടു വരുമ്പോൾ ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടാകേണ്ടുന്ന പുരോഗ തിയെ സംബന്ധിച്ച് വിശാലമായ ഒരു വീക്ഷണം ഉണ്ടാകുന്നതിനു പകരമായി, വളരെ സങ്കുചിതമായ താൽപ്പര്യം, അവിടത്തെ ഭരണ സംവിധാനം കയ്യടക്കുക തുട ങ്ങിയവയാണ് ഉള്ളത്. ഡോ. മൈക്കിളിനെക്കുറിച്ച് അനുകൂലമായ അഭിപ്രായമുള്ള ഒരാളാണ് ഞാൻ. വ്യക്തിപരമായി ഡോ. മൈക്കിളിന്റെ സേവനങ്ങൾ ഉപയോഗപ്പെടു ത്തണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. പക്ഷേ ഒരു മൈക്കിളിനെ മാറ്റിയതിൽ എതിർക്കുന്ന ആൾക്കാർ ഈ നിയമം വരുമ്പോൾ നാലു മൈക്കിളിനെ മാറ്റാൻ പോകുകയാണ്. വൈസ് ചാൻസലർമാരേയും പ്രോ-വൈസ് ചാൻസലർമാരേയും സിൻഡിക്കേറ്റ് മെമ്പർമാരേയുമൊക്കെ മാറ്റാൻ പോകുകയാണ്. കൂട്ടക്കശാപ്പ് നടത്തുക യാണ്. അപ്പോൾ ആ നിലയിൽ പരിമിതമായ താൽപ്പര്യങ്ങൾക്കുവേണ്ടി, നിക്ഷിപ്ത താൽപ്പര്യത്തിനുവേണ്ടി യൂണിവേഴ്സിറ്റി ഭരണത്തെ തങ്ങളുടെ കൈപ്പിടിയിലാക്കാൻ വേണ്ടി, വിദ്യാഭ്യാസ രംഗത്തെ കുഴപ്പത്തിലാക്കാൻ വേണ്ടി, ആകെ അവതാളത്തിലാ ക്കിയ ഒരു നിയമമാണ് ഇവിടെ നടത്തുന്നത്. പ്രതിപക്ഷനേതാവ് ഈ നിയമം സെലക്ട് കമ്മിറ്റിക്ക് വിടാത്തതുകൊണ്ടുണ്ടാകുന്ന കുഴപ്പങ്ങളെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞു. വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ചുള്ള ചർച്ചാവേളയിൽത്തന്നെ ഞാൻ ഇത്

LIBRARY ARCHIVES Kerala Legislative Assembly

ഉന്നയിച്ചിരുന്നു. ജനാധിപത്യവിരുദ്ധമായിട്ടുള്ള ഏകീകൃത സർവ്വകലാശാലാ നിയമത്തിന്റെ മറവിൽ സ്വാശ്രയ മേഖലയിൽ ഗവൺമെന്റ് നിയന്ത്രണം കൊണ്ടു വരുന്ന ഒരു നിയമം കേറ്റിയിട്ട് അത് നടപ്പിലാക്കാനുള്ള കുറുക്കുവഴി ഉപയോഗിക്കരുത്. നിങ്ങൾ അതുതന്നെ ഉപയോഗിച്ചു. ഞങ്ങൾ പറഞ്ഞതുകൊണ്ടാണോ നിങ്ങൾ ഈ നിയമം നടപ്പാക്കാത്തത്. നിങ്ങൾ വീണ്ടും ചർച്ചയ്ക്ക് വിടുകയല്ലേ? ഈ വർഷം എന്താണ് സംഭവിക്കാൻ പോകുന്നത്? സ്വാശ്രയ സ്ഥാപനങ്ങളിലെ അഡ്മിഷനെ സംബന്ധിച്ചും, ഫീസിനെ സംബന്ധിച്ചുമൊക്കെ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനുള്ള ഗവൺമെന്റിന്റെ ഇടപെടൽ നടത്തുന്നതിന് ഈ വർഷം എന്ത് നിലപാടാണ് നിങ്ങൾ സ്വീകരിക്കാൻ പോകുന്നത്? ഈ നിയമനിർമ്മാണം ഈ സഭയിൽ ഈ നിയമ സഭാ സമ്മേളനത്തിൽ നടക്കാത്ത ഒരു സാഹചര്യത്തിൽ ഗവൺമെന്റ് എന്താണ് ചെയ്യാൻ പോകുന്നത്? ഗവൺമെന്റിന് ഇതിൽ ഉത്തരവാദിത്വമില്ലേ? ഇങ്ങനെ അനിശ്ചിതത്വത്തിലേക്ക് വിടാൻ പറ്റുമോ? ഇവിടെയൊക്കെ അഡ്മിഷൻ എങ്ങനെ നടത്തും. ഇന്നും 15 നഴ്സിംഗ് കോളേജിന് എൻ. ഒ. സി. കൊടുത്തു. അവിടെയൊക്കെയുള്ള അഡ്മിഷൻ എങ്ങിനെയാണ് നിങ്ങൾ നടത്തുന്നത്. കോളേജ് കൊടുത്തതുകൊണ്ട് കാര്യമുണ്ടോ? നിങ്ങളുടെ താൽപ്പര്യമെന്താണ്? നിങ്ങൾക്ക് ഇതിനെക്കുറിച്ചൊക്കെ വ്യക്തമായ ഒരു രൂപം വേണ്ടേ? അതാണ് ഞാൻ പറഞ്ഞത് ഉന്നത വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ച് വ്യക്തമായ ഒരു രൂപം നിങ്ങൾക്ക് ഇല്ല. അതിന്റെ ഗുണനിലവാരം ഉയർത്തുന്നതിനെ സംബന്ധിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് നിങ്ങൾക്കില്ല. എങ്ങനെയും കാര്യങ്ങൾ നടത്തിക്കൊണ്ട് പോകുക എന്നുള്ളതിനപ്പുറം ഒന്നുമില്ല. ഇപ്പോൾ സിൻഡിക്കേറ്റ് മാറ്റണം, വി. സി.-മാരെ ഉടനെ നിയമിക്കണം. ഇപ്പോഴത്തെ വി. സി.-മാർ ഒരു കൊല്ലം കൂടി കഴിയുമ്പോൾ പോകും. അത്രയ്ക്ക് സഹിക്കാനുള്ള ക്ഷമയില്ല. ഉടനെത്തന്നെ കുറെ വി. സി. മാരേയും പി.വി.സി. മാരേയും നിയമിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി വിദ്യാഭ്യാസ രംഗത്തെ കശാപ്പു ചെയ്യുന്ന ഈ നിയമനിർമ്മാണം ഒറ്റയടിക്ക് പാസ്സാക്കുന്നത് ശരിയല്ല. ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് വിട്ട് പൊതുജനാഭിപ്രായം ആരാഞ്ഞു കൊണ്ട് മാത്രമേ പാസ്സാക്കാവൂ. ഇങ്ങനെ ഒറ്റയടിക്ക് പാസ്സാക്കുന്ന സമീപനം ശരിയല്ല. ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. ഇവിടെ ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ ഈ ബില്ലിനെക്കുറിച്ച് നിങ്ങൾ ഉണ്ടാക്കിയിരിക്കുന്ന ചിത്രം എന്ത് ഭീകരമായിരിക്കുന്നു. ഈ ബില്ലിന്റെ ഉള്ളിലേക്ക് കടന്നു പോകുമ്പോഴാണ് ഈ ബില്ലിലെ യാഥാർത്ഥ്യങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇത് കണ്ണൂർ സർവ്വകലാശാലാ ബില്ലിന്റേയും മഹാത്മാഗാന്ധി സർവ്വകലാശാലാ ബില്ലിന്റേയും ഒരു എക്സ്റ്റൻഷൻ രൂപം മാത്രമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് കണ്ണൂർ സർവ്വകലാശാല ഉണ്ടായത്, അന്ന് പി. ജെ. ജോസഫ് ആയിരുന്നു വിദ്യാഭ്യാസവകുപ്പുമന്ത്രി. കണ്ണൂർ സർവ്വകലാശാലാ നിയമം എന്റെ കയ്യിലുണ്ട്. ഗാന്ധി സർവ്വകലാശാലാ നിയമവും കണ്ണൂർ സർവ്വകലാശാലാ നിയമവുമായി താരതമ്യപ്പെടുത്തുമ്പോൾ വലിയ അന്തരമില്ലാത്ത ഒരു ബില്ലാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. 1974-ലെ കേരളാ യൂണിവേഴ്സിറ്റി

LIBRARY ARCHIVES Kerala Legislative Assembly

ബില്ലും 1996-ലെ കണ്ണൂർ സർവ്വകലാശാലാ ബില്ലും ഈ ബില്ലും പരിശോധിച്ചു നോക്കിയാൽ ഇത് മൂന്നു ബില്ലുകളും കൂടിയുള്ള ഒരു സംയോജന രൂപമാണ്. ഇവിടെ സർവ്വകലാശാലകളിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ചൊക്കെ പറഞ്ഞു. ശ്രീ. മത്തായി ചാക്കോയടക്കമുള്ള ആളുകൾ കോഴിക്കോട് സർവ്വകലാശാലാ സിൻഡിക്കേറ്റ് അംഗമായിരുന്നു. അവിടെ സിൻഡിക്കേറ്റിൽ എന്താണ് നടന്നു കൊണ്ടിരുന്നത്. കേരള സർവ്വകലാശാലയിൽ നടന്നു കൊണ്ടിരുന്നത് എന്തായിരുന്നു. ഞങ്ങളൊക്കെ സർവ്വകലാശാലകൾക്ക് സ്വയംഭരണാവകാശം വേണമെന്നു തന്നെയാണ് പറയുന്നത്. പക്ഷെ സർവ്വകലാശാലകൾ രാഷ്ട്രീയ പാർട്ടികളുടെ കാർബൺ കോപ്പികളുടെ രൂപത്തിൽ അധഃപതിക്കുന്ന രീതിയിലോട്ട് പോകാൻ പാടുണ്ടോ? ഇവിടെ നേരത്തെ പ്രസംഗിച്ചപ്പോൾ കുഞ്ഞു മുഹമ്മദ് കണ്ണൂർ സർവ്വകലാശാലയിൽ സിൻഡിക്കേറ്റ് മെമ്പർ ആയതിനെക്കുറിച്ച് മത്തായി ചാക്കോ പ്രസംഗിച്ചു. എന്റെ മത്തായി ചാക്കോ ജെയിംസ് മാത്യുവിനെപ്പോലുള്ള ഒരാളെ ഇരുത്തിയ മാനദണ്ഡത്തിലല്ലേ കുഞ്ഞുമുഹമ്മദ് ഇരുന്നത്. ജെയിംസ് മാത്യു എന്റെ സ്നേഹിതനാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രന്റെ പാർട്ടി സി. പി. ഐ.-യുടെ കണ്ണൂർ ജില്ലാ കമ്മിറ്റി ഒരു പ്രമേയം അവതരിപ്പിച്ചു. ഞാൻ അങ്ങയെ വെല്ലു വിളിക്കുന്നു, ആ പ്രമേയത്തിൽ പറയുന്നത് കണ്ണൂർ സർവ്വകലാശാലാ സിൻഡിക്കേറ്റ് പുനഃസംഘടിച്ചപ്പോൾ ഇടതുപക്ഷജനാധിപത്യ മുന്നണിയിൽ സി.പി.ഐ.-യെ മാർക്സിസ്റ്റ് പാർട്ടി അവഗണിച്ച് പ്രമേയം പാസ്സാക്കി. ഞാൻ കാണിച്ചു തരാം. അതിൽ കാര്യം പറഞ്ഞത് എന്താണ്. ഘടകകക്ഷികൾക്ക് വീതിച്ചുകൊടുക്കേണ്ട കോർപ്പറേഷൻ ബോർഡുകളുടെ നിലവാരത്തിലേക്ക് സർവ്വകലാശാലയെ അധഃപതിപ്പിക്കുന്നവരാണ് നിങ്ങൾ. എന്നിട്ടാണ് നിങ്ങൾ ഇപ്പോൾ അക്കാഡമിക് സ്വാതന്ത്ര്യത്തെക്കുറിച്ചും അതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചുമൊക്കെ പറയുന്നത്. ഈ ബിൽ കേരളത്തിൽ വിദ്യാഭ്യാസമേഖലയിൽ ഒരുപാട് പോസിറ്റീവായിട്ടുള്ള പ്രത്യാഘാതങ്ങളുണ്ടാക്കാൻ പോകുന്ന ഒരു ബില്ലാണ്. നിങ്ങൾ പറഞ്ഞത് എന്താണ്, പി.വി. സി.-ക്ക് ഭയങ്കരമായ അധികാരമാണ് കൊടുത്തിട്ടുള്ളത് എന്നാണ്. ഞാൻ കഴിഞ്ഞ രണ്ട് സർവ്വകലാശാലകളുടെ ബില്ലും നോക്കി. ആകെയുള്ളത് ബഹുമാനപ്പെട്ട് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞതുപോലെ നിയമസഭയിൽ ചോദ്യം ചോദിച്ചാൽ ഉത്തരം പറയാനുള്ള രേഖ ആവശ്യപ്പെടാനുള്ള സ്വാതന്ത്ര്യം. അതു വേണ്ടെന്നാണോ പറയുന്നത്. നമ്മൾ പാസ്സാക്കി കൊടുക്കുന്ന കാശ് അതിനൊരു അക്കൗണ്ടബിലിറ്റി സഭയോടു വേണ്ടേ? ഗവൺമെന്റിനോട് വേണ്ടേ? അതുകൊണ്ട് അങ്ങനെയുള്ള അക്കൗണ്ടബിലിറ്റി ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള ഒരധികാരം മാത്രമാണ് കൊടുത്തിരിക്കുന്നത്. ഇതിനെയാണ് ഒരു മഹാ അപരാധമായി നിങ്ങൾ പറയുന്നത്. സർവ്വകലാശാലാ സെനറ്റിൽ വിദ്യാർത്ഥി പ്രതിനിധി .വേണമെന്നുള്ള കാര്യത്തിൽ ഞങ്ങൾക്കാർക്കും ഒരു കാരണവശാലും ഒരു വിട്ടുവീഴ്ചയുമില്ല. കാരണം വ്യവസായത്തിന്റെ പ്രതിനിധി വന്നോട്ടെ, കർഷകരുടെ പ്രതിനിധി വന്നോട്ടെ, ട്രേഡ് യൂണിയന്റെ പ്രതിനിധി വന്നോട്ടെ, അതിനെല്ലാം പ്രൊവിഷനുണ്ട്. പക്ഷെ വിദ്യാർത്ഥി പ്രാതിനിധ്യമില്ലാതെ വിദ്യാഭ്യാസമുണ്ടോ? വിദ്യാഭ്യാസത്തിൽ ഏറ്റവും അനിവാര്യമായ ഘടകമാണ് അദ്ധ്യാപകരും വിദ്യാർത്ഥികളും. അദ്ധ്യാപകൻമാർക്ക് പ്രൊവിഷൻ കൊടുത്തിട്ടുണ്ട്. അവർക്ക് സംഘടന ഇല്ലേ? അവരുടെ സംഘടന ചെയ്യുന്നതെല്ലാം നല്ലതാണോ. അപ്പോൾ അവർക്ക് സിൻഡിക്കേറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രാതിനിധ്യമുണ്ട്. അതുപോലെ മറ്റ് സംഘടനകൾക്കുണ്ട്. വിദ്യാർത്ഥിക്കുമാത്രം ഇതിൽ പ്രാതിനിധ്യമില്ല. ഇതൊരു പിന്തിരിപ്പൻ സമീപനമാണ്. ഏത് യു. ജി. സി. പറഞ്ഞാലും ആ യു. ജി. സി.-യുടെ മുൻപിൽ ഗവൺമെന്റിന് വഴങ്ങേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട ജി. സുധാകരൻ ഇപ്പോൾ ഈ സഭയിലില്ല. കണ്ണൂർ സർവ്വകലാശാല നിങ്ങൾ കൊണ്ടുവരുമ്പോഴും ആദ്യം സിൻഡിക്കേറ്റിൽ വിദ്യാർത്ഥി പ്രാതിനിധ്യമില്ലായിരുന്നു. ഞങ്ങൾ അതിനുവേണ്ടി സബ്ജക്ട് കമ്മിറ്റിയിൽ ഫൈറ്റ് ചെയ്യുകയായിരുന്നു. അങ്ങനെയാണ് സിൻഡിക്കേറ്റിൽ വിദ്യാർത്ഥി സംഘടന, പ്രാതിനിധ്യം കൊണ്ടുവന്നത്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഡീനിനെ വച്ചു വിദ്യാർത്ഥി പ്രതിനിധികളെ കട്ട് ചെയ്തത് എൽ. ഡി. എഫ്.-ന്റെ കാലത്താണ്.

ശ്രീ. ടി. എൻ. പ്രതാപൻ: പാർലമെന്റിൽ യു. ജി. സി.-യുടെ നിബന്ധനകൾക്ക് വിധേയമായിട്ടാണ് വിദ്യാർത്ഥി പ്രാതിനിധ്യം വേണ്ടായെന്നൊരു വ്യാഖ്യാനം വന്നത്. അത് തെറ്റാണെന്ന് ശ്രീ. കെ. സി. വേണുഗോപാൽ അറിയാൻ വേണ്ടിയാണ്. പാർല മെന്റിൽ ശ്രീ. വി. വി. രാഘവൻ എം. പി.-യുടെ ചോദ്യത്തിന് മറുപടിയായി പറഞ്ഞത് വിദ്യാർത്ഥി പ്രാതിനിധ്യം വേണ്ടായെന്നാണ്. കേന്ദ്ര മാനവശേഷി മന്ത്രി അതു സംബന്ധിച്ച് പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട പ്രതാപൻ യു. ജി. സി. ഒന്നും ഈ കാര്യത്തിൽ ഏറ്റവും വലിയ ആധികാരികമായ, അന്തിമമായ ബോഡിയാണെന്ന് ഗവൺമെന്റ് കരുതാൻ പാടില്ല എന്നാണ് എന്റെ അഭിപ്രായം. മറ്റ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലൊക്കെ യു. ജി. സി. കൊടുക്കുന്ന കാശും കേരളത്തിന് യു. ജി. സി. നൽകുന്ന കാശും ഒന്നു പരിശോധിച്ച് നോക്കണം. അവിടെ വെറും കെട്ടിടമുണ്ടാക്കി കൊടുത്താൽ മതി, യു. ജി. സി. ഗ്രാന്റ് കൊടുക്കുന്നതാണ്. കേരളത്തിൽ അങ്ങനെ കൊടുക്കുന്നില്ല. യു. ജി. സി. പറയുന്നത് വച്ചിട്ട് വിദ്യാർത്ഥി പ്രാതിനിധ്യം എടുത്തു കളയാൻ പറ്റുകയില്ല. ഏതായാലും ഈ ബില്ലിലെ വ്യവസ്ഥകൾ പരിശോധിച്ചു നോക്കി യാൽ ഇതിൽ വളരെ മാതൃകാപരമായ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഗവേഷണകൗൺസി ലിന്റെ ഫംഗ്ഷനെക്കുറിച്ച് പറയുന്നതിനകത്ത് നമ്മുടെ സർവ്വകലാശാലകളിൽ ഗവേഷണം നടക്കുന്നുണ്ട്. നമ്മുടെ സർവ്വകലാശാലകളിൽ ഗവേഷണം എങ്ങനെ യാണ് നടക്കുന്നത്. ഒരു പേപ്പർ ആരെങ്കിലും അവതരിപ്പിക്കും. ഇതിന് ഡോക്ടറേറ്റ് കൊടുക്കും. ആ ഡോക്ടറേറ്റ് കൊടുക്കുന്ന വിഷയങ്ങൾ പിന്നീടുണ്ടാകുന്ന പുനർ നടപടികളെക്കുറിച്ച് പരിശോധിക്കാറുണ്ടോ? നമ്മുടെ സർവ്വകലാശാലകളുടെ സാമ്പത്തികം വച്ചുകൊണ്ടാണ് ഈ ഗവേഷണങ്ങൾ നടത്താറുള്ളത്. ആ ഗവേഷണ ങ്ങൾ മനുഷ്യ സമൂഹത്തിനും വിദ്യാഭ്യാസ മേഖലയ്ക്കും ഗുണപരമായി മാറുന്നതിന് പകരം ഡോക്ടറേറ്റ് കിട്ടുന്നതോടുകൂടി അതവസാനിക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ഇത് പരിശോധിക്കപ്പെടണം. അതിന് തുടർനടപടികളുണ്ടാകണം. അതിനു വേണ്ടി ഒരു കൗൺസിൽതന്നെ ഉണ്ടാക്കിയിരിക്കുന്നു. അതിന്റെ അധികാരങ്ങൾ പറഞ്ഞിരിക്കുന്നു. നിങ്ങൾ അതൊന്നും കണ്ടില്ലെന്ന് നടിക്കുകയാണ്. അതുപോലെ തന്നെ ഫാക്കൽറ്റീസിന്റെ കാര്യം. അക്കാഡമിക് കൗൺസിലിന്റേയും പഠനബോർഡി ന്റേയും കാര്യം ഇവിടെ പറഞ്ഞു. അടുത്ത കാലത്ത് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഇൻവിറ്റേഷൻ അനുസരിച്ച് അമേരിക്കയിൽ പോകാൻ എനിക്ക് ഒരവസരം ലഭിച്ചു. അവിടെ ഒരു കോളേജ് കാമ്പസിനകത്ത് ഒരു ക്ലാസ്സിൽ ഒരു അദ്ധ്യാപകൻ പഠിപ്പിക്കുന്നു. എനിക്കവിടെ നേരിട്ടുപോകാനും എന്നോട് ചോദ്യങ്ങൾ ചോദിക്കാനും എനിക്ക് തിരിച്ച് ചോദ്യങ്ങൾ ചോദിക്കാനും അവസരമുണ്ടായി. ഇവിടെ നമ്മളെല്ലാപേരും വെസ്റ്റേണൈസേഷനെ എതിർക്കുകയാണല്ലോ. അവിടത്തെ വിദ്യാഭ്യാസ സംവിധാനത്തിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും കാണിക്കുന്ന സ്വതന്ത്രമായിട്ടുള്ള കമ്മ്യൂണിക്കേഷൻസ്, വിദ്യാഭ്യാസ മേഖലയ്ക്കാകമാനമുണ്ടാകുന്ന മൂല്യവും മാനവും എന്തുമാത്രം വലുതാണ്. നിങ്ങൾ സെൽഫ് ഫിനാൻസ് കോളേജുകളെ എതിർക്കുകയല്ലേ? ഇന്നത്തെ മാതൃഭൂമി പത്രത്തിൽ വന്ന വാർത്ത എന്താണെന്ന് അറിയാമല്ലോ. ബംഗാളിൽ കോളേജുകൾക്ക് സ്വയംഭരണം നൽകുന്നു. ഫീസിന്റെ കാര്യത്തിൽ നിയമം കൊണ്ടുവന്നില്ലായെന്ന് നിങ്ങൾ ഗവൺമെന്റിനെ കുറ്റപ്പെടുത്തുകയാണ്. ഫീസ് നിർണ്ണയം, പരീക്ഷ, ഡിഗ്രി നൽകൽ എന്നിവയെല്ലാം ഇതിന്റെ കൂടെ സ്വയംഭരണ കോളേജുകൾക്ക് സ്വന്തമായി നടത്താൻ കഴിയും. ബംഗാളിൽ ഇതെല്ലാം ചെയ്യാം. കോളേജിന് ഫീസ് നിശ്ചയിക്കാം. ഇത് ബംഗാളിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി സത്യസദൻ ചക്രവർത്തി ന്യൂഡൽഹിയിൽ അറിയിച്ചതാണ്. സ്വയംഭരണ കോളേജുകൾക്ക് സ്വന്തമായി ഫീസ് നിശ്ചയിക്കാം. അവർക്കെല്ലാം തീരുമാനിക്കാം അത്തരത്തിൽ ബംഗാളിൽ അധികാരം കൊടുക്കുന്ന ബില്ലിന്റെ വക്താക്കളായ നിങ്ങൾ ഇവിടെ ഈ ബില്ലിനകത്ത് പറഞ്ഞിരിക്കുന്നത് കാണണം. സ്വാശ്രയ കോളേജിനെ സംബന്ധിച്ച് ഇത്രയും വിപ്ലവകരമായ ഒരു പ്രൊവിഷൻ നിങ്ങൾക്ക് നടപ്പിലാക്കാൻ കഴിയുകയില്ല. ഏത് സർക്കാർ ഉദ്യോഗസ്ഥനും അൺ എയ്ഡഡ് കോളേജുകളിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ച് കാമ്പസ്സിൽ കയറി പരിശോധിക്കാനുള്ള അധികാരമുണ്ട്. ഇതിന്റെ പ്രൊവിഷൻസെല്ലാം പരിശോധിച്ച് നോക്കണം. അതുപോലെ കോഴവാങ്ങുന്നതിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. തമിഴ്നാട്ടിലെ കോളേജിൽ കോഴകൊടുത്ത് പഠിപ്പിക്കുന്ന നിങ്ങളാണ് ഇവിടെവന്ന് ഇത്തരത്തിൽ സംസാരിക്കുന്നത്. ഇപ്പോൾ കേരളത്തിൽ നടക്കുന്നത് എന്താണ്? ഇപ്പോൾ ക്യാപ്പിറ്റേഷൻ ആരും വാങ്ങിക്കുന്നില്ലേ? നിങ്ങളുടെ ബന്ധുക്കളും മക്കളും ആരും പഠിക്കാറില്ല അല്ലേ? ഇപ്പോൾ നിയമത്തിലില്ല. അതിന് ഒരു പ്രൊവിഷൻ കൂടി വയ്ക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സംഭാവനകൾ വാങ്ങിക്കാം. പക്ഷേ വാങ്ങുന്നതിന് ഒരു അക്കൗണ്ടബിലിറ്റി ഉണ്ടാകണം. ഗവൺമെന്റ് തലത്തിൽ പരിശോധിക്കാൻ ഒരു സംവിധാനമുണ്ടാകണം. ആരിൽ നിന്നാണ് കാശ് വാങ്ങിക്കുന്നത്, എവിടെ നിന്നാണ് കാശ് കൊണ്ടുവരുന്നത് എന്നൊക്കെയുള്ള കാര്യങ്ങൾ പരിശോധിക്കാനുള്ള ഒരു വ്യവസ്ഥയുണ്ടാകണം. സംഭാവന വാങ്ങിക്കുന്നതൊന്നും ആർക്കും എതിർക്കാൻ ആകുകയില്ല. മണിച്ചനെപ്പോലെയുള്ള ആളുകളിൽ നിന്ന് വാങ്ങിക്കാൻ പാടില്ല അത്രയേയുള്ളൂ. രസീത് കൊടുത്ത് സംഭാവന വാങ്ങിക്കാം. പറ്റുമെങ്കിൽ വലിയ സംഭാവനകൾക്ക് സംസ്ഥാന ഗവൺമെന്റിലേക്ക് നികുതി വരണം. ഇതാണ്. അതിനെ സംബന്ധിച്ച് പറയാനുള്ളത്. സ്വാശ്രയകോളേജുകളുടെ കാര്യത്തിൽ ഇത്രയും ക്ലിയറായ പ്രൊവിഷൻ വച്ച ബിൽ വേറെയില്ല. ഇതിനകത്ത് ചില കാര്യങ്ങളിൽ മാറ്റം വരണം. ഇത് നമുക്ക് എല്ലാപേർക്കും കൂടി

LIBRARY ARCHIVES Kerala Legislative Assembly

ആലോചിക്കാം. ബഹുമാനപ്പെട്ട മന്ത്രി കുഞ്ഞാലിക്കുട്ടി അവർകൾ ഈ ബിൽ പൈലറ്റ് ചെയ്തപ്പോൾ എടുത്ത നിലപാട് നിങ്ങൾ കണ്ടതല്ലേ? സബ്ജക്ട് കമ്മിറ്റി ഡീറ്റെൽഡ് ആയിട്ട് ഡിസ്കസ് ചെയ്യട്ടെ. ഒരു സംശയവും വേണ്ട, ചെറിയ ചെറിയ പ്രശ്നങ്ങൾ മാറ്റിയാൽ ഒന്നാംതരം ബിൽ. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക്, ലോകത്ത് ഇന്ന് നടന്നു കൊണ്ടിരിക്കുന്ന വിസ്ഫോടനകരമായ വിദ്യാഭ്യാസ മാറ്റങ്ങൾ ഉൾക്കൊണ്ടു കൊണ്ട് നമ്മുടെ വിദ്യാർത്ഥികളെ ഉയർന്ന നിലവാരത്തിലേയ്ക്ക് കൊണ്ടുവരാൻ പോകുന്ന ഒരു ബില്ലാണ് ഇത് എന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ഇതിനകത്ത് രാഷ്ട്രീയത്തിന്റെ അതിപ്രസരം ഒഴിവാക്കുന്നത് നല്ലതാണ്. ബഹുമാനപ്പെട്ട ടി. കെ. രവീന്ദ്രനെ യൂണിവേഴ്സിറ്റി വൈസ് ചാൻസലറാക്കി നിയമിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. ഇവർ അദ്ദേഹത്തോട് ചെയ്തത് എന്താണ്? ആ വൈസ് ചാൻസലറെ ഒരു ദിവസം അവിടെയിരിക്കാൻ അനുവദിച്ചോ? അവസാനം അദ്ദേഹത്തിന്റെ വീടിനുമുന്നിൽ ധർണ്ണ, ഘെരാവോ, അവസാനം കണ്ണീരോടുകൂടി ഒരു വൈസ് ചാൻസലർ ഇറങ്ങിപ്പോകേണ്ട ചിത്രം ഉണ്ടായിട്ടുണ്ടോ? വി. സി.-മാർ തങ്ങളുടെ താളത്തിനൊത്ത് തുള്ളണമെന്നാണ് ഇവർ പറയുന്നത്. ബഹുമാനപ്പെട്ട ഇ. എം. എസ്. പറഞ്ഞത് ഞാനും അംഗീകരിക്കുന്നു. വൈസ് ചാൻസലർമാരെ നിയമിക്കുമ്പോൾ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വീട്ടിൽ രാവിലെ പോയി ഹാജർ വെയ്ക്കുന്ന ആളെയാകരുത്. വിദ്യാഭ്യാസ വകുപ്പുമന്ത്രി വൈസ് ചാൻസലറുടെ വീട്ടിൽ പോകത്തക്ക രീതിയിൽ ഔന്നിത്യമുള്ള, വ്യക്തിത്വമുള്ള ആളുകളെ സർവ്വകലാശാല വൈസ് ചാൻസലറായി വയ്ക്കണം. അക്കാര്യത്തിൽ സംശയമില്ല അതുപോലെ ജനാധിപത്യ അവകാശങ്ങൾ കുറച്ചുകൂടി ഉണ്ടാകണം. കുറച്ചുകൂടി ഡെമോക്രാറ്റിക് ആകണം. എല്ലാം ജനാധിപത്യപരമായാൽ ശരിയാകുകയില്ല. എല്ലാം നോമിനേഷനും ആകാൻ പാടില്ല. രണ്ടിന്റേയും ഒരു മിക്സിംഗ് ഉണ്ടാകണം. ബാക്കി എല്ലാപേരുടേയും പ്രതിനിധികളാകാം. എം. എൽ. എ.-മാരുടെ പ്രതിനിധികളും എക്സിക്യൂട്ടീവ് കൗൺസിലിൽ ഉണ്ടാകണം. എന്റെ അഭിപ്രായത്തിൽ എക്സിക്യൂട്ടീവ് കൗൺസിൽ, ജനറൽ കൗൺസിൽ എന്നൊക്കെ പറയുമ്പോൾ കേട്ടാൽ ഒരു പരിവേഷം, സെനറ്റ്, സിൻഡിക്കേറ്റ് എന്നുള്ള പേര് മതി. പേര് മാറ്റുന്നതാണ് വലിയ പ്രശ്നം ഉണ്ടാക്കുന്നത്. ഇവർ ഉണ്ടാക്കുന്ന ചിത്രം അതാണ്. സെനറ്റ്, സിൻഡിക്കേറ്റ് എന്നു പറഞ്ഞാൽ ഒരു കുഴപ്പവുമില്ല. എക്സിക്യൂട്ടീവ് കൗൺസിൽ, ജനറൽ കൗൺസിൽ എന്നു പറയുന്നത് ശരിയല്ല. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ വലിയ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകാൻ പോകുന്ന ഈ ബില്ലിൽ ചെറിയ ചെറിയ മാറ്റങ്ങൾ വരുത്തി ജനാധിപത്യ അവകാശങ്ങളുടെ കാര്യത്തിലും വിദ്യാർത്ഥി പ്രാതിനിധ്യത്തിന്റെ കാര്യത്തിലും ഉറപ്പു വരുത്തിയാൽ ഇത് ഒന്നാംതരം ബില്ലാകും. അതുകൊണ്ട് ഈ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, കേരളത്തിലെ സർവ്വകലാശാലകൾ ഇഞ്ചിഞ്ചായി അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് പത്തുപതിനഞ്ചു കൊല്ലങ്ങൾക്കു മുമ്പ് ഭാരതത്തിലെ ഏറ്റവും തലയെടുപ്പുള്ള ഒരു സർവ്വകലാശാലയായിരുന്നു കേരള സർവ്വകലാശാല. എന്നാൽ പിന്നീട് ആകെ അധഃപതന രീതിയിലേക്കു വന്നു. കാലിക്കട്ട് സർവ്വകലാശാല ആദ്യത്തെ പത്തുകൊല്ലം വളരെയധികം ഭംഗിയായ രീതിയിൽ പ്രവർത്തിച്ചതിനുശേഷം അവിടെയും ആഭ്യന്തരബുദ്ധിമുട്ടുകളുണ്ടായി. ഈ

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിലാണ് ഒരു ഏകീകൃത സർവ്വകലാശാലാ നിയമം കൊണ്ടു വരുന്നത്. ഇതിന് പലപ്പോഴും പല റിപ്പോർട്ടുകളിലൂടെ പല നിർദ്ദേശങ്ങളും ഉണ്ടായിട്ടുണ്ട്. ഇത് ഏകീകൃത സർവ്വകലാശാലാ നിയമം. വേറെയൊന്ന് പ്രീഡിഗ്രി മാറ്റുക എന്നുള്ളത്. അത് മാറ്റിക്കഴിഞ്ഞു. അധ്യാപകരുടെ കഴിവിനെ അസസ്സ് ചെയ്തുകൊണ്ട് പ്രൊമോഷൻ കൊടുക്കാനുള്ള പ്രൊവിഷൻ, കോഴ വാങ്ങിക്കുന്നത് ക്രിമിനൽ കുറ്റങ്ങൾ, സർവ്വകലാശാലകളേയും കോളേജുകളേയും വ്യവസായ സ്ഥാപനങ്ങളു മായി ബന്ധപ്പെടുത്തി സമൂഹത്തിന്റെ വികസനം നടപ്പിലാക്കുക ഇതൊക്കെയാണ് നിർദ്ദേശങ്ങൾ. നിലവിലുള്ള യൂണിവേഴ്സിറ്റി ആക്ട് എടുത്തു നോക്കിയാൽ കേവലം ഡിഗ്രി പ്രധാനം ചെയ്യുന്നതിനും പരീക്ഷകൾ നടത്തുന്നതിനും അഫിലിയേഷൻ കൊടുക്കുന്നതിനും അഫിലിയേഷൻ റദ്ദാക്കുന്നതിനുമുള്ള കാര്യങ്ങളിലേക്ക് മാത്രം ഒതുങ്ങി നിൽക്കുകയായിരുന്നു. ഈ രണ്ട് ആക്ടുകൾ മാത്രം പരിശോധിച്ചാൽ മതി ഈ നിയമത്തിൽ എത്രമാത്രം പുരോഗമനം ഉണ്ടായിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇന്നലെ ചർച്ച തുടങ്ങിയപ്പോൾ ഒരു പ്രാദേശിക തലത്തിലേയ്ക്ക് നിയമം ഉണ്ടാക്കുന്ന രീതിയെ സംബന്ധിച്ച് ചില നിർദ്ദേ ശങ്ങൾ വയ്ക്കുകയുണ്ടായി. ഇൻഡ്യൻ ഭരണഘടനയിൽപോലും ഒരു പ്രദേശത്തേയ്ക്ക് പ്രത്യേക നിയമം ഉണ്ടാക്കുവാൻ പാർലമെന്റിനും നിയമസഭകൾക്കും അധികാരം കൊടുക്കുന്നുണ്ട്. എന്നു മാത്രമല്ല, അഞ്ചാം വകുപ്പിൽ ഒരു മതേതര സ്വഭാവം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ബാലൻ: മതേതരസ്വഭാവമുണ്ടെന്നാണ് ബഹുമാനപ്പെട്ട വക്കീൽ ഇപ്പോൾ പറഞ്ഞത്. 6(ജി)-യിൽ പറയുന്നത്, തദ്ദേശയവും പ്രാദേശികവുമായ വിക സനപ്രശ്നങ്ങളുമായി സർവ്വകലാശാലകളെ ബന്ധപ്പെടുത്തിക്കൊണ്ട് സമുദായത്തിന്റേയും സമൂഹത്തിന്റേയും വികസനത്തിൽ..... സമൂഹത്തിന്റെ എന്നു പറയുകയാണെങ്കിൽ പിന്നെ എന്തിനാണ് സമുദായം പറയുന്നത്. വളരെ ക്ലിയറായി ജാതിക്കും മതത്തിനും പകുത്ത് കൊടുക്കാൻ വേണ്ടി തന്നെയാണ്.

ശ്രീ. എ. എൻ. രാജൻ ബാബു: അവിടെ സമുദായം എന്ന് ഉദ്ദേശിച്ചിരിക്കുന്നത് സമൂഹം എന്ന അർത്ഥത്തിൽ തന്നെയാണ്. മുൻകാലങ്ങളിൽ ഒരു സമുദായത്തിന്റെ അടിസ്ഥാനത്തിൽ യാതനകൾ അനുഭവിച്ചിട്ടുണ്ടെങ്കിൽ ആ യാതനകളിൽ നിന്ന് അവരെ രക്ഷിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക യൂണിറ്റായി കണക്കാക്കാവുന്നതാ ണെന്ന് മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നു. ഒരുപക്ഷേ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിൽപോലും അത് അംഗീകരിച്ചിട്ടുള്ളതാണ്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നതിന് മുമ്പ് സ്വാമി വിവേകാനന്ദൻ പറയുകയുണ്ടായി. ഒരു സമുദായത്തിന്റെ പേരിൽ, ജാതിയുടെ അടിസ്ഥാനത്തിൽ അവശത അനുഭവിച്ചിട്ടുണ്ടെങ്കിൽ ആ അവ ശത പരിഹരിക്കുന്നത് ജാതിയുടെ അടിസ്ഥാനത്തിൽ തന്നെയാകാം. അത് സാമൂഹിക നീതിയുടെ ദർശനമാണ്.

ശ്രീ. ബിനോയ് വിശ്വം: ബഹുമാനപ്പെട്ട അംഗം പറയുന്നത് പൂർണ്ണമായും തമാശയാണ്. മണ്ഡൽകമ്മീഷൻ റിപ്പോർട്ടും ഇതും തമ്മിൽ താരതമ്യമില്ല. ആ റിപ്പോർട്ട് സംവരണത്തിന്റെ കാര്യമാണ്. അത് സമുദായമാകാം, ജാതിയാകാം, ശരി തന്നെ. പക്ഷെ കോളേജ് കൊടുക്കുമ്പോൾ, സ്കൂൾ കൊടുക്കുമ്പോൾ അവിടെയെല്ലാം സമുദായം വേണം, ജാതി വേണം എന്ന് സ്ഥാപിക്കാൻ വേണ്ടി ദയവായി ഇത്തരത്തിൽ താരതമ്യപ്പെടുത്തരുത്.

മി. സ്പീക്കർ: സ്കൂളിൽ റിസർവേഷൻ വേണമെന്ന് പറഞ്ഞാൽ എന്താണ്?

ശ്രീ. എ. എൻ. രാജൻ ബാബു: രാജ്യത്തെ ഭൂരിപക്ഷം വരുന്ന പിന്നോക്ക-പട്ടിക ജാതി-പട്ടികവർഗ്ഗ സമുദായങ്ങളെ മുഖ്യധാരയിൽ നിന്ന് നൂറ്റാണ്ടുകളായി മാറ്റിനിർത്തിയതിന്റെ അടിസ്ഥാനത്തിൽ അവശത അനുഭവിച്ചിട്ടുണ്ടെങ്കിൽ അവർക്കുവേണ്ടി ഈ രാജ്യത്തിന്റെ മുഖ്യധാരയിലേക്ക്, അധികാരത്തിന്റെ പങ്കാളിത്തത്തിലേയ്ക്ക് കൊണ്ടു വരുന്നത് ജാതി പറച്ചിലല്ല, അത് ദേശീയതയാണ്, ജനാധിപത്യമാണ്. ഭൂരിപക്ഷത്തിന്റെ ആധിപത്യമാണ് യഥാർത്ഥത്തിൽ ജനാധിപത്യം. അത് സാമൂഹിക നീതിയുടെ ദർശനമാണ്. ഇൻഡ്യൻ ഭരണഘടനയിൽപ്പോലും മറ്റേതിനെക്കാളും ആദ്യം പറയുന്നത് സാമൂഹ്യ നീതിയാണ്. ആ സാമൂഹ്യ നീതിയുടെ ലക്ഷ്യം നേടുന്നതിന് വേണ്ടി പ്രത്യേക നിയമം കൊണ്ടുവരികയെന്നു പറഞ്ഞാൽ അത് മതേതരമില്ലായ്മയല്ല. അതു മാത്രമല്ല, പലരും പറയുന്നത് അഞ്ചാം ക്ലാസ്സിൽ തന്നെ സംവരണം ഇല്ല എന്നാണ്. യഥാർത്ഥത്തിൽ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ അഡ്മിഷന് സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം കൊടുക്കുന്നതിനുള്ള പ്രൊവിഷൻ അഞ്ചാം വകുപ്പിൽ തന്നെയുണ്ട്. അധ്യാപകേതര ജീവനക്കാരുടെ നിയമനത്തിന് കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളുടെ II-ാം ഭാഗത്തിലെ 14 മുതൽ 17 വരെയുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ ബാധകമാണെന്ന് അഞ്ചാം വകുപ്പിൽ പറയുന്നുണ്ട്. അധ്യാപകേതര ജീവനക്കാരോടൊപ്പം അധ്യാപകർക്കുകൂടി ഈ പ്രയോജനം ലഭിക്കത്തക്ക രീതിയിൽ 5-ാം വകുപ്പ് റീകാസ്റ്റ് ചെയ്യണമെന്നുള്ളതാണ് അതിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....നാളെ ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയുന്നതിന് ഒരു മണിക്കൂർ സമയമുണ്ട്. അതിൽ നിന്നും 5 മിനിട്ട് ബഹുമാനപ്പെട്ട രാജൻ ബാബുവിന് തരാം. അങ്ങേയ്ക്ക് നാളെ പ്രസംഗം തുടരാവുന്നതാണ്.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003 ആഗസ്റ്റ് മാസം 6-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.30-ന് യോഗം പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly